**KOTTAYAM PUBLIC LIBRARY**

Call No. M07 Acc. No. 2588

Author: ഗോവിന്ദൻ നമ്പ്യാർ

Title: [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1438

No: 2888

# മകരന്ദമഞ്ജരി

M07

ശങ്കരൻ നമ്പ്യാർ

P.K. MEMORIAL PRE
&
BOOK DEPOT
VAZHUTHACAUD, TRIV

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

പി. ശങ്കരൻനമ്പ്യാർ

എം. ഏ. (ആണേഴ്സ്)

M07

1st EDITION
500 Copies

*Printed at*
**P. K. MEMORIAL PRESS**
TRIVANDRUM.

1125 വൃശ്ചികം

വില 1 രൂ. 4 ണ.

# അവതാരിക

ആവശ്യത്തിനും അലങ്കാരത്തിനും വേണ്ടി ആമുഖം എഴുതിച്ചേർക്കുന്ന പതിവ് ഇന്ന് ഗ്രന്ഥലോകത്തിൽ സർവ്വസാമാന്യമായിത്തീർന്നിട്ടുണ്ട്. പ്രാചീനകാവ്യങ്ങളിൽ പലതും ഉദാസീനന്മാർക്ക ദുർജ്ഞേയങ്ങളായിത്തീർന്നിട്ടുള്ളതുകൊണ്ട് അവയെ മുദ്രണം ചെയ്യുമ്പോൾ അവയിൽ ചേർക്കുന്ന ആമുഖം ഒരു ആവശ്യത്തെ നിറവേററുക മാത്രമാണ് ചെയ്യുന്നതു്. ആധുനികഗ്രന്ഥങ്ങളിൽ കാണുന്ന അവതാരികകളാകട്ടെ, പ്രായേണ സാഹിത്യലോകത്തിൽ ലബ്ധപ്രതിഷ്ഠന്മാരായ പ്രാമാണികന്മാർ തൽപ്രസ്ഥാനയായികളെ തൊട്ടുതലോടി അനുഗ്രഹിച്ചയക്കുന്നവകളാകയാൽ അലങ്കാര സ്ഥാനത്തിനാണ് അവ അർഹങ്ങളായിത്തീരുന്നതു്.

പ്രസ്തുത ഗ്രന്ഥത്തിനു് ഇതു രണ്ടും ആവശ്യമില്ല. അസ്മാദൃശന്മാരായ രിക്തഹസ്തന്മാർ അതിന്നധികാരികളുമല്ല. മധുപാനാർത്ഥിയോടുക്രൂടി മകരന്ദമഞ്ജരിയെ പ്രാപിക്കാൻ ഉദ്ദേശിക്കുന്ന മധുപങ്ങൾക്കു് മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിനുള്ള ഒരു ഉദ്യമം മാത്രമാണിതു്.

വിജ്ഞാനനിധിയായ ഒരു ഗുരുപുംഗവൻ വിഷയഗ്രഹണത്തിൽ വിദ്യാർത്ഥികൾക്കുള്ള പ്രാപ്തി എത്രമാത്രമുണ്ടെന്നു മനസ്സിലാക്കി, തദനുസരണം അദ്ധ്യയനം ആരംഭിക്കുന്നതുപോലെ സാമാന്യലോകത്തെ മാനദണ്ഡമാക്കി വച്ചുകൊണ്ടുള്ള ഒരു പ്രതിപാദനരീതിയാണ് പ്രസ്തുത ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ളതു്. തന്റെ അഗാധമായ പാണ്ഡിത്യം കൊണ്ടു് വായനക്കാരെ വിഷമിപ്പിക്കുകയോ അവരുടെ ആസ്വാദനതൃഷ്ണക്കു് ശമനം നൾകാതിരിക്കുകയോ ഈ ഗ്രന്ഥകാരൻ ചെയ്തിട്ടില്ല. പ്രതിപാദ്യവിഷയത്തിന്റെ നെല്ലിപ്പടികാണണമെന്നുള്ള നിർബന്ധം അദ്ദേഹത്തിനില്ല. എന്നാൽ അഗാധതയിൽ ആഴണമെന്നു് ആഗ്രഹിക്കുന്നവർക്കു് മാർഗ്ഗനിർദ്ദേശം ചെയ്യാതേയുമിരുന്നിട്ടില്ല. കേരള ക്ഷേത്രകലകളിൽ അതിപ്രധാനങ്ങളും, സാമാന്യജനങ്ങളുടെ ദൃഷ്ടിക്കു് വേഗത്തിൽ എത്താവുന്നവയുമായ കൂത്തു്, പാഠകം, തുള്ളൽ ഇവയെപ്പററി നാതിസംക്ഷേപവിസ്തരമായി പ്രസ്താവിക്കുകയും, വിഗ്രഹാലങ്കരണ പ്രകരണങ്ങൾ, അച്ചനാ പരിപാടി, ഘോഷയാത്രാസമ്പ്രദായം, പഞ്ചവാദ്യാദി വാദ്യവിശേഷങ്ങൾ എന്നിവയെ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നതു നോക്കുക.

സാഹിത്യദേവതയെ നവകാഭിഷേകം ചെയ്യുന്ന ഈ ഉപന്യാസ നവകത്തിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'വിമർശനം.' വിമർശകന്മാരായിത്തീരണമെന്നാഗ്രഹിക്കുന്നവർ മാത്രമല്ല, സാഹിത്യഗ്രന്ഥങ്ങൾ വായിക്കുകയും, പഠിക്കുകയും ചെയ്യണമെന്നു് വിചാരിക്കുന്നവർ പോലും ഈ ഉപന്യാസം ഹൃദിസ്ഥമാക്കിയിരിക്കേണ്ടതാണു്. വിമർശനകലയുടെ മാഹാത്മ്യം വിമർശനത്തിന്റെ സ്വഭാവം വിമർശകൻ സമ്പാദിക്കേണ്ടും യോഗ്യതകൾ, എന്നിവയെ അത്യന്തം അടക്കിയും ഒതുക്കിയും എന്നാൽ സ്പഷ്ടതയ്ക്കു് അല്പവും ശൈഥില്യം നേരിടാതെയും പ്രസ്താവിച്ചതിനുശേഷം, വിമർശകദോഷങ്ങൾ വിവരിക്കുന്ന ദിക്കിൽ ഇന്നത്തെ ഓരോ വിമർശകനേയുംതന്നെ സ്പർശിക്കുന്നു എന്നു് തോന്നത്തക്ക വിധത്തിൽ അവയെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതു് അനന്യലഭ്യമായ ഒരു കല തന്നെയാണു്. ഒരു ചുരുങ്ങിയ പരിധിക്കുള്ളിൽ നിന്നുകൊണ്ടു് വിപുലമായ ഒരു വിഷയത്തെ അതിന്റെ പരിപൂർണ്ണതയിൽ പ്രദർശിപ്പിക്കുക എന്ന പ്രയാസമേറിയ കൃത്യം ഈ സമഗ്രത സമ്പാദിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, H. G. Wells മുതലായവർ സ്വാഭിപ്രായ പ്രചരണത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ള പ്രമേയകഥകളിലേക്കും മററുമുള്ള ആ പ്രസ്ഥാനത്തിന്റെ ഗതിവിശേഷം വായനക്കാൎക്കു് എളുപ്പത്തിൽ ഊഹിക്കാമെന്നുള്ള നിലവരെ വായനക്കാരെ എത്തിക്കുക മാത്രമാണു് അതിൽ ചെയ്തിട്ടുള്ളതു്. ചൈനയിലെ സ്ത്രീകളെപ്പററി വായിക്കുമ്പോൾ അവൎക്കു് ഇൻഡ്യൻ സ്ത്രീകളുമായുള്ള താരതമ്യത്തെപ്പററിയും പഠിതാവു് ചിന്തിച്ചുകൊള്ളണമെന്നു് ഗ്രന്ഥകർത്താവു് വിചാരിച്ചിട്ടുള്ളതു പോലെ തോന്നുന്നു. "കന്യക പിതാവിനേയും, ഭാൎയ്യ ഭർത്താവിനേയും, വിധവ പുത്രനേയും കീഴ്‌വണങ്ങണം" എന്ന അംഗനാനീതി വായിക്കുന്നവർ മനുസ്മൃതിയിലെ

'പിതാ രക്ഷതി കൌമാരേ
ഭർത്താ രക്ഷതി യൌവ്വനേ
പുത്രാ രക്ഷതി വാൎദ്ധകേ
നസ്ത്രീ സ്വാതന്ത്ര്യമർഹതി.' എന്ന വാക്യം ഓൎക്കാതിരിക്കുകയില്ല. ഈ അംഗനാനീതി ഉപന്യാസത്തിൽ ആദ്യം തന്നെ ചേൎത്തിരിക്കുന്നതു് ഈ ഉദ്ദേശത്തോടുകൂടിയോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

സുപ്രസിദ്ധമായ ഒരു വിഷയം പ്രതിപാദനരീതികൊണ്ടു് എത്ര മാത്രം ആസ്വാദ്യമാക്കിത്തീൎക്കാമെന്നു് 'കലയും കമലയും' ചന്ന ഉപന്യാസം കാണിച്ചു തരുന്നു. T. L. Peacock-ന്റെ അഭിപ്രായങ്ങളെ

ക്രോഡീകരിച്ചെഴുതിയിട്ടുള്ള ഒരു ഉപന്യാസമാണ് 'കവിതാചരിത്രത്തിലെ നാലു യുഗങ്ങൾ.' ഈ ലേഖനത്തിന്റെ ഒടുവിൽ ഗ്രന്ഥകർത്താവു് തദ്വിഷയപരമായി സ്വന്തമായ ഒരു അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടു്.

“പ്രകൃതിയുടെ സ്തോഭജനകങ്ങളായ ഭാവഭേദങ്ങളെ അഭിമുഖീകരിച്ചു് പ്രാകൃതമനുഷ്യനിൽ സ്വയം തിരതള്ളി ഉയർന്നു വന്ന വികാരങ്ങൾ കവിതാരൂപത്തിൽ സ്വാഭാവികമായി ബഹിർഗ്ഗളിച്ചതാണ് പ്രഥമകവിത എന്ന ആ സിദ്ധാന്തമെവിടെ? കേവലം പ്രതിഫലേച്ഛയോടുകൂടി സ്വാർത്ഥപ്രേരിതരായ മദിരാമത്തന്മാർ തങ്ങളുടെ പോഷകന്മാരെ പുകഴ്ത്തിപ്പാടിയതാണ് ആദ്യകവിത എന്ന ഈ അഭിപ്രായമെവിടെ? കവിതക്കു് ഭാവി ഇല്ലാതാകണമെങ്കിൽ മനുഷ്യർ ആകപ്പാടെ വികാരരഹിതരായി പരിണമിക്കുക തന്നെ വേണ്ടേ? അങ്ങനെ ഒരു നില ലോകത്തിൽ എന്നെങ്കിലും വരുമെന്നു വിചാരിക്കുവാൻ എന്തു് ന്യായമാണുള്ളതു്? ഈവക പ്രശ്നങ്ങളിലേക്കു് ചിന്തയെ വീണ്ടും തിരിച്ചുവിടുവാൻ പ്രസ്തുതലേഖനം ഒരുപക്ഷെ പ്രയോജനപ്പെട്ടേക്കാം. കവിതക്കു് മനുഷ്യജീവിതവുമായുള്ള ബന്ധത്തെപ്പറ്റി ഈദൃശപൂർവ്വപക്ഷസമാധാനങ്ങൾ ഇടക്കു് ആവശ്യം തന്നെയാണു്.” സാഹിത്യവിഷയത്തിൽ കക്ഷിതിരിഞ്ഞു് 'ഞാൻ പിടിച്ച മുയലിനു് നാലുകൊമ്പു്' എന്നു പറഞ്ഞു മത്സരിക്കുന്നവർ ശ്രദ്ധേയമായ ഈ അഭിപ്രായം മനസ്സിരുത്തി വായിക്കുന്നതു നന്നു്.

പ്രസ്തുത ഗ്രന്ഥത്തിലെ ഗദ്യരീതിയെക്കുറിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. മഞ്ജരിക്കുള്ളിൽ മകരന്ദമുണ്ടായാൽ പോരാ മക്ഷികകളെ ആകർഷിക്കുന്നതിനുള്ള നിറപ്പകിട്ടുകൂടി അവക്കുണ്ടായിരിക്കണം. ഒരു കലാകാരന്റെ കരകൌശലം വസ്തുവിഷയങ്ങളെ അതിക്രമിച്ചിരിക്കണം (The Art should exceed the materials) എന്ന തത്വം സാഹിത്യത്തിൽ രീതികൊണ്ടാണു് കവി വിശദമാക്കേണ്ടതു്. അന്യൂനാനതിരിക്തമായി വിലസുന്ന ശബ്ദാർത്ഥസംഘടന കൊണ്ടു് സമ്പാദിച്ചിട്ടുള്ള സൌന്ദര്യ്യസമ്പത്തു് സന്ദർഭാനുസരണം വിതരണം ചെയ്തിട്ടുള്ള വാക്യങ്ങളാണു് ഈ ഗ്രന്ഥത്തിൽ ആപാദചൂഡം കാണുന്നതു്. ഗ്രന്ഥാരംഭത്തിൽ പ്രഥമഖണ്ഡികയിൽത്തന്നെ കാണുന്ന “കേരളീയ ജനങ്ങളെ മററു ജനവിഭാഗങ്ങളിൽ നിന്നും വ്യാവർത്തിപ്പിക്കുന്ന വൃത്തി, വെടുപ്പു് അടക്കം, ഒതുക്കം, അഭ്യന്തരമായ ഗഹനഭാവത്തെ ആവരണം ചെയ്യുന്ന ബാഹ്യമായ മൃദുലഭാവം, എന്നീ ഗുണങ്ങൾ കേരളീയ കലകൾക്കും ഒരു വിശിഷ്ട വ്യക്തത്വം നൽകുന്നുണ്ടെന്നു് സാമാന്യേന പറയാം,” എന്നു

വാക്യം പ്രസ്തുത ഗ്രന്ഥത്തിലെ ഗദ്യരീതിയെ സവിശേഷം സംബന്ധിക്കുന്ന
താണെന്നു നിസ്സംശയം പറയാം. വളരെക്കാലത്തെ പഴം പരിചയം
കൊണ്ടു സമ്പാദിക്കേണ്ട ഈ വിശിഷ്ടഗുണങ്ങളിൽ വായനക്കാരുടെ ദൃ
ഷ്ടി പ്രത്യേകം പതിയേണ്ടതാണു്.

ഉപന്യാസങ്ങൾ ഒരുതരം ആത്മസല്ലാപങ്ങളാണെന്നു് ഒരു പണ്ഡി
തൻ പറഞ്ഞിട്ടുണ്ടു്. പൌരസ്ത്യപാശ്ചാത്യ സാഹിത്യങ്ങളുടെ വിവിധ
സ്ഥാനങ്ങളിൽ അനന്യസാധാരണമായ പാണ്ഡിത്യം സമ്പാദിക്കുകയും
തദനുസരണം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഒരു വിശിഷ്ടവ്യക്തിയുടെ
ആത്മസല്ലാപത്തിൽ ഉണ്ടായേക്കാവുന്ന ഗുണഭൂയിഷ്ഠതയെപ്പററി പ്രത്യേ
കം പ്രസ്താവിക്കേണ്ടതില്ല. കേരള സാഹിത്യനഭോമണ്ഡലം ദീപ്രമാക്കി
തീർക്കുന്ന ഉത്തമജ്യോതിസ്സുകളിൽ ഒന്നായ പ്രിൻസിപ്പാൾ, കവിതില
കൻ. പി. ശങ്കരൻ നമ്പ്യാർ അവർകൾ എം. ഏ. ഓണേഴ്സിൻെറ
ഏതാനും ലേഖനങ്ങളടങ്ങിയ ഈ മകരന്ദമഞ്ജരിയിലേക്കു് സഹൃദയ
മധുകരങ്ങളെ ക്ഷണിക്കുന്നതിനുള്ള അസുലഭാവസരലാഭത്താൽ ഞാൻ
അനുഗൃഹീതനാണു്.

തൃശ്ശിവപേരൂർ }
1-11-'49 }

ഡി. പത്മനാഭനുണ്ണി.

## ഉള്ളടക്കം


1. കേരള ക്ഷേത്രകലകൾ
2. വിമർശനം
3. ആഖ്യായികയുടെ വളർച്ച
4. ചൈനയിലെ സ്ത്രീകൾ
5. കലയും കമലയും
6. ജീവചരിത്രകല
7. പരിഷ്കാരവും സംസ്കാരവും
8. കവിതാചരിത്രത്തിലെ നാലുയുഗങ്ങൾ
9. പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസാദർശങ്ങൾ

# 1. കേരളക്ഷേത്രകലകൾ.

കല എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു് ആലയനിർമ്മാണം, പ്രതിമാകരണം, ചിത്രലേഖനം, സംഗീതം, കവിത എന്നിവയെ മാത്രമല്ലാ, സൗന്ദര്യാവബോധപ്രകാശകമായ ഏതു സുകുമാര വൃത്തിയേയുമാണ്' എന്നു വരികിൽ, കേരളീയ ക്ഷേത്രങ്ങളിൽ കലകൾക്ക്' എണ്ണത്തിലും വണ്ണത്തിലും സിദ്ധിച്ചിട്ടുള്ള പുഷ്ടി തീർച്ചയായും അഭിമാനിക്കത്തക്കതുതന്നേയാകുന്നു. വിഗ്രഹാലംകരണപ്രകാരങ്ങൾ, അർച്ചനാപരിപാടി, ഘോഷയാത്രാസമ്പ്രദായം, പഞ്ചവാദ്യാദിവാദ്യവിശേഷങ്ങൾ എന്നു തുടങ്ങിയുള്ള ഓരോ അംശത്തിലും സുന്ദരകലകളുടെ സ്ഫുരണം ഏറെക്കുറേ കാണുവാൻ കഴിയും. ഇക്കൂട്ടത്തിൽ കലകളുടെ മണ്ഡലപരിധികൾക്കുള്ളിൽപ്പെട്ടുന്നവയും അവയുടെ പരിവേഷത്തിൽ മാത്രം പെട്ടു പരിലസിക്കുന്നവയുമായ അസംഖ്യം ഇനങ്ങളുണ്ടു്. അവയ്ക്കെല്ലാററിനും ഒരു പ്രത്യേകതയുമുണ്ടു്. കേരളീയജനങ്ങളേ മററു ജനവിഭാഗങ്ങളിൽനിന്നു വ്യാവർത്തിപ്പിക്കുന്ന വൃത്തി, വെടുപ്പു്, അടക്കം, ഒതുക്കം, ആഭ്യന്തരമായ ഗഹനഭാവത്തെ ആവരണംചെയ്യുന്ന ബാഹ്യമായ മൃദുലഭാവം എന്നീ ഗുണങ്ങൾ കേരളീയ കലകൾക്കും ഒരു വിശിഷ്ടവ്യക്തിത്വം നൽകുന്നുണ്ടെന്നു സാമാന്യേന പറയാം.

മററു പ്രദേശങ്ങളിലെന്നപോലെതന്നേ കേരളത്തിലും ലളിതകലകളുടെ വിളഭൂമികൾ ദേവാലയങ്ങ

ളാകുന്നു. ദേവാച്ച്നയോടു ഏതെങ്കിലും പ്രകാരത്തിൽ ബന്ധം വഹിച്ചുകൊണ്ടു ദേവാലയത്തിനുള്ളിൽ ആവിർഭവിച്ച കലകൾ, കാലക്രമേണ പുറത്തേയ്ക്കുകടന്നു, പൊതുജനങ്ങളുടെ കൈവശസ്വത്തായി പരിണമിക്കുകയാണു് സാധാരണ ചെയ്യുകാണുന്നതു്. എന്നാൽ കേരളത്തിൽ മാത്രം ചില കലകൾ ക്ഷേത്രത്തിൻെറ മതിൽക്കെട്ടിനകത്തുനിന്നു് ഇതുവരെ പുറത്തേയ്ക്കു വരാതേ അനേക ശതവർഷങ്ങൾക്കു മുമ്പിരുന്നതുപോലേ തന്നേ ഇന്നും വത്തിച്ചുവരുന്നതായി കാണ്മാനുണ്ടു്. അവയിൽ വെച്ചു സവ്വഥാ പ്രാഥമ്യവും പ്രാധാന്യവും വഹിക്കുന്നതത്രേ "ചാക്യാർക്കൂത്തു്."

"കൂത്തു്" എന്ന പദത്തിൻെറ മൂലാത്ഥം നൃത്തമെന്നാകുന്നു വെച്ചിരിക്കുന്നതു്. അതെങ്ങനെയായാലും ഭാരതീയനാട്യശാസ്ത്രത്തിൻെറ പരമവും പരിശുദ്ധവുമായ പ്രകടനം കാണേണമെങ്കിൽ ഇന്നും ചാക്യാരുടെ അഭിനയരീതിയെത്തന്നെ ശരണീകരിക്കേണമെന്നാണു് അഭിജ്ഞമതം. എന്നാൽ അതു വെറും നടനവും അഭിനയവും മാത്രമൊട്ടല്ലതാനും. പുരാണേതിഹാസങ്ങളിലടങ്ങിയ കഥകളേയും ഉപകഥകളേയും സപ്രപഞ്ചം വ്യാഖ്യാനിച്ചുദാകരിച്ചുവിശദീകരിക്കുന്ന ചാക്യാർ സാക്ഷാൽ സൂതമുനിയുടേ പ്രതിപുരുഷനായിട്ടാണു പ്രശോഭിക്കുന്നതു്. കാവ്യശാസ്ത്രാദികളിലേ വിഷമഭാഗങ്ങൾ വിവരിച്ചു വെളിവാക്കുന്ന കാര്യത്തിൽ ചാക്യാർ സ്വീകരിച്ചിട്ടുള്ള രീതി ഇന്നും ഒരു മാതൃകതന്നെയാണെന്നു പറയാതെ നിവൃത്തിയില്ല. പഴയ സംഭവങ്ങളേയും സംഗതികളേയും പുതിയ ചുററുപാടുകളോടു കൂട്ടിയി

ണക്കി പൊതുജനങ്ങൾക്കു തികച്ചും അനുഭവം വരത്തക്ക വിധത്തിൽ തന്മയത്വത്തോടും ചമൽക്കാരത്തോടും കൂടി വിശദമാക്കുന്ന ചാക്യാർക്കൂത്തിന്റെ പൊതുജന വിദ്യാഭ്യാസപരമായ പ്രസക്തി അനിഷേധ്യമാകുന്നു. ധർമ്മോപദേശമാകുന്ന "സഞ്ജീവനി" ഗുളികയേ ഫലിതപ്രയോഗമാകുന്ന പഞ്ചസാരയിൽ കട്ടിയായി പൊതിഞ്ഞു കൊണ്ടാണു ചാക്യാർ കൂത്തിൽ സാംസാരിക രോഗികൾക്കു പ്രദാനം ചെയ്യുന്നതു്. ഫലിതത്തിന്റെ പരമകാഷ്ഠയും ചാക്യാർ കൂത്തിൽ പ്രത്യക്ഷമാകുന്നു. ഫലിതം ചിലപ്പോളൊക്കെ അതിരുകവിഞ്ഞു് അശ്ലീലത്തിൽ ചെന്നു ചാടുന്നുണ്ടെങ്കിൽ അതിനു കാരണം പണ്ടത്തേ സാമുദായികസങ്കേതം അതിനു യോജിച്ചതായിരുന്നു എന്നുള്ളതാണു്. മാമൂലനുസരിച്ചു പഠിച്ചുവെച്ചിട്ടുള്ളതാണു മിക്ക ഫലിതവുമെന്നു വരികിലും മനോധർമ്മമുള്ള ചാക്യാർ സന്ദർഭാനുസാരേണ പുതിയ ഫലിതങ്ങൾ പലപ്പോഴും പൊട്ടിക്കാറുണ്ടെന്നു കണ്ടും കൊണ്ടും അറിഞ്ഞിട്ടുള്ളവർ ധാരാളമുണ്ടു്. ഫലിതമാകുന്ന കോട്ടമതിലിന്റെ പിറകിലിരുന്നുകൊണ്ടു ഏതു ജാതിയുടെയും വ്യക്തിയുടെയും നേക്കു് ആക്ഷേപ വെടികൾ പൊട്ടിച്ചുവിടുന്നതിനു സ്വാതന്ത്ര്യമുള്ള ചാക്യാർ ഒരൊന്നാംതരം വിമർശകനുമാകുന്നു. സമുദായങ്ങളുടേയും വ്യക്തികളുടേയും ദോഷാംശങ്ങളെ ഈ രീതിയിൽ വിളിച്ചു പറയുന്നതിനെതിരായി ആക്ഷേപമൊന്നും ഉരിയാടാവുന്നതല്ല. രാജാക്കന്മാരും പ്രഭുക്കന്മാരും നാട്ടിലേ നാനാസ്ഥാപനങ്ങളുടെ നടത്തിപ്പുകാരും മററുമെല്ലാം ചാക്യാരുടെ വിമർശനത്തിനു വിധേയരാകുന്നതുകൊണ്ടു് ഇന്നത്തെ

പത്രധമ്മംകൂടി കൃത്തിൽ നിവ്വഹിക്കപ്പെട്ടുന്നു എന്നു പറയാം. അന്നന്നത്തെ പരിതഃസ്ഥിതിഗതികളെക്കുറിച്ചു സന്ദർഭോചിതമായി ഗുണദോഷനിരൂപണംചെയ്തു കാണിക്കുക എന്നതു ചാക്യാരുടെ കൃത്യപരിപാടിയിൽ ഉൾപ്പെട്ടുന്നുണ്ടെങ്കിലും അതെല്ലാം ഫലിതമയമായും, സന്ദർഭത്തിനു സ്വഭാവേന യോജിച്ചുമിരിക്കേണ്ടതു അത്യാവശ്യമാകുന്നു. ഇക്കാര്യത്തിലാണു് ചാക്യാരുടെ വ്യക്തിപരമായ യോഗ്യത മുഴുവൻ തെളിഞ്ഞു കാണുക. ഏററവും പഴയ ആശയങ്ങളെ ഏററവും പുതിയ രീതിയ്ക്കനുസരിച്ചും, ഏററവും പുതിയ ആശയങ്ങളെ ഏററവും പഴയ ഭാഷാശൈലികളുപയോഗിച്ചും പ്രകാശിപ്പിക്കുന്നതിൽ വിദഗ്ദ്ധന്മാരാണു ചാക്യാന്മാർ. തമിഴിലെയും മററും "ഹരികഥാകാലക്ഷേപ"ങ്ങളിൽ കേൾക്കാറുള്ളതുപോലെ വിലക്ഷണ ഭാഷാപ്രയോഗങ്ങൾ ചാക്യാരുടെ മുഖത്തുനിന്നു് ഒരിക്കലും പുറപ്പെടാവുന്നതല്ല. "മോട്ടോർകാർ," "ഏറോപ്ലേയിൻ," "സ്വരാജ്യം," "നിസ്സഹകരണം" മുതലായവയുടെ അത്ഥങ്ങൾ വരുത്തുവാൻ വിരോധമില്ലെങ്കിലും ഭാഷാശൈലികൾ പണ്ടുണ്ടായിരുന്നവ മാത്രമേ ഉപയോഗിക്കാവൂ എന്നൊരു നിർബ്ബന്ധം ചാക്യാക്കുണ്ടു്. ചാക്യാരുടേ ഭാഷയിൽ ഇന്നും കമ്മിണിപ്രയോഗംപോലും നിഷിദ്ധമായിട്ടാണു വെച്ചിരിക്കുന്നതെന്നു തോന്നുന്നു. അത്രയ്ക്കു മാമൂൽബന്ധമായിട്ടുള്ളതാണു ചാക്യാരുടെ ഭാഷ. പക്ഷേ നൂതനങ്ങളായ ആശയങ്ങളേത്തും തന്നെ പ്രകാശിപ്പിക്കുവാൻ അതുകൊണ്ടു സാധിക്കുന്നതുമുണ്ടു്. കാലദേശഭേദമനുസരിച്ചു മാററങ്ങൾക്കധീനങ്ങളായ സമുദായവ്യക്തികളേ ശുദ്ധി

കരിക്കുന്നതിനു പര്യാപ്തമായവിധത്തിൽ കൃത്തിലേ വ്യാഖ്യാനഘട്ടങ്ങളിൽ ചുരുചുപാടുകളേ ലക്ഷ്യമാക്കിക്കൊണ്ടു നൂതനാശയങ്ങളെ ചെലുത്തുന്നതത്യാവശ്യമാണല്ലോ. എന്നാൽ അങ്ങനേ ആത്മാവു നൂതനമാകുമ്പോഴും ആകൃതിക്കു പുരാതനത്തിൽനിന്നു യാതൊരു വ്യത്യാസവും പാടില്ലെന്നു നിർബ്ബന്ധമുള്ളതായിതോന്നുന്നു. ചാക്യാരുടേ മാമൂൽപ്പിടിത്തത്തിൻെറ ഒരു ചിഹ്നം മാത്രമാണിതു്. വാസ്തവമാലോചിച്ചാൽ മാമൂലിൽനിന്നു് ഒരണുപോലും വ്യതിചലിക്കുവാൻ തുനിയാത്ത ഒരു സ്ഥാപനം തന്നേയാണു് ചാക്യാർകൃത്തു്. അതിൻെറ ഭാവി എന്താണെന്നു കണ്ടുതന്നേ അറിയേണ്ടിയിരിക്കുന്നു. എന്തായാലും വിദ്യാഭ്യാസത്തിനും വിനോദത്തിനും ഒരുപോലെ ഉപകരിക്കുന്ന അത്യുൽകൃഷ്ടമായ ഈ കലയേ നാമാവശേഷമാകാതെ നോക്കേണ്ടതു കേരളത്തിൻെറ സംസ്കാര വിശേഷത്തിനു യോജിച്ചതുതന്നേയാകുന്നു.

*　　*　　*

ചാക്യാർകൃത്താകുന്ന അഗ്നികുണ്ഡത്തിൽനിന്നു പുറത്തേയ്ക്കു തെറിച്ചുപോയ രണ്ടു സ്ഫുലിംഗങ്ങൾ മാത്രമാണു് തുള്ളലും പാഠകവും.

ചാക്യാരുടെ പിന്നിൽ വളരെക്കാലം ഇരുന്നു സമ്പാദിച്ചിട്ടുള്ള സാഹിത്യസമ്പത്താണു് നമ്പ്യാർ തൻെറ തുള്ളലുകളിൽ സമ്പൂർണ്ണം വാരിവിതറീട്ടുള്ളതു്. കൃത്തിലെ അംശങ്ങളേ തുള്ളലുകളിൽനിന്നെടുത്തു കളഞ്ഞാൽ ബാക്കി ശേഷിക്കുന്ന ഭാഗം താരതമ്യേന തുച്ഛമെന്നുതന്നേ പറയാം. ചാക്യാർകൃത്തു് ഒരു ബ്രാഹ്മണസ്ഥാപ

യാണെങ്കിൽ അതിലെ വിഭവങ്ങളെ ധാരാളം കൂട്ടിക്കൂട്ടി സർവ്വാണിസ്സദ്യയ്ക്കു വിളമ്പുകയാണു് തുള്ളലിൽ ചെയ്തിട്ടുള്ളതെന്നു സമ്മതിക്കേണ്ടിവരും. അതുപോലെതന്നെ പ്രകടനപരിധികൾ വിസ്തൃതങ്ങളാക്കി, പൊതുജനങ്ങൾക്കു പുരാണേതിഹാസപരിജ്ഞാനവും ലോകപരിചയവും ക്ലേശംകൂടാതെ നേടുവാൻവേണ്ടി നടത്തപ്പെടുന്നതാണു് പാഠകം. കൂത്തിൻെറ ലക്ഷണങ്ങൾ പലതും ഇതിലുണ്ടെങ്കിലും, സദസ്സിലെ വ്യക്തികളെ ചൂണ്ടിക്കാണിച്ചുകൊണ്ടു കളിയാക്കുവാനുള്ള സ്വാതന്ത്ര്യം പാഠകക്കാരനില്ലെന്നൊരു വ്യത്യാസവുമുണ്ടു്. കൂത്തിനെപ്പോലെത്തന്നേ കാലാനുകൂലമായ പരിഷ്കാരങ്ങളോടുകൂടി നിലനിർത്തിക്കൊണ്ടു പോകേണ്ട കലകളാണു് തുള്ളലും പാഠകവുമെന്നതിനു സംശയമില്ല.

*　　　*　　　*

കേരളത്തിന്നു് അഭിമാനിക്കത്തക്കതായ ഒരു സ്വതന്ത്രദൃശ്യകലയുണ്ടെങ്കിൽ അതു കഥകളിയാണെന്നു് ഇപ്പോൾ പരക്കേ സമ്മതമായിത്തുടങ്ങീട്ടുണ്ടല്ലോ. നൃത്തം, ഗീതം, വാദ്യം എന്നീ മൂന്നംഗങ്ങളും തികഞ്ഞ ഈ കലയിൽ കാലദോഷംകൊണ്ടു ചില അംശങ്ങൾ ദുഷിച്ചുപോയിട്ടുണ്ടെങ്കിലും അവയെ അനായാസേന പരിഷ്കരിക്കാവുന്നതാണെന്നും ഇപ്പോൾ കുറച്ചൊക്കെ സ്പഷ്ടമായിത്തുടങ്ങീട്ടുണ്ടു്. കഥകളിയിലും, കൂത്തിലേപ്പോലെതന്നേ, കഥകൾ സാമാന്യേന പുരാണേതിഹാസപ്രസിദ്ധങ്ങളായിട്ടുള്ളവയാണു്. എന്നാൽ അവയെ വ്യാഖ്യാനിച്ചു വിശദീകരിക്കുന്നതു കൈമുദ്രകളെക്കൊണ്ടും അഭിനയംകൊണ്ടുമാണു്. ശ്ലോകങ്ങളും പദങ്ങളും

മായി കഥാഭാഗം മുഴുവൻ ഗായകൻ പിന്നിൽ നിന്നു പാടി പ്രകാശിപ്പിക്കുന്നു. പക്ഷേ അവയിൽ കവിയുടെ പല ആശയങ്ങളേയും വിശദീകരണത്തിനും അലംകാരത്തിനുംവേണ്ടി നടന്മാർ അംഗവിക്ഷേപങ്ങളാലും മുഖഭാവങ്ങളാലും പ്രകടീകരിക്കുന്നു. അഭിനയംകൊണ്ടു രസങ്ങളെ അനുഭവരസികന്മാക്ക് പ്രത്യക്ഷമാക്കിക്കൊടുക്കുന്നതിൽ കഥകളി ഇന്നും അദ്വിതീയമായ ഒരു കലയായിട്ടാണു് പ്രശോഭിക്കുന്നതു്. വികാരങ്ങളുടെ ഭാഷ പരമകോടിയെ പ്രാപിച്ചിട്ടുള്ളതു് ഇതിലാണു്. സാങ്കേതികമായ കൈമുദ്രാൎത്ഥം ഗ്രഹിക്കാത്തവക്കുകൂടി നടൻെറ മുഖത്തു പ്രകാശിച്ചുകാണുന്ന രസം അനുഭവഗോചരമാകുന്നു. താളമേളക്കൊഴുപ്പോടുകൂടിയ അലംകാരനൃത്തത്തിൻെറ വിഷയത്തിലും കഥകളി ഒരു മാതൃകതന്നേയാണു്. കഥകളിയെ നാടകത്തോടും ചലച്ചിത്രത്തോടും മററും താരതമ്യപ്പെടുത്തുന്നതു ഭിന്നപ്രസ്ഥാനങ്ങളെ അന്യോന്യം താരതമ്യപ്പെടുത്തുന്നതുപോലെയായിരിക്കും. എന്നാൽ കഥകളി വാസ്തവത്തിൽ ഏതു പ്രസ്ഥാനത്തിലാണോ ഉൾപ്പെടുന്നതു്, ആ പ്രസ്ഥാനത്തിൽ അതിനു തുല്യമായി മറെറാരു കലയും ഇതുവരെ ഉണ്ടായിട്ടില്ലെന്നു നിസ്സംശയം ഉദ്ഘോഷിക്കാവുന്നതാണു്. അതിനെ പല പ്രകാരത്തിൽ ഇന്നത്തെ രുചിവിശേഷങ്ങൾക്കൊത്തു സംസ്കരിക്കാമെന്നതു ശരിതന്നെ; പക്ഷേ കലയുടെ കൂട്ടത്തിൽ കാലം ചെല്ലുമ്പോൾ ഏതാണു് ഇങ്ങനെയുള്ള സംസ്കാരം അഹിക്കാതെയുള്ളതു്? അതുകൊണ്ടുമാത്രം അതിൻെറ ആന്തരമായ ഔൽകൃഷ്ട്യ

ത്തിനു യാതൊരു കുററവും കുറവും പററുന്നില്ലെന്നു സമ്മതിച്ചേ കഴിയൂ.

ചുരുക്കിപ്പറഞ്ഞാൽ, ചാക്യാർക്കൂത്തും അതിൻെറ ശാഖകളായ തുള്ളലും പാഠകവും, അതുപോലെതന്നേ അത്യുൽകൃഷ്ടമായ കഥകളിയും കേരളീയരുടെ സംസ്കാരാഭിമാനസ്തംഭങ്ങളാകയാൽ അവയെ യഥോചിതം സംരക്ഷിക്കേണ്ടതു കലാകുതുകികളുടെ ഒരു മുഖ്യകർത്തവ്യമാകുന്നു.

നമ്പ്യാതിരി.

# 2. വിമർശനം

നിർമ്മാണത്തോളംതന്നെ മഹനീയമല്ലെങ്കിലും, പ്രായോഗികജീവിതത്തിൽ, അതിനേക്കാളൊട്ടും താഴെയല്ലാത്ത സ്ഥാനം അർഹിക്കുന്ന ഒരു കല (അഥവാ, ശാസ്ത്രം) ആണു് വിമർശനം. പദാർത്ഥങ്ങളുടെ പാരമാർത്ഥ്യം ആരാഞ്ഞറിഞ്ഞു പ്രകാശിപ്പിക്കുവാൻ പരിശ്രമിക്കുകയാണു് അതിൻെറ ധർമ്മം. അറിയുവാനുള്ള കേവലേച്ഛ അതിൻെറ അടിസ്ഥാനമാകയാൽ, അതിനു വിഷയീഭവിക്കുന്ന വസ്തുവിൻെറ എല്ലാ വശങ്ങളിലും മനസ്സിനെ സ്വച്ഛന്ദമായും സ്വതന്ത്രമായും വിഹരിക്കുവാൻ അനുവദിക്കേണ്ടതു് അത്യാവശ്യമാകുന്നു. അങ്ങനെ ചെയ്യുന്ന പക്ഷം, സൂക്ഷ്മഗ്രഹണപടുവായ വിമർശകനു കാര്യങ്ങളുടെ ഗുണഭാഗങ്ങളേയും ദോഷഭാഗങ്ങളേയും ഉള്ളതുപോലെതന്നെ മുഴുവൻ സ്പഷ്ടമായി ഗ്രഹിക്കുന്നതിനു സാധിക്കുന്നതായിരിക്കും. അതോടുകൂടി, സ്വാഭിപ്രായങ്ങളെ പക്ഷപാതരഹിതമായും നിഷ്കല്മഷമായും, ഗൗരവം വിടാതേയുള്ള രീതിയിൽ വ്യക്തമാക്കുവാൻ വേണ്ടുന്ന സംസ്കാരം വിമർശകനുണ്ടെങ്കിൽ, ലോകത്തിൽ ഉൽകൃഷ്ടാശയങ്ങളുടെ പ്രവാഹത്തെ സഹായിക്കുവാൻ ആയാൾക്കു എത്രമാത്രം ശക്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈ വഴിക്കുതന്നെ നിർമ്മാണത്തിനു സഹായമായ ആശയമണ്ഡലത്തെ സജ്ജീകരിക്കുവാനും വിമർശകൻ സമർത്ഥനാകുന്നു. സൃഷ്ടിപരമായ സംരം

ഭങ്ങൾക്കു വേണ്ടുന്ന വ്യക്തിശക്തി, സന്ദർഭശക്തി എന്നീ രണ്ടിനങ്ങളിൽ സന്ദർഭശക്തി പലപ്പോഴും വിമർശനകലയെ ആശ്രയിച്ചിരിക്കാറുണ്ടെന്നു രാഷ്ട്രങ്ങളുടേയും വ്യക്തികളുടേയും ചരിത്രങ്ങൾ തെളിയിച്ചിട്ടുണ്ടു്. ആകയാൽ, വിമർശകന്മാർ തങ്ങളുടെ കർത്തവ്യം ശരിയായി നിർവ്വഹിക്കുന്നു എന്നു വരികിൽ വിജ്ഞാനപ്രകാശവും സ്വതന്ത്രചിന്താവൈഭവവും മനുഷ്യസമുദായത്തിൽ ഗണ്യമായവിധം പ്രസരിക്കാതിരിക്കയില്ലെന്നു സ്പഷ്ടമാണു്.

വിമർശനം വായിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു പറയുന്നതു്, നമ്മേക്കാൾ കൂടുതൽ ജ്ഞാനം മററാർക്കുമില്ലെന്നു പറയുന്നതിനോടു തുല്യമായിരിക്കും; അഥവാ, മറെറാരുവനു നമ്മേക്കാൾ കൂടുതൽ അറിവും ലോകപരിചയവുമുണ്ടെങ്കിൽത്തന്നെ അവ നമുക്കു തീരെ ഉപകരിക്കുകയില്ലെന്നുഭാവിക്കുന്നതായി തീരുന്നതാകും. ഇതു രണ്ടും ശരിയല്ല. ഉത്തമരീതിയിലുള്ള വിമർശനം നമ്മുടെ ജ്ഞാനത്തിൻെറ പരിധികളെ വിസ്തൃതങ്ങളാക്കുകയും; കാര്യങ്ങളുടെ യഥാർത്ഥ്യം സ്വയമേവ കണ്ടുപിടിക്കുന്നതിനുള്ള ശക്തിയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഏതൊരു വിഷയത്തെക്കുറിച്ചാണോ അഭിപ്രായം പറയുവാനുദ്ദേശിക്കുന്നതു്, ആ വിഷയത്തിൻെറ എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന തരത്തിൽ കഴിയുന്നത്ര ആഴത്തിൽ അറിവു സമ്പാദിച്ചിട്ടുള്ളവനായിരിക്കണമല്ലോ ഉത്തമവിമർശകൻ. ഇപ്രകാരം വിദഗ്ദ്ധനായ ഒരു സൂക്ഷ്മഗ്രാഹി, തൻെറ പ്രത്യേകവിഷയത്തിൽ സാധാരണന്മാരെക്കാള

ധികം അഗാധമായും വിപുലമായും കാര്യങ്ങൾ കാണുവാൻ ശക്തനാണു്. നമ്മുടെ ശ്രദ്ധയിൽപെടേണ്ടതും പക്ഷേ പെട്ടിട്ടില്ലാത്തതുമായ അനേകം സംഗതികളെ ആയാൾ നമുക്കു വിശദമാക്കിത്തരുന്നു. നമ്മുടെ ഹൃദയത്തിൽ മൂടൽ മഞ്ഞുപോലെ അവ്യക്തമായി ഉദിക്കുന്ന അഭിപ്രായങ്ങൾക്കു് ആയാൾ പലപ്പോഴും സുവ്യക്തമായ സ്വരൂപവും ദാർഢ്യവും നൽകുന്നു. എന്തുകൊണ്ടു നോക്കിയാലും ഒരുത്തമവിമർശകൻ നമുക്കു സാരമായ സഹായം ചെയ്യുന്ന മാർഗ്ഗദർശിയായിട്ടാണു വർത്തിക്കുന്നതെന്നു പറയാം. ആയാൾ പുതിയവഴികളെ നമുക്കു കാണിച്ചുതരുന്നു; പരിചിതങ്ങളായ വഴികളിൽത്തന്നെ പുതിയ വശങ്ങളിലേയ്ക്കു നമ്മുടെ ദൃഷ്ടികളെതിരിച്ചുവിടുന്നു; കണ്ടിട്ടും, സാരംഗ്രഹിക്കാതെ നാം വിട്ടുകളഞ്ഞുപോകുന്ന വസ്തുക്കളുടെ പരമാൎത്ഥം നമ്മെ ഗ്രഹിപ്പിക്കുന്നു; അഭിപ്രായവ്യത്യാസങ്ങളുള്ളേടങ്ങളിൽ നമ്മുടെ ധാരണകളെ മാററുരച്ചുനോക്കിത്തെളിയിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഇങ്ങനെ ശരിയായി വിമർശകനാമം അർഹിക്കുന്ന ഒരുവൻെറ ഹസ്താവലംബം കൊണ്ടു നമുക്കു യാതൊരു കോട്ടവും തട്ടുവാനില്ലെന്നു മാത്രമല്ല, പ്രത്യക്ഷത്തിൽ വളരെ ഗുണം കിട്ടുവാനുണ്ടെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷേ ആയാൾക്കുണ്ടായിരിക്കേണ്ട യോഗ്യതകളിൽ വന്നേയ്ക്കാവുന്ന ന്യൂനതയനുസരിച്ചു ഗുണത്തിനു പകരം ദോഷം പരത്തുവാനും ആയാൾ ശക്തനായിത്തീരുന്നു. അതുകൊണ്ടു ശിഷ്ടനായ വിമർശകൻ എത്രത്തോളം മാന്യനാകുന്നുവോ അത്രത്തോളം, അഥവാ അതിലുമധികം, നിന്ദ്യനാണു് ദുഷ്ടനായ വിമർശകൻ.

വിമർശനത്തിൻെറ ധർമ്മത്തെ വിവരിച്ചിട്ടുള്ളതിൽ നിന്നുതന്നെ, ശരിയായ വിമർശകനുണ്ടായിരിക്കേണ്ട മുഖ്യ ഗുണങ്ങളെന്തെല്ലാമെന്നനുമാനിക്കുവാൻ എളുപ്പമാണല്ലോ. പക്ഷപാതരാഹിത്യമാണ് വിമർശനവൃക്ഷത്തിൻെറ നാരായവേരായി നില്ക്കുന്നത്. താല്ക്കാലികങ്ങളായ പ്രായോഗിക താല്പര്യങ്ങളിൽനിന്നു മനോവൃത്തിയെവേർപെടുത്തി, കാര്യങ്ങളെ ശാശ്വതസത്യത്തിൻെറ വെളിച്ചത്തിൽ, ഉള്ളതുപോലെതന്നെ ഏററക്കുറച്ചിലുകളോ മാററമ്മറിച്ചിലുകളോ തട്ടാത്തവിധം സമീക്ഷിച്ച്, അചഞ്ചലമായ ആർജ്ജവത്തോടും അവികലമായ ദാർഢ്യത്തോടുംകൂടി വ്യാഖ്യാനിച്ചു വിശദീകരിക്കുകയാണ് വിമർശകൻെറ കത്തവ്യം. ഇതെളുപ്പത്തിൽ പറഞ്ഞു കഴിഞ്ഞു. എന്നാൽ നിഷ്പക്ഷത എന്ന ഗുണം വിദഗ്ദ്ധവിമർശകന്മാക്കുപോലും പ്രയോഗത്തിൽ വരുമ്പോൾ എത്രയോ ദുർല്ലഭമായിട്ടു മാത്രമേ കാണുന്നുള്ളു! കക്ഷിവഴക്കും സമുദായമാത്സര്യവും വ്യക്തിവിദ്വേഷവും നഗ്നമായി കൂത്താടുന്ന സ്ഥലകാലങ്ങളിൽ നിഷ്പക്ഷവിമർശകന്മാരുടെ സംഖ്യ കേവലം അംഗുലീപരിമിതമായാൽ അത്ഭുതപ്പെടുവാനില്ലല്ലോ. കൃത്രിമങ്ങളായ ഉപാധികളെ ആസ്പദമാക്കിക്കൊണ്ടു മനുഷ്യൻ കക്ഷിതിരിഞ്ഞുനിന്നു തൊട്ടതിനെല്ലാം സ്പർദ്ധിക്കുന്ന ശാപഗ്രസ്തമായ ചുററുപാടുകളിൽ വിമർശനം അസത്യമലീമസമായിത്തീരുന്നതു സ്വാഭാവികമാണ്. വിമർശകൻെറ കക്ഷിയിൽ ഉൾപ്പെടുന്നവർ ചെയ്യുന്ന ഏതു ദുഷ്ടപ്രവൃത്തിയും ആയാളുടെ ദൃഷ്ടിയിൽ ശ്ലാഘ്യമാകുന്നു; വിരുദ്ധകക്ഷിയിലുൾപ്പെടുവാൻ സംഗതിയാ

യിട്ടുള്ള മഹാന്മാർ എത്ര ഉൽകൃഷ്ടകാര്യം ചെയ്താലും, ആയാറം അതിൻെറ മേന്മയെ അടിച്ചുതാഴ്ത്തുന്നു; അതിൽ കരിതേയ്ക്കുന്നു; അല്ലെങ്കിൽ, (Damn with faint praise) വളരെ അകവലിവോടുകൂടിയ ഒരുതരം ക്ഷുദ്രാഭിനന്ദനംകൊണ്ടു ഫലത്തിൽ സംഹരിക്കുന്നു. വസ്തുക്കളെ ഉള്ളതുപോലെ കാണുന്നതിനു വലിയ പ്രതിബന്ധമായിട്ടാണു് കക്ഷിമത്സരം സർവ്വത്ര ജൃംഭിക്കുന്നതു്. കക്ഷിവിദ്വേഷമാകുന്ന കണ്ണാടിയിൽക്കൂടി നോക്കുമ്പോറ വിമർശകൻ പദാർത്ഥങ്ങളെയെല്ലാം വികൃതരൂപത്തിൽ മാത്രമേ കാണുന്നുള്ളു. അതോടുകൂടി സ്വാർത്ഥലാഭേച്ഛയും ചേർന്നാൽ പിന്നെ വിമർശനം തീരെ വ്യഭിചരിച്ചു പോവുകതന്നെ ചെയ്യും. ഈ ശാപം ബാധിക്കാതിരിക്കുവാൻ ഉത്തമസന്ന്യാസിക്കുണ്ടായിരിക്കേണമെന്നു പറയുന്ന നിസ്സംഗതിയെ മാതൃകയായി മുൻനിർത്തിക്കൊണ്ടു വേണം വിമർശകൻ സംഗതികളെക്കുറിച്ചു നിരൂപണം തുടങ്ങുവാൻ. അങ്ങനെ ചെയ്യാത്തപക്ഷം ആയാളുടെ വിമർശനങ്ങളെ മററുള്ളവർ ഭേദഗതികൂടാതെ സ്വീകരിക്കുവാൻ പാടുള്ളതല്ല. കേവലമായ നിഷ്പക്ഷത ആദർശലോകത്തിലല്ലാതെ വാസ്തവലോകത്തിൽ കാണുവാൻ ഞെരുക്കമാണെന്നു പലരും വാദിച്ചേയ്ക്കാം. ശരിതന്നെ. അതുകൊണ്ടു നാം ചെയ്യേണ്ടതെന്താണു്? വിമർശകൻെറ സ്വഭാവത്തിനും നിരീക്ഷണ സമ്പ്രദായത്തിനുമുള്ള വിശേഷങ്ങളെ നല്ലപോലെ മനസ്സിലാക്കിയതിനുശേഷം ആയാളുടെ അഭിപ്രായങ്ങളെ വേണ്ട മാററങ്ങളോടുകൂടി കൈക്കൊള്ളുകയോ, അല്ലെങ്കിൽ തീരെ തള്ളുകയോ, ചെയ്യേണ്ടതാണെന്നു വന്നുകൂടുന്നു.

വിമശ്കനു് ഒരു വ്യക്തിയോടു് എന്തെങ്കിലും കാരണത്താൽ വിരോധമുണ്ടായിരിക്കാം; ആ വ്യക്തിയുടെ പ്രവൃത്തിയെ നിരൂപണം ചെയ്യുക എന്നതു വൈരനിര്യാതനത്തിനു് ഒരവസരമായിട്ടായിരിക്കാം ആയാൾ കണക്കാക്കുന്നതു്. വിദ്വേഷബുദ്ധി നിമിത്തം വിഷയത്തിൽനിന്നു തീരെ വിട്ടുമാറി, എതിരാളിയുടെ നേക്കു ചീററിപ്പാഞ്ഞുകയറി, ആയാളെ പിടിച്ചു മാന്തിക്കീറിപ്പൊളിച്ചു നശിപ്പിച്ചു കളയുവാൻ വിമശ്കൻ കാട്ടുന്ന സംഭ്രമം നമുക്കു പലപ്പോഴും അനുഭവഗോചരമാണല്ലോ. ഇത്തരം വിമശ്നത്തിനാണു് "പകപോക്കി" വിമശ്നം എന്നു പേർ കൊടുത്തിട്ടുള്ളതു്.

വ്യക്തിവിദ്വേഷപരമായ അഭിപ്രായപ്രകടനത്തിനു്, നമ്മുടെ നാട്ടിൽ വിശേഷിച്ചും, മറെറാരു കാരണം കൂടി അനുഭവത്തിൽ പെടാറുണ്ടു്. അതിൻെറ ബീജം, വിമശ്കൻ മുൻകൂട്ടി ധരിച്ചുവെച്ചിട്ടുള്ള അഭിപ്രായങ്ങളിൽനിന്നു വ്യത്യസ്തമായിക്കാണുന്ന ആശയഗതിയോ, വിമശ്കനു വിപരീതമായ എന്തെങ്കിലും പ്രവൃത്തിയോ അല്ലാ; കേവലം പരോല്ക്കഷാസഹിഷ്ണുത മാത്രമാണു്. ആ ദുർഗ്ഗുണം ആകുന്നു, വിമശ്കനെ സ്വധമ്മവ്യഭിചാരത്തിനു ചിലപ്പോളെല്ലാം പ്രേരിപ്പിക്കുന്നതെന്നു പ്രത്യക്ഷമാണു്. നരഭക്കുകളായ അപരിഷ്കൃതന്മാരുടെയിടയിലുള്ള വിശ്വാസം, തങ്ങളിലൊരുവൻ പ്രതിയോഗിയെ പിടിച്ചു ഭക്ഷിച്ചാൽ ആ പ്രതിയോഗിയുടെ മാഹാത്മ്യം മുഴുവൻ തന്നിൽ ലയിച്ചു തൻെറ സ്വന്തമായിത്തീരുമെന്നാണത്രേ. ഏകദേശം ഇതുപോലെയുള്ള

ഒരന്ധവിശ്വാസം, നമ്മുടെ നാട്ടിൽ പല വിമർശകന്മാർക്കുമുള്ളതായി തോന്നുന്നു. മററൊരുത്തൻെറ തല പൊങ്ങുന്നതു കണ്ടാൽ അവരുടെ ഉള്ളിൽ ഒരു കിരുകിരുപ്പു തുടങ്ങുകയായി! അവരോട് ആയാൾക്കു യാതൊരുവക ബന്ധവുമുണ്ടായിരിക്കുകയില്ല; ആയാൾ അവരുടെ എതിരാളിയല്ല; യാതൊരു കിടമത്സരത്തിനും അവർക്കു തമ്മിൽ അവകാശമില്ല; എന്നിരിക്കിലും ആയാൾക്കു വല്ല മെച്ചവും കിട്ടിയേയ്ക്കുമോ എന്നു ശങ്കിക്കത്തക്കതായ ഏതെങ്കിലുമൊരു നില കണ്ടാൽ വിമർശകൻ തൻെറ അസൂയാവിഷം മുഴുവൻ ആയാളുടെ തലയിൽ വമിച്ചുതുടങ്ങുകയായി. ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന യശസ്വികളായ മഹാന്മാരുടെ പ്രവൃത്തികളെക്കുറിച്ചു ക്ഷുദ്രജീവികൾ ഖണ്ഡനരൂപത്തിലുള്ള വിമർശനത്തിനു ചിലപ്പോളൊരുമ്പെടുന്നതായി കാണുന്നതിൻെറ പിറകിൽ ഈ "നരഭോജിമനഃസ്ഥിതി" യാണു് കിടക്കുന്നതെന്നു സ്വല്പം ആലോചിച്ചാൽ അറിയാറാകും. "ഇയാഗോ"വിൻെറ ഇളയ സഹോദരന്മാരായ ഇക്കൂട്ടരെ "ദൂരതഃപരിവർജ്ജയേൽ" എന്നു എത്ര പറഞ്ഞാലും അധികമാകുന്നതല്ല.

ഇതിൽനിന്നു സ്വല്പം വ്യത്യാസപ്പെട്ട മററൊരു തരം വിമർശകന്മാരുണ്ടു്. വിമർശനത്തിനു വിഷയമാകുന്ന വ്യക്തിയേക്കാളധികം മഹത്വം തനിക്കുണ്ടെന്നു ലോകരെ ധരിപ്പിക്കുവാനാണു് അവരുടെ പരിശ്രമം. ഒരുവൻ വളരെ പ്രയത്നിച്ചു് ഒരു ഉൽകൃഷ്ടകാര്യം സാധിക്കുന്നു. അതിലെ ന്യൂനതകളെ മാത്രം ("കുപ്പയിൽ

കുക്കുടം കൊത്തിപ്പെറുക്കുന്നതുപോലവേ") കുത്തിപ്പൊക്കിപർവ്വതീകരിച്ചുകാണിച്ചു ലോകസമക്ഷം ഞെളിഞ്ഞു നിന്നൊന്നലറിയാൽ, അതിലുമധികം ഉൽകൃഷ്ടമായ കാര്യം താൻ സാധിച്ചതായി കണക്കാക്കി ലോകം തന്നെ കൂടുതൽ ബഹുമാനിക്കുമെന്നാണ് പുരോഭാഗിയായ വിമർശകൻ കരുതുന്നതു്. മത്തേഭത്തിൻെറ മസ്തകത്തിൽ കയറിയിരുന്നു കാഷ്ഠിച്ചു് മത്തേഭത്തേക്കാളധികം മഹത്വമുണ്ടെന്നു നടിക്കുന്ന കാക്കകളാണ് ഇത്തരം വിമർശകന്മാർ. അത്യുച്ചത്തിൽ പറക്കുന്ന പരുന്തിൻെറ പക്ഷങ്ങൾക്കിടയിൽ പററിപ്പതുങ്ങിക്കൂടുന്ന ഒരു ചെറിയ കുരുവിപ്പക്ഷി, മുകളിലെത്തിക്കഴിഞ്ഞാൽ, പരുന്തിൻെറ പുറത്തുനിന്നു് ഒരടികൂടി മേല്പോട്ടു പറന്നു തിരിച്ചുവന്നു പരുന്തിൻെറ പുറത്തുതന്നെ വീണ്ടും സ്ഥാനമുറപ്പിച്ചതിനുശേഷം "ആർക്കാണ് അധികം ഉയരത്തിൽ പറക്കുവാൻ കഴിഞ്ഞതു്? എനിക്കോ പരുന്തിനോ?" എന്നു ചോദിച്ചു ഞെളിയുന്ന ഭാവമാണ് ഇത്തരം വിമർശകന്മാർ പ്രദർശിപ്പിക്കുന്നതു്.

വിദ്വേഷപ്രചോദിതരായി വിമർശനത്തിനിറങ്ങുന്നവരിൽ ചിലർ തങ്ങൾ നിഷ്പക്ഷപാതികളാണെന്നു തോന്നിക്കുവാൻവേണ്ടി പ്രത്യക്ഷത്തിൽ നീചങ്ങളോ ക്ഷുദ്രങ്ങളോ ആയ പദാർത്ഥങ്ങളെ മുക്തകണ്ഠം പ്രശംസിക്കുക എന്നൊരു കൗശലവും പ്രയോഗിക്കാറുണ്ടു്. ആരു മണ്ടന്മാരെ സ്തുതിക്കുന്ന വിമർശകൻ ഒരു മാന്യനെ ഇടിച്ചുതാഴ്ത്തുവാൻ നോക്കുമ്പോൾ, സ്തുത്യർഹമായതിനെ സ്തുതിക്കുവാൻ മടിയില്ലാത്തവനാണ് താനെന്നും

ഏതാനും ചിലരെ സ്തുതിക്കാത്തതിൻെറ കാരണം അവരുടെ അയോഗ്യത തന്നെയാണെന്നും ലോകർ ധരിച്ചാൽ നന്നായല്ലോ. മറയന്മാരെ പൊക്കുന്നതുകൊണ്ടു് അസൂയാലുക്കൾക്കു മനസ്സമാധാനത്തിനു കുറവൊട്ടുണ്ടാകുന്നതുമില്ല. അസൂയാലുക്കളുടെ മനസ്സിൻെറ ഗതി ഷേക്സ്പിയർ മഹാകവി 'ഇയാഗോ' മുഖാന്തരം പ്രകാശിപ്പിച്ചിട്ടുള്ളതാണു്.

He (Cassio) hath a daily beauty in his life
To which I am ugly.

ഇയാഗോവിന്റെ അസൂയയ്ക്കു പാത്രീഭവിക്കുന്ന 'കാഷ്യോ' വിനുള്ള ഏകദോഷം ഇതാണത്രേ:—
"അയാളുടെ ജീവിതത്തിൽ നാൾതോറും ഒരു മനോഹാരിത കളിയാടുന്നുണ്ടു്; അതുള്ളേടത്തോളം കാലം ഞാൻ താരതമ്യേന നിന്ദ്യനായി ഭവിക്കുന്നു" സൂര്യാഭയിലുള്ള ചിലരുടെ ഉലൂകായിതത്തിന് ഇതാണു വാസ്തവത്തിൽ നിദാനമായി വർത്തിക്കുന്നതു്.

ഏതാദൃശസ്ഥിതികളെയെല്ലാം വേണ്ടതുപോലെ ആലോചിച്ചറിഞ്ഞിട്ടുവേണം വിമർശകൻെറ അഭിപ്രായങ്ങൾക്കു നാം വില കല്പിക്കുവാൻ. അതല്ലാതെ പറയുന്നതെല്ലാം കണ്ണടച്ചു വിശ്വസിച്ചാൽ പലപ്പോഴും സംഗതികളുടെ യാഥാർത്ഥ്യം സമഗ്രമായി ഗ്രഹിക്കുവാൻ നമുക്കു സാദ്ധ്യമല്ലാതെ വന്നേക്കാം. വിമർശകൻ സ്വയം മുൻകൂട്ടി മനസ്സിലുറപ്പിച്ചു വെച്ചിട്ടുള്ള സിദ്ധാന്തങ്ങളും ധാരണകളുമൊരുഭാഗത്തു്, അയാളുൾപ്പെടുന്ന

കക്ഷിയുടെയോ സമുദായത്തിൻെറയോ താല്പര്യവിശേഷങ്ങൾ മറെറാരുഭാഗത്ത്, ആയാൾക്കു പ്രത്യേക വ്യക്തികളോടുള്ള വൈരമോ വിദ്വേഷമോ വെറും അസൂയയോ വേറെയൊരുഭാഗത്ത്—ഇങ്ങനെ പല വൈഷമ്യങ്ങളും അയാളുടെ വീക്ഷണത്തിനു വൈകല്യമുളവാക്കിയേക്കാം. ഇതിനെല്ലാം ധാരാളം പഴുതിട്ടുകൊണ്ടുവേണം മററുള്ളവർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളെ നാം സ്വീകരിക്കുവാൻ. അല്ലെങ്കിൽ സത്യവ്യതിയാനവും, ധർമ്മഭ്രംശവും, ലോകദ്രോഹവും, പലപ്പോഴും പശ്ചാത്താപവുമായിരിക്കും ഫലമെന്നു ജീവിതത്തിൽ നിത്യാനുഭവമാണ്.

തൻെറ വിഷയത്തിൽ പ്രത്യേകവൈദഗ്ദ്ധ്യം നേടിയിട്ടുള്ളവനായിരിക്കേണം വിമർശകൻ എന്നു മുൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരെന്ന സമ്പ്രദായത്തിൽ, ആക്കും എന്തിനെപ്പററിയും തോന്നിയതെല്ലാം പറയാമെന്നു വരുന്നതായാൽ അതെല്ലാം യഥാർത്ഥവിമർശനമാകുന്നതല്ല. ജന്മസിദ്ധമായ സൂക്ഷ്മഗ്രഹണപാടവത്തിനു പുറമേ നിയതമായ അഭ്യാസവും ഒരു വിമർശകനു അത്യന്താപേക്ഷിതമാകുന്നു. വിമർശനത്തിനു അഭ്യാസത്തിൻെറ ആവശ്യകത എത്രത്തോളമുണ്ടെന്നറിയുവാൻ ഇന്നത്തെ മാസികകളിലും പത്രങ്ങളിലും കാണുന്ന നിരൂപണങ്ങൾ നോക്കിയാൽ മതി. അവയിൽ പലതിനും ഒരു "പാകം പോരായ്ക" നാം കാണുന്നുണ്ടല്ലോ. പറയുന്ന കാര്യങ്ങളെല്ലാം ശരിയാണെങ്കിൽത്തന്നെയും, പറ

യുന്ന രീതിക്കും സ്വരത്തിനും അവശ്യം വേണ്ടതായ ആ "തറവാടിത്ത"ത്തിന്റെ മുദ്ര പലപ്പോഴും നാം കാണുന്നില്ല. അണിയറയിൽനിന്നുതന്നെ അലറിയും അട്ടഹസിച്ചും അരങ്ങു കുലുക്കിക്കൊണ്ടു പുറപ്പെടുന്ന ദുശ്ശാസനന്മാരും നരകാസുരന്മാരും നക്രതുണ്ഡികളും വിദ്യുജ്ജിഹ്വന്മാരും എത്രയാണു് ഇന്നു വിമർശനരംഗത്തിൽ ചാടിവീണു ഗോഷ്ടികൾ കാട്ടുന്നതു്! ഇതെല്ലാം ഹൃദയസംസ്കാരം പോരാത്തതിന്റെ ലക്ഷണമാണു്. ക്രമാനുസൃതമായ പരിശീലനംകൊണ്ടു സുശിക്ഷിതനായിട്ടുള്ള വിമർശകന്റെ സ്വരം — മണ്ഡനമായാലും ഖണ്ഡനമായാലും ശരി — എപ്പോഴും മിതവും പരിപക്വവും ഉചിതവുമായിരിക്കും.

ആശയഗ്രഹണത്തിൽ മാർഗ്ഗഭ്രംശം പററാതിരിക്കുവാനും, പ്രതിപാദനരീതിയിൽ ശിഷ്ടോചിതമായ മര്യാദയേയും മിതസ്വരത്തേയും പരിപാലിക്കുവാനും വിമർശകനു ആവശ്യമായിട്ടുള്ളതത്രേ ഹൃദയവിശാലത. ദുഷിച്ച നിരൂപണത്തിനു കാരണമാകുന്നതു പ്രായേണ കൂപമണ്ഡൂകബുദ്ധിതന്നെയാണു്. "കാലോഹ്യയം നിരവധിർവ്വിപുലാ ച പൃത്ഥ്വീ" എന്നതിന്റെ ആന്തരാർത്ഥം ഗ്രഹിച്ചു് ഇതരദേശകാലകാര്യങ്ങളെക്കുറിച്ചു് സവിസ്തരം ജ്ഞാനം സമ്പാദിക്കുന്നതു് വിശേഷിച്ചും പ്രയോജനകരമായിരിക്കും. തങ്ങൾ പരിചയിച്ചിട്ടുള്ള മാമൂലിൽ നിന്നു് ഒരണുപോലും വ്യത്യസ്തമായിട്ടു യാതൊന്നും ലോകത്തിലുണ്ടായിക്കൂടാ എന്നു ശഠിക്കുകയും അങ്ങനെ എന്തെങ്കിലുമുണ്ടായാൽ അതിനെ

മുകതകണ്ടും അവഹേളിക്കുകയും ചെയ്യുന്ന സങ്കുചിതബുദ്ധികൾ പലരേയും വഴിതെററിക്കുവാനിടയുണ്ട്. അവരുടെ ചിത്തരോഗത്തിനുള്ള പ്രത്യൗഷധം ലോകത്തിലെ മററു രാജ്യങ്ങളിലെ സാഹിത്യസംസ്കാരങ്ങൾ പഠിക്കുകയാകുന്നു. വിമർശകൻ മിതമായ സ്വരത്തിൽ, മര്യാദയോടുകൂടിയല്ലാതെ, ജല്പിക്കുന്ന അഭിപ്രായങ്ങളെ ഉത്തരവാദിത്വമുള്ളവരാരും വകവെയ്ക്കുകയില്ലെന്നൊരുനിശ്ചയംകൂടിവെച്ചാൽ അധികം നന്നായി.

വിമർശനമെന്നുവെച്ചാൽ തോന്നിയതെല്ലാം പറയുക എന്നർത്ഥമല്ലെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തോന്നിയതു പുറത്തേയ്ക്കു പ്രകാശിപ്പിക്കുന്നതിനു മുമ്പായി, അതുശരിയോ എന്നുകൂടി പര്യാലോചിക്കേണ്ടതുണ്ട്. തോന്നുന്നതെല്ലാം ശരിയായിക്കൊള്ളേണമെന്നില്ല. നിത്യതത്വങ്ങൾക്കും ധർമ്മസംഹിതയ്ക്കും വിരുദ്ധമാകാത്തതാണോ തൻെറ തോന്നലുകളെന്നു വിമർശകൻ നിഷ്കർഷിച്ചു പരിശോധിക്കണം. എന്നിട്ടുമാത്രമേ അവയെ ലോകസമക്ഷം അവതരിപ്പിക്കാവൂ. തൻെറ അഭിപ്രായങ്ങളെ ശാശ്വതതത്വങ്ങളിന്മേൽ അടിയുറപ്പിക്കേണ്ടതു് സാഹിത്യസമീക്ഷകൻെറ കർത്തവ്യമാകുന്നു. ആളുടെ അഭിപ്രായങ്ങൾ സത്യത്തിൽ വേരുറച്ചു നില്ക്കുന്നതിൻെറ ബലവും അവയെ പ്രകാശിപ്പിക്കുന്നതിൽ ആയാൾ പ്രദർശിപ്പിക്കുന്ന നൈപുണ്യവുമനുസരിച്ചാണു ആയാൾ ലോകാഭിപ്രായത്തിൽ പൊങ്ങുകയോ താഴുകയോ ചെയ്യുന്നതു്.

വ്യക്തിയേയോ കക്ഷിയേയോ അവലംബിച്ചുള്ള പ്രത്യേകതാല്പര്യങ്ങളൊന്നുമില്ലാത്ത സന്ദർഭത്തിൽപോലും വിമർശകന്റെ അഭിപ്രായഗതി വക്രമായിത്തീരുന്നതു ചിലപ്പോൾ നമുക്കു അനുഭവസിദ്ധമാണല്ലോ. അതിനുള്ള കാരണം അറിവിന്റെ കുറവോ അലസതയുടെ വളിവോ ഒട്ടല്ലതാനും. ശ്രോതാക്കളെ ഏതു തരത്തിലെങ്കിലും രസിപ്പിച്ചു ഭ്രമിപ്പിക്കേണമെന്ന ഏകോദ്ദേശ്യത്തോടു കൂടി ഗുണങ്ങളേയോ ദോഷങ്ങളേയോ വിവരിക്കുന്നതിൽ ക്രമാതീതമായ അതിശയോക്തി പ്രയോഗിക്കുന്നതിന്റെ ഫലമായിട്ടാണു് അഭിപ്രായ പ്രകടനം ചിലപ്പോളെല്ലാം കുടിലമായിപ്പരിണമിക്കുന്നതു്. ഈ രീതിയിൽ വിമർശനം നടത്തുന്നവരെ കാണുമ്പോൾ, ഞാണിന്മേൽക്കളിക്കാരേയും വിദൂഷകന്മാരേയുമാണു് ഓർമ്മവരുന്നതെന്നു പറയേണ്ടിയിരിക്കുന്നു. എന്തെങ്കിലും കൃത്രിമം പ്രയോഗിച്ചു ശ്രോതാക്കളെ മുഴുവൻ യേനകേനപ്രകാരേണ തല്ക്കാലം ഭ്രമിപ്പിക്കണമെന്നതായിരിക്കരുതു് വിമർശകന്റെ നയം. എല്ലാവരെക്കൊണ്ടും പുകഴ്ത്തിക്കുവാൻ മാത്രം ഉദ്ദേശിച്ചുള്ള പ്രവൎത്തി, നിൎമ്മാണപരമായാലും വിമർശനപരമായാലും വേണ്ടതില്ല, അവസാനം അവതാളത്തിലാകുകതന്നെ ചെയ്യും. കലകളൊക്കെ സാമാന്യമായി വൎത്തിക്കേണ്ടതുപോലെ, വിമർശനവും, രസപ്രദമായിത്തന്നെവൎത്തിക്കേണ്ടതാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. എന്നാൽ കലകളിലെന്നപോലെ വിമർശനത്തിലും അനുഭവവിഷയമാകുന്ന രസം ധാൎമ്മികമായിരിക്കേണം. സത്യത്തിനും ധൎമ്മത്തിനും വിരുദ്ധമായിട്ടുള്ള

വിമർശനം എത്ര സാമർത്ഥ്യദ്യോതകമായാലും നാം വിഷം പോലെ തള്ളിക്കളയേണ്ടതാകുന്നു.

കാര്യങ്ങളുടെ കാതൽ കണ്ടുപിടിക്കേണമെന്നുള്ളവർ എല്ലായ്പോഴും വിമർശകന്മാരെത്തന്നെ ആശ്രയിച്ചുകൊണ്ടിരിക്കരുതു്; നേരിട്ടിറങ്ങി അന്വേഷണം നടത്തി സ്വാഭിപ്രായം സ്വതന്ത്രമായി രൂപീകരിക്കണം; എന്നാൽ മാത്രമേ പലപ്പോഴും സത്യം തെളിയുകയുള്ളു. അതിനു കാരണം, പലപ്പോഴും, സത്യാവസ്ഥയ്ക്കും നമുക്കും മദ്ധ്യേ ദുഷ്ടവിമർശനം ഒരു തിരസ്കരണിയായിവന്നു ചാടാറുണ്ടെന്നുള്ളതുതന്നെ. വിമർശകൻ അറിഞ്ഞിട്ടും അറിയാതേയും സത്യാവസ്ഥയെ മറച്ചോ മറിച്ചോ നമുക്കു കാണിച്ചുതരുന്നു. ആയാളുടെ വിധികല്പനകളും വ്യാഖ്യാനങ്ങളും വിശ്വാസയോഗ്യങ്ങളല്ലാതായിത്തീരുന്നു. ആയാളുടെ വലയിൽ വീഴുന്നവർ അധർമ്മം ചെയ്യുവാൻ പ്രേരിതരാകുന്നു. അതിനാൽ വഴിപിഴച്ചുള്ള വിമർശനത്തേ പ്രത്യേകം സൂക്ഷിക്കണം. അതിലും വിശേഷിച്ചു്, അറിഞ്ഞുകൊണ്ടുള്ള ദുഷ്ടവിമർശനത്തിൽ ഒരു വകഭേദമുള്ളതിനെ അധികം ജാഗ്രതയോടെ സൂക്ഷിക്കണം—അതായതു് അജ്ഞാതനാമാക്കളുടെ വിമർശനം! അടക്കുവാൻ വയ്യാത്ത അസൂയയും ഭീരുത്വവും കൂടിച്ചേരുമ്പോളാണു് പേരൊളിച്ചുവെച്ചുകൊണ്ടുള്ള അഭിപ്രായ പ്രകടനങ്ങൾക്കു വിമർശകന്മാർ പുറപ്പെടുന്നതു്. ഇങ്ങനെ ഒളിയമ്പെയ്തുഞെളിയുന്ന വിമർശകന്മാരെ, മൂർഖപ്പാമ്പുകളെ എന്നപോലെ, പാടെ നശിപ്പിക്കുക തന്നെ വേണം, വേറെ വഴിയൊന്നുമില്ല! ധാർമ്മികമായ പ്രവൃത്തിക്കു ധൈര്യമില്ലാത്തവൻ വിമർശനത്തിനൊരുങ്ങരുതെന്നു താൽപര്യം.

ചിലപ്പോൾ തൻെറ ശരിയായപേർ ഒളിച്ചുവെച്ചുകൊണ്ടു വിമശ്നം ചെയ്യുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നതു നിർദ്ദോഷമായ ഏതെങ്കിലും ഉദ്ദേശംതന്നെയായിരിക്കാം; ആയതു സ്പഷ്ടമാണെങ്കിൽ മാത്രമേ അത്തരം വിമശ്നത്തിന്ന വില കല്പിക്കാവൂ.

കുറുക്കുവഴികളുടെ കാലമാണിതു്. ഏററവും ചുരുങ്ങിയസമയത്തിനുള്ളിൽ ഏററവും കുറച്ചു പ്രയത്നിച്ചു് ഏററവുമധികം ഫലം നേടുവാനാണ് ഇന്നു ജനസാമാന്യം മോഹിക്കുന്നതു്. അതിനാൽ കാര്യങ്ങളുടെ ഗുണദോഷങ്ങളെ നേരിട്ടു പഠിച്ചും നിഷ്കൃഷിച്ചു പരിശോധിച്ചും ഗ്രഹിക്കുവാൻ നോക്കുന്നതിനുപകരം, മററുള്ളവർ നല്കുന്ന സംഗ്രഹങ്ങളെ അവലംബിക്കുവാൻ ജനങ്ങൾക്കധികം വാസന കാണുന്നുണ്ടു്. അപ്പോൾ വിജ്ഞാനച്ചന്തയിലെ ദല്ലാളികളായ വിമശ്കന്മാക്ക് പ്രാധാന്യവും പ്രാമാണ്യവും വദ്ധിക്കാതെ തരമില്ലല്ലോ. വ്യക്തികളെപ്പററിയും കൃതികളെപ്പററിയും സംഗതികളെപ്പററിയും മററുള്ളവർ അഭിപ്രായം പറഞ്ഞു കേൾക്കുമ്പോൾ തങ്ങൾക്കും വല്ലതും പറഞ്ഞാൽകൊള്ളാമെന്നാഗ്രഹം ജനിക്കുന്നു; പക്ഷേ അവയെക്കുറിച്ചു സ്വതന്ത്രമായി പഠിച്ചു സ്വാഭിപ്രായം രൂപീകരിക്കുവാനുള്ള ക്ഷമയോ സൗകര്യമോ സമയമോ ഒട്ടില്ലതാനും. അങ്ങനെ വരുമ്പോൾ വിമശ്കനെത്തന്നെ കേവലം ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു. വിമശ്കൻ മററുപ്രകാരത്തിൽ പേരെടുത്തിട്ടുള്ള ഒരാൾക്കൂടിയായാൽ, പിന്നെ ആയാൾ പറയുന്നതെല്ലാം വേദവാക്യവുമായി;— ഇങ്ങനെ സാമാന്യജനങ്ങളെ വിമശ്കന്മാർ "കുതിരക

യരുന്ന" ഇക്കാലത്തു് വിമർശനം വഴിപിഴച്ചുപോകാതെ സൂക്ഷിക്കേണ്ടതു വിശേഷിച്ചും ആവശ്യമാണു്.

വിമർശകൻ എത്ര വലിയ നിലയിലിരിക്കുന്നവനോ, വിദ്വാനോ, കീർത്തിമാനോ വിശ്വാസനീയനോ ആയിക്കൊള്ളട്ടെ, ആയാളുടെ അഭിപ്രായങ്ങളെല്ലാം അപ്പടിയേ സ്വീകാരയോഗ്യങ്ങളായിക്കൊള്ളണമെന്നില്ല. ചില പ്രത്യേകവ്യക്തികളേക്കുറിച്ചോ സംഗതികളേക്കുറിച്ചോ നിരൂപണം ചെയ്യുമ്പോൾ ആയാൾക്കും അടിതെററാവുന്നതാണു്. അതെങ്ങനെയെല്ലാം സംഭവിക്കാമെന്നു മുൻവിവരിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് വിമർശകനെ ആദ്യംതന്നെ നിഷ്കൃഷ്ടമായി പഠിച്ചറിയുകയും, ആയാൾക്കു വിമർശനവിഷയത്തോടുള്ള ബന്ധത്തിന്റെ സകലവശങ്ങളേയും പൂർണ്ണമായി ആരാഞ്ഞു മനസ്സിലാക്കുകയും ചെയ്തതിനു ശേഷമല്ലാതെ ആയാൾ പുറപ്പെടുവിക്കുന്ന വ്യാഖ്യാനങ്ങളേയും വിധികളേയും മുഴുവൻ വിശ്വസിച്ചുപോകരുതു്! ഇന്നത്തെ നമ്മുടെ പരിതഃസ്ഥിതിയിൽ ഈ തത്വം എത്രവട്ടം ആവർത്തിച്ചാലും അധികമാകുന്നതല്ല.

The Growth of Novels.
KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE
No. 258

# 3. ആഖ്യായികയുടെ വളർച്ച

ലോകത്തിലെ മിക്ക സമുദായങ്ങളും, പ്രാരംഭദശയിൽ പ്രായേണ പുരോഹിതവർഗ്ഗാധീനങ്ങളായിട്ടാണു് കണ്ടുവന്നിട്ടുള്ളതു്. അക്കാലത്തു സാഹിത്യശാസ്ത്രാദി കലകളിലുള്ള വിദ്യാസമ്പത്തും പുരോഹിതവർഗ്ഗക്കാരുടെ ഏകാവകാശമായിരുന്നു. പിന്നീടു പരിഷ്കാരാഭിവൃദ്ധിയനുസരിച്ചു ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവന്ന ലൗകികത്വം, സ്വാതന്ത്ര്യബുദ്ധി, സമത്വബോധം എന്നിവയുടെ ഫലമായി കാലക്രമേണ പുരോഹിതന്മാരുടെ പ്രാധാന്യവും, പ്രാബല്യവും പണ്ടത്തേക്കാൾ ക്ഷയിച്ചുതുടങ്ങി. വിദ്യ പൊതുജനസ്വത്താണെന്നുള്ള ബോധം വർദ്ധിച്ചു. ജനസാമാന്യത്തിന്റെ ഇടയിൽ വിദ്യാഭ്യാസം പ്രചരിക്കുകയും ചെയ്തു. ഇതുവരെ നല്ലനല്ല ശ്രവ്യകാവ്യങ്ങൾ വായിച്ചു രസിപ്പാൻ ത്രാണിയില്ലായ്കമൂലം, ദൃശ്യകാവ്യങ്ങൾ കണ്ടുമാത്രം ഉന്മേഷം തേടിയിരുന്ന സാധാരണന്മാർക്കു്, ഇപ്പോൾ വിദ്യാഭ്യാസം സിദ്ധിച്ചതോടുകൂടി ഗ്രന്ഥപാരായണത്തിൽ അഭിരുചി അങ്കുരിച്ചു. പക്ഷേ വിവിധ ലൗകികവ്യവസായങ്ങളിലേർപ്പെട്ടു ഭൂരിപക്ഷം സമയവും മറ്റോരോ കൃത്യങ്ങൾക്കായി ചെലവിടേണ്ടിവന്ന പൊതുജനങ്ങൾക്കു രീതികാഠിന്യമോ ഭാവഗാംഭീര്യമോ ഉള്ള വലിയ പദ്യകാവ്യങ്ങളൊന്നും വായിച്ചുല്ലസിപ്പാൻ വേണ്ടുന്നപഠിപ്പും ക്ഷമയും അവസരവുമില്ലായ്കയാൽ എളുപ്പത്തിൽ കണ്ണോടിച്ചു സാരം ഗ്രഹിച്ചു രസിപ്പാൻ തക്ക

ചെറിയ ഗദ്യകഥാഗ്രന്ഥങ്ങൾ വായിക്കുവാനുള്ള കൗതുക മാണ് കൂടിവന്നത്. ഇക്കാലമായപ്പോഴേയ്ക്കും മാസിക കളിലും വൃത്താന്തപത്രങ്ങളിലും ഉപന്യാസങ്ങളെഴുതുവാനും മററും ഗദ്യം ഒരുവിധം സുലഭമായി ഉപയോഗിച്ചു കഴി ഞ്ഞിരുന്നതിനാൽ, ഗദ്യസാഹിത്യവും ഏറെക്കുറെ അഭിവൃ ദ്ധിയെ പ്രാപിച്ചു കഴിഞ്ഞിരുന്നു. പുസ്തകങ്ങൾ ധാരാള മായി പ്രചരിയ്ക്കുന്നതിന്നു സഹായികളായ ഗതാഗത മാർഗ്ഗാദികളും, അച്ചടിവേലകളും പ്രവൃദ്ധങ്ങളായി. ഇങ്ങ നെയുള്ള അവസ്ഥാവിശേഷങ്ങളെല്ലാം യോജിച്ചുവരുന്ന കാലത്താണ് ആഖ്യായിക (നോവൽ) എന്ന പ്രസ്ഥാന ത്തിനു വളർച്ചയും പ്രാചുര്യവും സിദ്ധിയ്ക്കുന്നതായി സാധാ രണ കണ്ടിട്ടുള്ളതു്. മേൽപ്പറഞ്ഞ അവസ്ഥകൾ ഒന്നൊ ഴിയാതെ ഒരു രാജ്യത്തു് ഒത്തുവരുന്നതിനു മുമ്പുതന്നെ, ഇതരസാഹിത്യത്തിലെ പ്രസ്ഥാനം അനുകരിയ്ക്കുന്ന തിൻെറ ഫലമായും നോവലുകൾ നിർമ്മിയ്ക്കപ്പെട്ടുകയെ ന്നതു് അസംഭവ്യമാണെന്നു പറയുന്നില്ല. എന്നാലും അവയുടെ സംഖ്യ ഗണ്യമായവിധത്തിൽ വർദ്ധിയ്ക്കേണമെ ങ്കിൽ, മുൻവിവരിച്ച പ്രകാരം പൊതുജനങ്ങളുടെ വിദ്യാ ഭ്യാസം, ലൌകികോദ്യോഗങ്ങളിൽ വർദ്ധിച്ച ആസ ക്തി, ഗദ്യസാഹിത്യപോഷണം, അച്ചടി മുതലായവയുടെ പ്രചാരം, എന്നീ നാലു സംഗതികൾ മിക്കവാറും ആവ ശ്യങ്ങളത്രെ. അപ്പോൾ ആഖ്യായികകൾ പണ്ഡിതന്മാരെ ഉദ്ദേശിച്ചല്ലാ സാധാരണന്മാരെ ഉദ്ദേശിച്ചാണ് സാമാന്യ മായി എഴുതപ്പെട്ടുന്നതെന്നും, സർവ്വവിധോത്തമ സാഹി ത്യത്താലും പ്രദാനം ചെയ്യപ്പെടേണ്ടവയായ വിനോദവും

വിജ്ഞാനവും സാധാരണന്മാൎക്ക് പ്രദാനംചെയ്യുവാൻ എത്രത്തോളം പൎയ്യാപ്തമാകുന്നുവെന്നു നോക്കീട്ടാണു് ഒരു ആഖ്യായികയുടെ വൈശിഷ്ട്യം നിൎണ്ണയിക്കേണ്ടതെന്നും സ്പഷ്ടമാകുന്നു.

ഒരു ആഖ്യായികയുടെ പേരിനും പെരുമയ്ക്കും കാരണഭൂതങ്ങളാകുന്ന സംഗതികളിൽ പ്രധാനമായതു് അതിലെ കഥാവസ്തുവാണു്. ആഖ്യായികയെന്നതു യഥാൎത്ഥത്തിൽ ഒരു കഥയത്രേ. വേറെ പല അംശങ്ങളും അതിലില്ലെന്നില്ല—പക്ഷേ, മുഖ്യാംശം ഏറെക്കുറെ കഥയാണെന്നുള്ളതിനു തൎക്കമില്ല. ആഖ്യായികയുടെ ആഗമം പരിശോധിച്ചുനോക്കുന്നതായാൽ, അതിൻെറ ഉത്ഭവം തന്നെ വെറും കഥയിൽനിന്നാണെന്നു മനസ്സിലാകും. കഥയിൽ രസിയ്ക്കുന്ന സ്വഭാവം മനുഷ്യനു നിസ്സൎഗ്ഗായത്തമായിട്ടുള്ളതാണു്. നമുക്കു നമ്മുടെ ശൈശവത്തിൽ കഥാകഥനത്തിലും കഥാശ്രവണത്തിലും വളരെ കൗതുകം തോന്നാറുണ്ടല്ലോ. വ്യക്തിയെസ്സംബന്ധിച്ചുള്ള ഈ തത്വം ജാതിയ്ക്കും ബാധകമാകുന്നു. മനുഷ്യജാതിയുടെ ശൈശവാവസ്ഥയായ ആദികാലത്തു പലതരത്തിലുള്ള കഥകൾ അടിയ്ക്കടിയായി വളൎന്നും പരന്നുംകൊണ്ടിരുന്നു. ഇത്തരം കഥകൾക്കു യഥാൎത്ഥ ജീവിതലോകവുമായുള്ള ബന്ധം വളരെ കുറവായിരുന്നു. താൎക്കികബുദ്ധിയെ അപേക്ഷിച്ചു ശൈശവാവസ്ഥയിൽ തുലോം അധികമായിനില്ക്കുന്ന കല്പനാശക്തിയ്ക്കു് ഉന്മേഷം കൊടുപ്പാനുതകുന്നവിധം അത്ഭുതരസവും വീരരസവും നിറഞ്ഞ സംഭവങ്ങളുടെ പരമ്പരയായിരുന്നു അവ. അവയിൽ അമാനു

ഷങ്ങളായ ശക്തികളെ കഥാപാത്രങ്ങളായി അവതരിപ്പിച്ചു വർണ്ണിയ്ക്കുകയെന്ന സമ്പ്രദായം പ്രചുരമായിരുന്നു. കഥാനായകന്മാർതന്നെ അമാനുഷിക വീര്യശൗര്യധൈര്യാദികളുള്ളവരായിരുന്നു. ശൃംഗാരമുണ്ടെങ്കിൽ അതു വീരത്തിന്നു പോഷകമായി മാത്രമേ വർത്തിച്ചിരുന്നുള്ളു. കഥാവസ്തുവിൽ സംഭവ്യതയെന്ന ഗുണം തീരെ വകവെച്ചിരുന്നില്ല. കഥാപാത്രങ്ങളുടെ സ്വഭാവങ്ങളെ ക്രമേണ വികസിപ്പിയ്ക്കുന്ന വിഷയത്തിലും ആദികാലങ്ങളിലെ ആഖ്യായികാകാരന്മാർ അശ്രദ്ധരായിരുന്നു. കഥാപാത്രങ്ങൾക്ക സ്വാഭാവികത്വത്തേക്കാൾ മാതൃകാത്വമായിരുന്നു അധികമുണ്ടായിരുന്നതു്. ചുരുക്കിപ്പറയുന്നതായാൽ, പ്രാരംഭത്തിൽ ആഖ്യായികകൾ തൽകർത്താക്കളുടെ കല്പനാശക്തിയ്ക്കു സ്വച്ഛന്ദം വിഹരിയ്ക്കുവാനുള്ള രംഗങ്ങളായിരുന്നു. അവയിൽ വാസ്തവങ്ങൾക്കല്ല മാതൃകകൾക്കായിരുന്നു കൂടുതൽ പ്രാധാന്യം. (മലയാളത്തിൽ ഉദാഹരണം "കുന്ദലത")

പിന്നീടു സാഹിത്യത്തിൻെറ വളർച്ചയനുസരിച്ചു്, ആഖ്യായികകളിൽ ലൗകിക യാഥാർത്ഥ്യങ്ങൾക്ക പ്രാധാന്യം കൂടിക്കൂടിവന്നു. ഇതുവരെ കേവലം കല്പനാസന്താനങ്ങളായിരുന്ന കഥകൾക്ക പകരം, വാസ്തവത്തിൽ നടന്നിട്ടുള്ള സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കഥകൾക്കു് ആഖ്യായികയിൽ പ്രവേശം ലഭിച്ചു. കഥകൾ, കഴിയുന്നിടത്തോളം, യഥാർത്ഥ ചരിത്രാനുഭവങ്ങളെ ആസ്പദമാക്കി രചിയ്ക്കപ്പെട്ടാൽ നന്നായിരിക്കുമെന്ന അഭിപ്രായത്തിന്നു

വിലക്കൂടി. കല്പിതങ്ങളായകഥാംശങ്ങൾ അവയിലുണ്ടാക വയ്യെന്നില്ല. പക്ഷേ, യഥാത്ഥസംഭവങ്ങളോടു കൂട്ടിയിണക്കപ്പെടുന്ന സ്ഥിതിക്കു്, അവയിൽ അസംഭവ്യത എവിടെയെങ്കിലും തോന്നിയാൽ അതു മുഴച്ചുനില്ക്കുന്നതും ഒരു വൈലക്ഷണ്യമായി തോന്നുന്നതുമായിരിയ്ക്കുമല്ലോ. അതിനാൽ ഈ രീതിയിലുള്ള ആഖ്യായികകളെഴുതുവാനദ്യമിയ്ക്കുന്നവർ തങ്ങളുടെ കല്പനാശക്തിയെ ഒന്നു "കടിഞ്ഞാണിട്ടു പിടിയ്ക്കുന്നതു്" അത്യാവശ്യമാണു്. ചരിത്രപ്രസിദ്ധങ്ങളായ കഥാപാത്രങ്ങളെ വണ്ണിക്കുന്നതിൽ കേവലം മനോധമ്മം മാത്രം പ്രയോഗിച്ചാൽ പോര; വാസ്തവം ഏതുവിധമായിരുന്നു എന്നുകൂടി ആരാഞ്ഞറിഞ്ഞു് അതനുസരിച്ചു വണ്ണിയ്ക്കണം. ഇങ്ങനെയുള്ള ആഖ്യായികകൾക്കു്, തന്നിമിത്തം ചരിത്രദൃഷ്ട്യാ കുറെക്കൂടി ഉൽക്കഷമുണ്ടെന്നു പറയാം. ഇവയ്ക്കു ചരിത്രഗ്രന്ഥങ്ങളേക്കാളധികം ഹൃദയാവജ്ജകത്വമുണ്ടെന്നുള്ളതും പ്രസിദ്ധമാണു്. എന്തെന്നാൽ, ശാസ്ത്രീയരീതിയിൽ എഴുതപ്പെട്ടിട്ടുള്ള കേവലചരിത്രഗ്രന്ഥങ്ങൾ എല്ലാവരേയും ഒരുപോലെ ആകർഷിക്കണമെന്നില്ല. നേരെമറിച്ചു്, ചരിത്രവിഷയങ്ങളെ വിശദീകരിയ്ക്കുന്ന ആഖ്യായികകളിൽ ധാരാളം രസപ്രദങ്ങളായ കാവ്യാംശങ്ങളുമുണ്ടു്. (മലയാളത്തിൽ, ഉദാഹരണം "മാത്താണ്ഡവമ്മ")

ആഖ്യായികയുടെ വളച്ച്യിൽ അടുത്ത പടിയാകുമ്പോഴേയ്ക്കും അതിൽ ജീവിതയാഥാത്ഥ്യങ്ങൾക്കു കൂടുതൽ പ്രാധാന്യം സിദ്ധിയ്ക്കുന്നു. വിഷയം സാമുദായികം;

കഥാപാത്രങ്ങൾ മിക്കവാറും യഥാൎത്ഥ ജീവിതത്തിൽ കാണുന്ന സ്ത്രീപുരുഷന്മാരുടെ പതിപ്പുകൾ; സംഭാഷണം പോലും ജീവിതത്തിൽ കാണുന്നതിന്റെ നേരു പകർപ്പ്; ആചാരസമ്പ്രദായങ്ങൾ സമുദായത്തിൽ ശരിയായി നടപ്പുള്ളവതന്നെ—എന്തിനേറെപ്പറയുന്നു, ആഖ്യായിക ആകപ്പാടെ സാമുദായിക ജീവിതാംശങ്ങളെ പിഴക്കൂടാതെ യഥാതഥം പ്രതിഫലിച്ചു കാണിയ്ക്കുന്ന ഒരു മുകുരമായിപ്പരിണമിയ്ക്കുന്നു. ഗൌരവമേറിയ ചരിത്രഗ്രന്ഥങ്ങളാൽ നിസ്സാരങ്ങളായി തള്ളിക്കളയപ്പെടുന്ന അസംഖ്യം വസ്തുതകളെ വിസ്തരിച്ചു രേഖപ്പെടുത്തുന്ന ഇത്തരം ആഖ്യായികകളിൽ നിന്ന്, കഥ നടന്നതായി പറയുന്ന സ്ഥലകാലങ്ങളെക്കുറിച്ച് സവിസ്തര പരിജ്ഞാനം നമുക്കു സമ്പാദിയ്ക്കുവാൻ സാധിക്കുന്നതിലെന്താണ് അത്ഭുതം? ഇവ നല്ലവണ്ണം പഠിയ്ക്കുന്നതായാൽ തന്നെ സാമാന്യമൊരു ചരിത്രമെഴുതുന്നതിന്നുള്ള സാമഗ്രികളെല്ലാം നമുക്കു സിദ്ധിക്കുന്നതായിരിയ്ക്കും. ഈ രീതിയിലുള്ള ആഖ്യായികകളെമാത്രമാണ് ചിലർ നോവലെന്നപദംകൊണ്ടു വ്യവഹരിച്ചു വരുന്നത്. നോവലിൽ കഥയ്ക്ക് അത്രതന്നെ പ്രാധാന്യമില്ല. പാത്രസ്വഭാവോന്മീലനം, സംഭാഷണരീതി, ആചാരസമ്പ്രദായങ്ങളുടെ വിവരണം മുതലായവയിൽ യാഥാൎത്ഥ്യങ്ങളെ എത്രത്തോളം ശരിയായും താദാത്മ്യത്തോടുകൂടിയും അനുകരിപ്പാൻ കഴിയുമെന്നാണ് ഗ്രന്ഥകാരൻ നോക്കുന്നതെന്നു തോന്നിപ്പോകും. അപ്പോൾ, ഗ്രന്ഥകാരനു കല്പനാശക്തിയല്ല അധികം ആവശ്യമായിട്ടുള്ളത്, നല്ല ലോകാവലോകനശക്തിയും, വൎണ്ണനാപാടവവുമാണ് അധികം

വേണ്ടതു്. (ഇത്തരത്തിന്നു് എല്ലാം തികഞ്ഞ ഒരു ഉദാഹരണം തൽക്കാലം മലയാളത്തിൽ കിട്ടുവാൻ പ്രയാസം; എങ്കിലും ഇന്ദുലേഖയിലേയും ശാരദയിലേയും മററും പല ഭാഗങ്ങൾ നോക്കാം.)

സ്ഥൂലലോകത്തെക്കുറിച്ചു പ്രതിപാദിയ്ക്കുന്ന ഭൗതികശാസ്ത്രങ്ങൾ പൂർവ്വാധികം അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള നവീനകാലത്തെ പ്രതിഫലിയ്ക്കുന്നവയായ "ഡിററക്ടീവ്" നോവലുകൾ (കുററം തെളിയിയ്ക്കുക എന്ന വിഷയത്തോടുകൂടിയവ) മുതലായ പല അവാന്തരവിഭാഗങ്ങളും മലയാളത്തിൽ വളൎന്നിട്ടുണ്ടു് (ഉദാഹരണം "ഭാസ്കരമേനോൻ).

ഇത്രയും പറഞ്ഞതിൽനിന്നു രണ്ടു തത്വങ്ങൾ സ്പഷ്ടമാകുന്നുണ്ടു്. (ക) കേവലാ അലൌകികതത്വത്തിൽനിന്നു് പൂൎണ്ണലൌകികതത്വത്തിലേയ്ക്കുള്ള പരിണാമമാണു് ആഖ്യായികയുടെ വളൎച്ചയിൽ പ്രതിഫലിയ്ക്കുന്നതെന്നു പറഞ്ഞാൽ വലിയ തെററില്ല; (ഖ) പരിതഃസ്ഥിതിഗതികളെ സൂക്ഷ്മാവലോകനം ചെയ്തു യഥാതഥം തന്മയത്വത്തോടുകൂടി വൎണ്ണിക്കുന്നതിലുള്ള പാടവത്തിൻെറ ഉൽക്കർഷത്തിനാണു് ആഖ്യായികാചരിത്രത്തിൻെറ പരിണാമദശയിൽ മൂല്യാധിക്യം കല്പിച്ചുകാണുന്നതു്.

പരിഷ്കാരഭ്രമമെന്നു നാം സാധാരണമായി വ്യവഹരിച്ചു വരാറുള്ളതും, ദിനംപ്രതി അഥവാ നിമിഷംപ്രതി, എന്നപോലെ മാറിക്കൊണ്ടിരിയ്ക്കുന്നതുമായ ആ വിചിത്ര

വൃത്തി ആചാരവസ്ത്രാലങ്കാരാദികളിലെന്നപോലെ സാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നാണു് സാഹിത്യചരിത്രം നമ്മെ പഠിപ്പിക്കുന്നതു്.

കാലക്രമേണ നോവലുകൾക്കു ദൈർഘ്യവും പാരായണക്ലേശവും കൂടുതലാണെന്നു തോന്നി ജനസാമാന്യം ചെറുകഥകൾ വായിപ്പാൻ ഔത്സുക്യാധിക്യം പ്രദർശിപ്പിച്ചു തുടങ്ങി. ഇതു ചെറുകഥയുടെ കാലമാണെന്നുതന്നെ പറയാം. ഇന്നു പത്ര പ്രവർത്തകന്മാർക്കും സാഹിത്യകാരന്മാർക്കും വിജയം സിദ്ധിക്കേണമെങ്കിൽ ചെറുകഥകളെ ആശ്രയിക്കാതെ നിവൃത്തിയില്ലെന്നായിട്ടുണ്ടു്.

# 4. ചൈനയിലെ സ്ത്രീകൾ

കിട്ടുന്നിതാൺകുഞ്ഞിനശം കളിയ്ക്കുവാൻ;
പട്ടുകിടക്ക കിടക്കവാനും;
പെൺകുഞ്ഞിനായാൽ കിടപ്പാൻ നിലംതന്നെ,
മൺകട്ടമാത്രം കളിയ്ക്കുവാനും!

ചൈനയിലെ പഴക്കമേറിയ ഒരു നാടൻ പാട്ടിന്റെ ശകലമാണു് മേലുദ്ധരിച്ചിട്ടുള്ളതു്. അതിൽനിന്നു് അവിടെ പ്രാചീനകാലത്തു നിലവിലിരുന്നിരുന്ന സ്ത്രീപുരുഷ വ്യത്യാസം ഏതാണ്ടു് ഊഹിയ്ക്കാവുന്നതാകുന്നു. സ്ത്രീകൾക്കു പുരുഷന്മാരോടു തുല്യമായ ഒരു സ്ഥാനം നൽകുന്നതിനെ തടയുന്ന എന്തോ ഒന്നു ചൈനാക്കാരുടെ രക്തത്തിൽ കുടികൊണ്ടിരുന്നുവോ എന്നു തോന്നിപ്പോകും. "അംഗനാനീതി" എന്ന പ്രസിദ്ധ ചൈനീസ് ഗ്രന്ഥത്തിന്റെ പ്രണേത്രി, സ്ത്രീകൾ അവശ്യം അനുസരിയ്ക്കേണ്ട ചില മുറകളെ എടുത്തുകാണിച്ചിട്ടുള്ള കൂട്ടത്തിൽ "കന്യക പിതാവിനേയും, ഭാര്യ ഭർത്താവിനേയും, വിധവ പുത്രനേയും കീഴ്‌വണങ്ങണം" എന്നിങ്ങനെ വിധിച്ചിരിയ്ക്കുന്നു. എന്നാൽ ഇതിൽ ഒടുവിൽ പറഞ്ഞപ്രകാരമുള്ള പുത്രാധീനതമാത്രം, ഗൃഹത്തിൽ മാതാവിനുള്ള മേൽക്കൈ നിമിത്തം, മിക്കവാറും കൂടാതെ കഴിയ്ക്കാമായിരുന്നു.

ഭാര്യയ്ക്കു പുനർവിവാഹം സർവ്വഥാ നിഷിദ്ധംതന്നെ; പക്ഷേ ഭർത്താവിനു് അതു് എത്രയെങ്കിലും ആവാം!

സ്ത്രീകൾക്ക ഏതു ദശയിലും അത്യാവശ്യമായിട്ടുള്ള ഗുണം പാതിവ്രത്യമാണെന്നു സമുദായനീതിജ്ഞന്മാർ ആവൎത്തിച്ചുറപ്പിച്ചു. എന്നു മാത്രമല്ല; സ്ത്രീകളിൽ ഏററവും അഭിലഷണീയമായിട്ടുള്ളതു ത്യാഗസന്നദ്ധത, സ്വഭാവസ്ഥൈൎയ്യം, ധൈൎയ്യം എന്നിവയാണെന്നും അവർ ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. ഒരിക്കൽ ഒരു സ്ത്രീയുടെ കൈ ഒരു ഹോട്ടൽക്കാരൻ, എന്തോ കാരണത്താൽ, പിടിച്ചു വലിച്ചു; ഉടനെ ആ സതീരത്നം പരകരസ്പൎശമേററ തന്റെ കൈ അവിടെവെച്ചുതന്നെ സധൈൎയ്യം വെട്ടിമുറിച്ചിട്ടു! മററൊരു പതിവ്രതാമാതൃകയാകട്ടേ, വ്രണപ്പെട്ടു കിടന്നിരുന്ന തൻെറമാറിടം വൈദ്യനെപ്പോലും കാണിപ്പാൻ മടിച്ചു, കുസൽകൂടാതെ ക്ലേശങ്ങൾ അനുഭവിച്ചു, മരണം വരിച്ചു! ഇങ്ങനെയുള്ള ധീരവനിതകളെയാണ് പണ്ടത്തെ ചൈനാക്കാർ മുക്തകണ്ഠം പ്രശംസിച്ചിരുന്നതു്. പുനൎവ്വിവാഹം കഴിക്കാത്ത വിധവകൾ വീട്ടുകാരുടെയും നാട്ടുകാരുടെയും ബഹുമതിയ്ക്കു പാത്രീഭവിച്ചിരുന്നു; രാജസ്ഥാനത്തുനിന്നു ചില പ്രത്യേകാവകാശങ്ങളും അവൎക്കു ലഭിച്ചിരുന്നു.

എന്നാൽ കാലക്രമേണ ഇതിനെല്ലാം ഒരു മാററം വന്നു. രത്നഹാരങ്ങളെക്കൊണ്ടുള്ള പ്രലോഭനം അബലകളെ വേശ്യാവൃത്തിയിലേയ്ക്കു വഴിതിരിച്ചുവിടുവാൻ തുടങ്ങി. വിഷയലമ്പടന്മാരായ രാജാക്കന്മാരും പ്രഭുക്കന്മാരും ധനവാന്മാരും അവൎക്കു വേണ്ടുവോളം പ്രോത്സാഹനം നല്കി. അനേകം വേശ്യകളെ പുലൎത്തിയിരുന്ന ഒരു രസികൻ അവരെ ഏററവും നേരിയ പൂമ്പൊടി

വിതറിയ ഒരു കിടക്കമേൽക്കൂടെ നടത്തുകയും, അതിൽ കാലടിപ്പാടു പതിയാതെ നടക്കുവാൻ സാധിച്ചവക്കു രത്നഹാരങ്ങൾ സമ്മാനിയ്ക്കുകയും, മററുള്ളവരെ കൃശാംഗിമാരാക്കുവാൻവേണ്ടി പട്ടിണിയിടുകയും ചെയ്തുവത്രെ! ഇങ്ങനെയുള്ള ചാപല്യങ്ങൾ മുഴുത്തുതുടങ്ങിയപ്പോഴാണ്, വനിതകളുടെ കാലടികളെ കെട്ടിമുറുക്കി കൈപ്പടത്തെക്കാൾ ചെറുതാക്കുന്ന ഏൎപ്പാടു നടപ്പിൽ വന്നതു്.

ഇക്കാലമായപ്പൊഴേയ്ക്കും അവരുടെ ഇടയിൽ സാപത്ന്യഫലമായുണ്ടാകുന്ന ഈൎഷ്യാകലഹങ്ങൾ കലശലായി വൎദ്ധിച്ചതായും കാണ്മാനുണ്ടു്. അന്നു സ്ത്രീജിതന്മാരായ ഉദ്യോഗസ്ഥന്മാർ വ്രണിതവദനന്മാരായി രാജസദസ്സിൽ സന്നിഹിതരാവുകയും, തന്മൂലം, വേണ്ടുവോളം ക്ഷമ കാണിയ്ക്കാതെ അവക്കു് ഉപദ്രവമുണ്ടാക്കിത്തീൎത്ത ധൎമ്മപത്നിമാർ രാജശാസനമനുസരിച്ചു ശിക്ഷിയ്ക്കപ്പെടുകയും ചെയ്തിരുന്നു. ഒരിയ്ക്കൽ ഒരു സരസകവി ("ലിയുപോയു") ഒരു നദീദേവി ("ലോ")യെ വാഴ്ത്തിക്കൊണ്ടു ചില ശൃംഗാരഗാനങ്ങളുണ്ടാക്കി പാടുകയും, ആ ദേവി ഒരു ഭാൎയ്യയുടെ നിലയിൽ എത്ര രമണീയമായിരിയ്ക്കുമെന്നു തൻെറ ധൎമ്മദാരങ്ങൾ കേൾക്കേ ദീർഘനിശ്വാസപൂൎവ്വം അഭിപ്രായപ്പെടുകയും ചെയ്തപ്പോൾ, അവൾ സഹിയ്ക്കവയ്യാതെ ഇപ്രകാരം പറഞ്ഞു:—"നിങ്ങൾ ആ നദീദേവിയെ പുകഴ്ത്തിക്കൊണ്ടു് എന്നെ എന്താണിങ്ങനെ അവമാനിയ്ക്കുന്നതു്? ഞാൻ മരിച്ചാൽ തീൎച്ചയായും ഒരു നദീദേവതയായി മാറുന്നതാണ്!" അന്നു രാത്രിതന്നെ അവൾ ഒരു പുഴയിൽ ചാടി ആത്മഹത്യ

ചെയ്തു. അവിടന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ അവൾ ഭർത്തൃസമക്ഷം സ്വപ്നത്തിൽ ആവിർഭവിച്ച് അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "അങ്ങയ്ക്കു് ഒരു നദീദേവതയെ വിവാഹം ചെയ്യുവാനായിരുന്നല്ലോ മോഹം; ഞാനിതാ അത്തരത്തിലുള്ള ഒരു ദേവതയായിത്തീർന്നിരിയ്ക്കുന്നു!" ഈവിധത്തിൽ അവൾ തന്റെ കൃതാർത്ഥതയെ പ്രകാശിപ്പിച്ചു. പ്രസ്തുത സംഭവത്തിനുശേഷം ആ ഭർത്താവു തന്റെ ജീവിതകാലത്തിലൊരിയ്ക്കലും യാതൊരു പുഴയും കടക്കുവാൻ ധൈര്യപ്പെട്ടില്ലപോലും! ഈർഷ്യാകലുഷയായ നായിക ആത്മഹത്യചെയ്ത ആ കടത്തിനു പിന്നീടു് "ഈർഷ്യാവതിയുടെ കടത്തു്" എന്ന പേരിൽ സാമാന്യജനത്തിന്റെ ഇടയിൽ ശാശ്വതപ്രതിഷ്ഠ ലഭിച്ചു. പുഴയുടെ ആ ഭാഗത്തെത്തുമ്പോൾ സകല സ്ത്രീകളും തങ്ങളുടെ വേഷഭൂഷണങ്ങളെ വികൃതങ്ങളാക്കുക പതിവായി. അങ്ങനെ ചെയ്തില്ലെങ്കിൽ, ഒരു ഭയങ്കരമായ കോളിളക്കം ഉണ്ടാവുകയും യാത്രക്കാർക്കു് എന്തെങ്കിലും അപായം നേരിടുകയും ചെയ്യുമെന്നു തീർച്ചതന്നെ! എന്നാൽ വൈരൂപ്യം തികഞ്ഞ സ്ത്രീകൾക്കുമാത്രം യാതൊന്നും ഭയപ്പെടുവാനുണ്ടായിരുന്നില്ല! അവരോടു നദീദേവിയ്ക്കു് എന്തിനാണു് ഈർഷ്യ? കോളിളക്കംകൂടാതെ കടത്തു കടക്കുവാൻ കഴിഞ്ഞ സ്ത്രീകളാകട്ടേ, തങ്ങളുടെ വൈരൂപ്യം പ്രഖ്യാപിതമായിത്തീർന്നതുപോലെ കരുതുകയും ചെയ്തു! ഇങ്ങനെ ചൈനയിലെ സ്ത്രീകളുടെ ചരിത്രത്തിൽ സാപത്ന്യമാത്സര്യംകൊണ്ടു കലുഷമായിത്തീർന്ന ഒരധ്യായം കാണുന്നതു ഭർത്താക്കന്മാർ വേശ്യാലമ്പടന്മാരായി ഭവിച്ചുതുടങ്ങിയ ഒരു കാലത്താ

ണെന്നും സ്പഷ്ടമാകുന്നു. ഭർത്താക്കന്മാരുടെ ന്യായം, ഒരു ടീപ്പോട്ടിനു ഒന്നിലധികം കപ്പുകൾ ആവാമെങ്കിലും, ഒരു കപ്പിനു ഒന്നിലധികം ടീപ്പോട്ട പതിവില്ല എന്നായിരുന്നു. അതിനു സമാധാനമായി ഒരു വിദുഷി അനന്തരകാലത്തു പറഞ്ഞതു് ഒരു കപ്പിൽ ഒന്നിലധികം തവികൾ ഇട്ടാൽ കൂട്ടിമുട്ടി ഒച്ച ഉണ്ടാക്കാതിരിയ്ക്കയില്ലെന്നു മാണു്!

സ്ത്രീകളിൽ കാണുന്ന ഈ സപത്നീസ്പർദ്ധ കേവലം സ്വാഭാവികമാണെന്നും, ഒട്ടുംതന്നെ ആക്ഷേപാർഹമല്ലെന്നും ചൈനയിലെ ചിന്തകന്മാർ അനന്തരകാലങ്ങളിൽ തുറന്നുപറഞ്ഞിട്ടുള്ളതുകൂടി ഇവിടെ സ്മരിയ്ക്കേണ്ടതാകുന്നു. സ്ത്രീകൾക്കു ആത്മരക്ഷാർത്ഥം പ്രയോഗിക്കുവാനുള്ള ഏകായുധമത്രേ ഈർഷ്യ. ഇതിന്റെ ശക്തികൊണ്ടുവേണം അവൎക്കു തങ്ങളുടെ ഭർത്താക്കന്മാരെ പരസ്ത്രീഗമനത്തിൽനിന്നു വിലക്കുവാൻ. സ്ത്രീകൾക്കു പ്രകൃതിയ്ക്കൊത്തു് ഏററവും നല്ലതായ ഒരു തൊഴിലുള്ളതാണു് വൈവാഹികജീവിതമെന്ന തത്വം പുരുഷന്മാർ മറക്കരുതു്. അവൎക്കു തങ്ങളുടെ ഭർത്താക്കന്മാരുടെ പ്രീതിയിൽ കുറവുവരിക എന്നുവെച്ചാൽ, ഒരു തൊഴിലാളിയ്ക്കു തന്റെ മേലാളിയുടെ നീരസമേല്ക്കേണ്ടിവരുന്നതിനോടു് സമം, മനസ്സിടിഞ്ഞു പോകുന്നതിൽ അത്ഭുതമില്ല. കച്ചവടത്തിലും വ്യവസായത്തിലും കാണുന്ന തൊഴിൽമത്സരംപോലെതന്നെയാണത്രേ പ്രേമവിഷയകമായി സ്ത്രീകളിലുണ്ടാകുന്ന ഈർഷ്യാബുദ്ധി. "തൊഴിലില്ലായ്മ" എന്ന ശോച്യാവസ്ഥയ്ക്കു വിധേയീഭവിയ്ക്കുന്നവരോടു സാമ്യം വഹിയ്ക്കുന്നവ

രത്രേ അവിവാഹിതകൾ. ഇങ്ങനെയെല്ലാമാണ് ചൈന യിലെ പ്രാമാണികന്മാരുടെ അഭിപ്രായഗതി എന്നറിയു മ്പോൾ അവക്ക് ഇന്നു സ്ത്രീകളോടുള്ള മനോഭാവം ഏക ദേശം ഏതുവിധത്തിൽ രൂപാന്തരപ്പെട്ടിട്ടുണ്ടെന്ന് ഊഹി യ്ക്കാമല്ലോ.

പതിനേഴാം ശതവഷത്തിൽപ്പോലും ഭാര്യമാർ തങ്ങ ളുടെ ഭത്താക്കന്മാരെ വശീകരിച്ചിരുന്ന വേശ്യാസ്ത്രീകളോ ടുമല്ലിട്ടു" അത്യാപത്തുകളുണ്ടാക്കീട്ടുള്ളതിനു ലക്ഷ്യങ്ങളുണ്ടു". ചൈനയിൽ, വാസ്തവത്തിൽ വേശ്യാവൃത്തി ഒരു രാഷ്ട്രീയ സ്ഥാപനമെന്നപോലെ തഴച്ചുവന്നതായി തോന്നി പ്പോകും. അതിനുള്ള ചില പ്രത്യേക കാരണങ്ങളും അവിടത്തെ സമുദായ ശാസ്ത്രവിദഗ്ദ്ധന്മാർ ചൂണ്ടിക്കാണി ച്ചിട്ടുണ്ടു". കുലീനകളായ കന്യകമാക്കു അധികം വിദ്യാ ഭ്യാസം പാടില്ല, സംഗീതയന്ത്രങ്ങൾ ഉപയോഗിച്ചുക്രൂടാ എന്നും മററും നിഷ്കഷിച്ചിരുന്ന സ്ഥിതിയ്ക്കു", പുരുഷ ന്മാക്കു സ്വല്പം സംഗീതംകേട്ടു രസിയ്ക്കുകയോ, നാനാവി ഷയങ്ങളെക്കുറിച്ചു" അറിവോടുക്രൂടി ആശയവിനിമയം ചെയ്തു ഉല്ലസിയ്ക്കുകയോ വേണമെന്നു തോന്നിയാൽ, കുലീ നകളെസ്സംബന്ധിച്ചുള്ള നിയമങ്ങളൊന്നും ബാധിയ്ക്കാ ത്തവരും അഭ്യസ്തവിദ്യകളും സംഗീതാദികലാവിദഗ്ദ്ധകളു മായ ഗണികമാരോടുക്രൂടി സഹവസിയ്ക്കുകതന്നെ വേണ്ടി വന്നു. അവരാകട്ടെ, താദൃശപുരുഷന്മാരെ ആകഷിയ്ക്കു ന്നതിനുള്ള സകലവിധ കൌശലങ്ങളേയും നിസ്സങ്കോചം പ്രയോഗിയ്ക്കുകയുംചെയ്തു. രാജ്യകാര്യങ്ങളിൽ ഗണ്യമായ ഉത്തരവാദിത്വം വഹിച്ചിരുന്നവരും, കേളികേട്ട വിദ്വാ

ന്മാരും, പ്രമാണികളായ ഉദ്യോഗസ്ഥന്മാരും, പ്രഭുക്കന്മാരും ധനികന്മാരും മററും സ്വച്ഛന്ദം ഗണികാജനങ്ങളുടെ വസതികളെ സന്ദശിച്ചതിൻെറ ഫലമായി അവയ്ക്കു ക്രമേണ രാഷ്ട്രീയ പ്രാധാന്യംകൂടി സിദ്ധിയ്ക്കുവാനിടയായി. ചിലപ്പോറം ഗണികമാരിൽ ചിലരെ അവർ കൂട്ടിക്കൊണ്ടുപോയി തങ്ങളുടെ ഗൃഹങ്ങളിൽ ധമ്മപത്നിയോടൊപ്പംതന്നെ താമസിപ്പിയ്ക്കുകയും ചെയ്തു. പാശ്ചാത്ത്യരാജ്യങ്ങളിലെപ്പോലെ വിവാഹമോചനസൌകയ്യമില്ലാത്ത ചൈനയിൽ ഇരുകൂട്ടരും ഒരേഗൃഹത്തിൽ ഒരു മട്ടിലങ്ങനെ കഴിഞ്ഞുകൂടിയില്ലെന്നില്ല. വിശേഷിച്ചു്, പുരുഷസന്താനത്തിൻെറ ആവശ്യകതയിൽ ഉറച്ച വിശ്വാസമുണ്ടായിരുന്ന ചൈനീസ് ധമ്മപത്നി, അവറക്ക പുരുഷപ്രജയുടെ മാതാവാകാൻ സാധിച്ചില്ലെങ്കിൽ, അതിനുവേണ്ടി ഭത്താവിൻെറ പരസ്ത്രീഗമനത്തെക്കുറിച്ചു പരിഭവിച്ചുമില്ല. എന്നല്ല, അതിനെ അനുകൂലിയ്ക്കുന്നവിധത്തിലുള്ള ചില നിയമങ്ങളും ഇടക്കാലത്തു നടപ്പിലുണ്ടായിരുന്നു. വേശ്യാസ്ത്രീകറം പലപ്പോഴും സുകുമാരകലകളുടെ നിക്ഷേപങ്ങളായിരുന്നതുകൊണ്ടു് അവർവഴിയ്ക്കു് അവ ചൈനയിൽ പരമ്പരാഗതമായ വളച്ച്ചയെ പ്രാപിയ്ക്കുകയും ചെയ്തു. അങ്ങനെയൊക്കെയാണെങ്കിലും, കുറേക്കാലം വേശ്യാലമ്പടന്മാരായി കഴിച്ചുകൂട്ടിയതിനുശേഷം ബുദ്ധിമുട്ടു ധമ്മപത്നിയുടെ അടുക്കലേയ്ക്കുതന്നെ തിരിച്ചുചെന്നു മനസ്സമാധാനം തേടിയ ഭത്താക്കന്മാരും ഒട്ടും കുറവല്ലായിരുന്നു എന്നു കാണ്മാനുണ്ടു്.

ഉപരിപ്ലവങ്ങളായ സംഗതികളെയെല്ലാം മാററിവെച്ചുകൊണ്ടു്, ചൈനയിൽ സ്ത്രീകറക്കു് ആന്തരമായുള്ള

സ്ഥാനമെന്തെന്നു പരിശോധിയ്ക്കുമ്പോൾ നമുക്കു തെളിഞ്ഞുകാണേണമാറാകുന്ന ഒരു വാസ്തവം, അവർ ശരിയായ ഗൃഹനായികമാരാകുന്നു എന്നുള്ളതാണു്. ചൈനീസ് ഗൃഹത്തിലെ ഭരണനിർവ്വഹണത്തിനു് ഉത്തരവാദം വഹിയ്ക്കുന്നതു സ്ത്രീതന്നെയാണു്. അവിടെ അവൾ ഒട്ടും അബലയല്ലതന്നെ. വീട്ടിന്നു പുറത്തും അവൾ തന്റെ ശക്തിയും സ്വാതന്ത്ര്യവും പലമാതിരി പ്രകാശിപ്പിയ്ക്കാറുണ്ടു്. പുരുഷന്മാർ കേറിയിരിയ്ക്കുന്ന മേനാവുകളെ സ്ത്രീകൾ ചുമന്നുകൊണ്ടുപോകുന്ന സമ്പ്രദായം ഇന്നും ചൈനയിൽ കാണാം. ചക്രവർത്തിയുടെ പിറകിൽ നിന്നുകൊണ്ടു സാമ്രാജ്യം ശരിയായി ഭരിച്ച സ്ത്രീകളും ചൈനയിലുണ്ടായിട്ടുണ്ടു്. എന്നാൽ ചൈനയിൽ സ്ത്രീകൾക്കു വിധിച്ചിട്ടുള്ള ശരിയായ സ്ഥാനം കുടുംബത്തിനുള്ളിൽത്തന്നെയാണു്. ഒരു നിവൃത്തിയുണ്ടെങ്കിൽ യഥാകാലം വിവാഹം കഴിച്ചു്, ഗൃഹഭരണം, ഭർത്തൃശുശ്രൂഷ, സന്താനപരിപാലനം എന്നീ പാവനകൃത്യങ്ങളിൽ വ്യാപൃതയായി നാൾ കഴിയ്ക്കുവാനാണു് ഒരു മാതൃകാ ചൈനീസ് വനിത ആഗ്രഹിയ്ക്കുന്നതു്. അതാണു് അവളുടെ ജീവിതപരമാദർശം. അതുകൊണ്ടു് അവൾക്കു യാതൊരുവക സ്വാതന്ത്ര്യക്കുറവുമുള്ളതായി തോന്നുന്നതുമില്ല. പുരുഷന്റെ ചവിട്ടടിയിൽ കിടന്നു മർദ്ദനമനുഭവിയ്ക്കുന്നവളാണു് താൻ എന്നു് ഒരു ഗൃഹനായിക സങ്കടപ്പെടുന്നതുമില്ല. ഗൃഹണീപദം സ്വാതന്ത്ര്യത്തിനോ സമത്വത്തിനോ വിഘാതം വരുത്തുന്നതായി അവൾക്കു അനുഭവപ്പെടുന്നില്ലെന്നു സാരം. പുരുഷനോടൊപ്പം

പൊതുകാൎയ്യങ്ങളിൽ സ്ത്രീയ്ക്കു് അവകാശങ്ങളില്ലെന്നു വെച്ചു് അവളുടെ സ്വാതന്ത്ര്യത്തിനോ സമത്വബോധത്തിനോ ഒട്ടും കോട്ടം തട്ടുന്നില്ല. അവളുടെ കൃത്യമണ്ഡലം അവൻേറതിൽനിന്നു ഭിന്നമാണു്; അതിൽ അവൾ പരമാധികാരം നടത്തുകയും ചെയ്യുന്നു. പിന്നെ എന്തിനാണു് അവൾ അതൃപ്തയാകുന്നതു്?

ആദ്യകാലത്തു നടപ്പുണ്ടായിരുന്ന മരുമക്കത്തായസമ്പ്രദായത്തിൻെറ അവശിഷ്ടങ്ങൾ ചൈനയിലെ സ്ത്രീകളുടെ സ്വഭാവത്തിൽ ഇന്നും ഏറെക്കുറെ കാണ്മാനുണ്ടു്. അന്നൊക്കെ സ്ത്രീകൾക്കു ധാരാളം സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നും സമകാലികങ്ങളായ ഗാനങ്ങളിൽ നിന്നു അനുമാനിയ്ക്കേണ്ടിയിരിക്കുന്നു. വിവാഹകാൎയ്യങ്ങളിലും മററും അവൎക്കു യഥേഷ്ടം പ്രവൎത്തിയ്ക്കാമായിരുന്നു. വിവാഹമോചനത്തിനും പുനൎവ്വിവാഹത്തിനും യാതൊരു വിഷമവുമുണ്ടായിരുന്നില്ല. പാതിവ്രത്യാരാധനം അന്നൊന്നും തുടങ്ങീട്ടുണ്ടായിരുന്നില്ലെന്നു സ്പഷ്ടം. പിന്നെയാണു് കൺഫ്യൂഷിയസ് എന്ന മതാചാൎയ്യവൎയ്യൻെറ വരവുണ്ടായതു്. അതോടുകൂടി സ്ത്രീപുരുഷവ്യത്യാസം പ്രബലതരമായിത്തീരുകയും ചെയ്തു. സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനു പല പരിമിതികളും കല്പിയ്ക്കപ്പെട്ടു. വിവാഹിതകൾക്കു സഹോദരന്മാരോടൊപ്പമിരുന്നു ഭക്ഷണം കഴിയ്ക്കുക വയ്യെന്നായി. പുരുഷൻെറ നിലയിൽനിന്നു നോക്കുമ്പോൾ എന്തെല്ലാം ഗുണങ്ങളാണോ സ്ത്രീകൾക്കാവശ്യമായിട്ടുള്ളതു്, ആ ഗുണങ്ങളെ പുഷ്ടിപ്പെടുത്തുകയാണു് സ്ത്രീധൎമ്മമെന്നും വന്നുകൂടി. അടക്കം, ഒതുക്കം, വിനയം, അനുസരണം, ഭൎത്തൃബന്ധ

മിത്രങ്ങളോടു ബഹുമാനം, അടുക്കളപ്പണിയിലും തുന്നൽ പ്പണിയിലും നൈപുണ്യം, വ്യവസായശീലം, ശുചിത്വം മുതലായവ സ്ത്രീയെ പുരുഷനിൽനിന്നു സവിശേഷം വ്യാവ ൎത്തിപ്പിച്ചു. ഭാൎയ്യ ഭൎത്താവിൻെറ അധീനത്തിൽതന്നെ വൎത്തിയ്ക്കണമെന്നായി വിധി. എന്നിരുന്നാലും, കൺഫ്യൂ ഷിയസ് സ്ത്രീകളെ അധഃകരിയ്ക്കുകയോ മൎദ്ദിയ്ക്കുകയോ ചെയ്യുന്നതിനെ ഒരിയ്ക്കലും അനുകൂലിച്ചില്ല. നേരേമ റിച്ചു് ജീവിതത്തിൽ ഭൎത്താവിൻെറ സഹപ്രവൎത്തകയാണു ഭാൎയ്യ എന്ന മതം അദ്ദേഹം പ്രഖ്യാപനംചെയ്തു. അവ രുടെ നിലകൾക്കു തമ്മിൽ വ്യത്യാസമുണ്ടെങ്കിലും, അതു് അവരുടെ ഇണക്കത്തിനു ഒട്ടുമൊരു തടവാകണമെന്നി ല്ലെന്നും അദ്ദേഹം സ്ഥാപിച്ചു. ഇന്നും ആ നില ഒരു വിധത്തിൽ തുടൎന്നുപോരുന്നു എന്നുതന്നെ പറയാം.

പാശ്ചാത്യരാജ്യങ്ങളിൽ കാണുന്നതുപോലെ പുരുഷ ന്മാരെ എല്ലാസംഗതികളിലും അനുകരിയ്ക്കുവാൻ ചൈന യിൽ സ്ത്രീകൾ പാടുപെടുന്നില്ല. ചൈനയിൽ സ്ത്രീകൾ തങ്ങളുടെ പരമാവകാശമായി കരുതിപ്പോരുന്നതു മാതൃ ത്വംതന്നെയാണു്. സ്ത്രീകളും പുരുഷന്മാരും യഥാകാലം വിവാഹം കഴിയ്ക്കാതിരിയ്ക്കുന്ന സമുദായം ഒട്ടും അഭിമാന ജനകമല്ലെന്നാണു് കൺഫ്യൂഷിയസിൻെറയും അഭിപ്രായം. ഒരു മാതൃകാസമുദായത്തിൽ സകല സ്ത്രീ പുരുഷന്മാരും വിവാഹിതരായിരിയ്ക്കുമത്രെ. മാതൃത്വത്തിൻെറ ആകൎഷ കത്വം അനുഭവിച്ചറിയുവാനാകാത്ത സ്ത്രീയെ പ്രകൃതി സൃഷ്ടിച്ചിട്ടില്ല. എത്ര പഠിപ്പും മിടുക്കും ഉണ്ടായിക്കൊ ള്ളട്ടെ, മാതൃത്വത്തിൽനിന്നു് ഒരു സ്ത്രീയ്ക്കു് അനുഭവിയ്ക്കു

വാൻ കഴിയുന്ന സുഖമൊന്നു വേറെതന്നെയാണ്. ഇങ്ങനെയെല്ലാമാണ് ചൈനയിൽ സ്ത്രീകളുടെനിലയെപ്പററിയുള്ള അഭിപ്രായത്തിൻെറ പോക്ക്.

പക്ഷേ, ഇന്ന് അതിലൊരു വലിയ മാററം വന്നുചേർന്നിട്ടുണ്ട്. വിശേഷിച്ച്, അടുത്ത പത്തുപതിനഞ്ചു കൊല്ലത്തിനടയ്ക്കുണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ പഴമക്കാരെ അമ്പരപ്പിയ്ക്കുന്ന തരത്തിലുള്ളവയാണ്. കാലടികളെ കെട്ടിവരിഞ്ഞു കൈപ്പടത്തോടൊപ്പം ചെറുതാക്കുന്ന പ്രാചീന വിലക്ഷണസമ്പ്രദായമെല്ലാം ഇപ്പോൾ പാടേ തിരോഭവിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ഇതിന് അമേരിയ്ക്കൻ ക്രിസ്തീയമതസംഘങ്ങൾ ഗണ്യമായ സഹായം ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ കൃത്യപരിധികളെ ഗൃഹാന്തർഭാഗത്തൊതുക്കുന്ന പണ്ടത്തെ ആദർശങ്ങൾ വിസ്തൃതങ്ങളായ നൂതനാദർശങ്ങൾക്കു വഴികൊടുത്തു പിന്മാറിക്കഴിഞ്ഞിരിയ്ക്കുന്നു. ഇപ്പോൾ അവർ ഏതുകാര്യത്തിലും, ഏതു പരിഷ്കാരത്തിലും പാശ്ചാത്യസഹോദരിമാരോടു കിടപിടിയ്ക്കത്തക്ക നിലയിൽ എത്തീട്ടാണിരിപ്പ്. ൧൯൧൧-ലുണ്ടായ രാഷ്ട്രീയവിപ്ലവത്തിൻെറ ഫലമായി ജനപ്രതിനിധിഭരണം നടപ്പിൽ വന്നതോടുകൂടി സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യപ്രാധാന്യം സിദ്ധിച്ചു. ൧൯൧൬—൧൭-ൽ ആരംഭിച്ച നവോജ്ജീവന പ്രസ്ഥാനം "മനുഷ്യരെ തിന്നുന്ന കൺഫ്യൂഷിയൻ സിദ്ധാന്ത"ങ്ങളോടു മല്ലിട്ടു "വിധവാപാതിവ്രത്യാ"ദർശത്തെ എതിർത്തു. ൧൯൧൯-ലെ "വിദ്യാർത്ഥിവിപ്ലവ"ത്തിൽ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും തോളോടുതോളുരുമ്മി നിന്നുകൊണ്ടാണ് പോരാടിയതു്.

൧൯൩൯—൨൦-ലെ രാഷ്ട്രീയപ്രക്ഷോഭണത്തിൽ വിദ്യാർത്ഥിനികൾ വഹിച്ച ഭാഗം സർവ്വഥാ അതിപ്രധാനമായ ഒന്നായിരുന്നു. ൧൯൨൨-നുശേഷം ഭരണവകുപ്പുകളിലെല്ലാം സ്ത്രീകൾ ഔദ്യോഗികസ്ഥാനങ്ങളെ കൈവശപ്പെടുത്തിത്തുടങ്ങി. പുത്രന്മാൎക്കും പുത്രിമാൎക്കും പിതൃസ്വത്തിനു തുല്യാവകാശം നല്കിക്കൊണ്ടുള്ള ഒരു നിയമവും പാസ്സായി. പുരുഷന്മാർ വേശ്യാസേവനത്തിലുള്ള ഭ്രമം നിലച്ചു സ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസത്തിനു പ്രചാരംസിദ്ധിച്ചു സ്ത്രീവിദ്യാലയങ്ങളുടെ സംഖ്യ നാടെങ്ങും വൎദ്ധിച്ചു. കായികാഭ്യാസങ്ങൾ, നീന്തൽ മുതലായവയിൽ മത്സരിയ്ക്കുവാൻ സ്ത്രീകൾ പുരുഷന്മാരോടൊപ്പം മുന്നോട്ടിറങ്ങി. വൃത്താന്തപത്രങ്ങൾ, സിനിമാമാസികകൾ, നഗ്നരൂപങ്ങളുടെ ചിത്രങ്ങൾ, സിനിമാതാരങ്ങളെക്കുറിച്ചുള്ള ഭ്രമം, സന്താനനിയന്ത്രണരീതികൾ, മിശ്രനൃത്തങ്ങൾ, പാശ്ചാത്യ വേഷഭൂഷണങ്ങൾ (വിശേഷിച്ചു്, അൎദ്ധനഗ്നതയിൽ തൽപ്പരത) മുതലായവയുടെ പ്രചാരം ചൈനയിലെ സ്ത്രീകളെ ഒന്നു നവീകരിയ്ക്കുകതന്നെ ചെയ്തു.

എന്നാൽ ഇന്നും ചൈനയിൽ സ്ത്രീകൾ രണ്ടു ഭിന്നവൎഗ്ഗങ്ങളായി കാണപ്പെടുന്നു. ഒന്നു്, പൊതുക്കാൎയ്യങ്ങളിലെല്ലാം മുന്നോട്ടു ചാടിക്കേറി ഒച്ചപ്പാടുണ്ടാക്കുന്ന പരിഷ്കാര വാഹിനികൾ; മറേറതു്, വലിയ ബഹളമൊന്നും കൂടാതെ, അടങ്ങിയൊതുങ്ങി ഗൃഹലക്ഷ്മികളായി ജീവിതം നയിയ്ക്കുന്നവർ. പാശ്ചാത്യസംസ്കാരത്തിന്റെ പ്രസരണം കൊണ്ടു് സ്ത്രീകൾക്കു് ഒട്ടും ഗുണമുണ്ടായിട്ടില്ലെന്നു പറയുവാൻ പാടില്ല. അവരുടെ കായികമായ ശക്തിയും പുഷ്ടിയും

പ്രത്യക്ഷമായി വളരെ വൎദ്ധിച്ചിട്ടുണ്ടു്. എന്നുമാത്രമല്ല അവരുടെ നടപടിയിൽ പണ്ടത്തെക്കാളധികം കൌതുകവും കാണ്മാനുണ്ടു്. ചൊറുക്കും ചൊടിയും പെണ്ണുങ്ങളിൽ അഴകോടൊപ്പംതന്നെ നിലകൊള്ളാവുന്ന ഗുണങ്ങളാണെന്നു് അവർ ഇന്നു വെളിവാക്കിയിരിയ്ക്കുന്നു. പക്ഷേ പാശ്ചാത്യവനിതകളെപ്പോലെയുള്ള സ്വതന്ത്രസ്വാതന്ത്ര്യതയും, “തനിയ്ക്കാൻപോന്ന” സ്വാശ്രയശീലവും, പൌരുഷവും മററും ചൈനയിലെ മഹിളകൾക്കു് ഇതുവരെ സമ്പാദിയ്ക്കുവാൻ സാധിച്ചിട്ടില്ല; സാധിയ്ക്കുകയുമില്ലായിരിയ്ക്കാം. അങ്ങനെയായാൽത്തന്നെ, അതുകൊണ്ടു് അവൎക്കു് ഒട്ടും ലജ്ജിപ്പാനോ കുണ്ഠിതപ്പെടുവാനോ അവകാശമില്ലെന്നുകൂടി അവർ ധരിയ്ക്കേണ്ടതാണു്. ദേശവൎഗ്ഗഭേദങ്ങളെ ആസ്പദമാക്കി സ്ത്രീകളുടെ ആന്തരസ്വഭാവത്തിനു പ്രകൃത്യാ ചില പ്രത്യേകതകളെല്ലാമുണ്ടായിരിയ്ക്കും; അവയ്ക്കനുസരിച്ചുള്ള വികാസമത്രേ യഥാൎത്ഥത്തിൽ അഭികാമ്യമായിട്ടുള്ള അഭിവൃദ്ധി.

# 5. കലയും കമലയും

വിദ്യയും വിത്തവും ഒരുമിച്ചു് ഒരു വ്യക്തിയിൽത്തന്നെ പുഷ്ടിയെ പ്രാപിയ്ക്കുക എന്നതു വളരെ ദുർല്ലഭമായേ ലോകത്തിൽ കാണാറുള്ളു. കലയും കമലയും തമ്മിൽ ഒരിയ്ക്കലും യോജിയ്ക്കാത്തവിധം എന്തോ ഒരു പരസ്പരസ്പർദ്ധ ആദികാലംമുതല്ക്കേ നിലനിന്നുപോന്നിട്ടുള്ളതുപോലെ തോന്നും. ഈ സംഗതി മിക്ക രാജ്യങ്ങളുടേയും ചരിത്രങ്ങൾ തെളിയിയ്ക്കുന്നുണ്ടു്. എന്നാൽ സംസ്കൃതഭാഷയിൽ ആയതു് ഏററവും ചമല്ക്കാരത്തോടുകൂടി വിശദമാക്കിയിരിയ്ക്കുന്നു. ഒന്നാമതു "കലാ" എന്നും "കമലാ" എന്നുമുള്ള ശബ്ദങ്ങൾതന്നെ സ്ത്രീലിംഗമാണല്ലോ. സംസ്കൃതഭാഷയിൽ, ആരംഭദശയിൽ ലിംഗത്തിനും അർത്ഥത്തിനും തമ്മിൽ സ്പഷ്ടമായ പൊരുത്തമുണ്ടായിരുന്നു എന്നും, പിന്നീടാണു് അതു തീരെ അവഗണിയ്ക്കപ്പെട്ടുപോയതെന്നും നാം ഓർക്കേണ്ടതാകുന്നു. സംസ്കൃതഭാഷകൊണ്ടു കൈകാര്യംചെയ്തിരുന്ന നമ്മുടെ പൂർവ്വികന്മാർ അവരുടെ ഭാവനയിൽ കണ്ടതു കലയെയും കമലയെയും (അതായതു വിദ്യയേയും ഭൌതികസമ്പത്തിനേയും) രണ്ടു സ്ത്രീകളായിട്ടാണെന്നുള്ളതിനു സംശയമില്ല. അങ്ങനെ സ്ത്രീസഹജമായ അന്യോന്യസ്പർദ്ധ, കലയ്ക്കും കമലയ്ക്കും തമ്മിലുണ്ടെന്നു് അവർ കണ്ടറിഞ്ഞു. അതുകൊണ്ടുമായില്ല, പൌരാണികന്മാർ ഒരു പടികൂടി മുന്നോട്ടു കയറി. കലയുടെ അധിഷ്ഠാനദേവതയായ സാക്ഷാൽ സരസ്വതി,

കമല (ലക്ഷ്മീദേവി) യുടെ സഹോദരനായ ബ്രഹ്മാവിൻെറ പത്നിയാണെന്നാണ് പൌരാണികന്മാർ കല്പിച്ചിട്ടുള്ളതു്. ഒരുവനു തൻെറ ഭാര്യയേയും സഹോദരിയേയും കൂട്ടിയിണക്കിക്കൊണ്ടുപോകുവാൻ എത്ര ഞെരുക്കമുണ്ടെന്നു "തറവാടി" കളോടു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. കലയ്ക്കും കമലയ്ക്കും തമ്മിലുള്ള സ്വാഭാവികമാത്സര്യത്തിന് ഇപ്രകാരം ഒരു കുടുംബകലഹച്ഛായകൂടി ഭാരതീയകവികളാൽ നല്കപ്പെട്ടു.

ഒരുകാര്യം അനുഭവസിദ്ധമാകുന്നു. കലയെ ആവേശപൂർവ്വം സേവിക്കുന്നവരിൽ കമല സാധാരണമായി പ്രസാദിക്കാറില്ല. ഇതിന് അപവാദങ്ങളുണ്ടെങ്കിൽ അവ അംഗുലീപരിമിതങ്ങളാണെന്നും ഉറപ്പിച്ചു പറയാം. ലോകോത്തരമഹാകവിയായ ഷേക്സ്പിയർ തൻെറ ഇരുപതുകൊല്ലത്തെ കലാസേവനംകൊണ്ടു ദാരിദ്ര്യവിമുക്തനായെന്നുമാത്രമല്ല ധനികനും കൂടിയായിത്തീൎന്നു എന്നതു ശരിതന്നെ. പക്ഷേ മററുവിഷയങ്ങളിലെന്നതുപോലെ ഇതിലും ഷേക്സ്പിയർ അപ്രതിമൻതന്നെയായിരുന്നു. മിൽട്ടൺ, വേർഡ്സ്വത്ത് മുതലായ കവീശ്വരന്മാർ കമലാപ്രസാദത്തിന്നായി പ്രയത്നിക്കുന്ന കാര്യത്തിൽ കേവലം ഉദാസീനന്മാരായിരുന്നു. വലിയ ക്ലേശമൊന്നും കൂടാതെ നിത്യവൃത്തി ഒരുവിധം ഒതുങ്ങിയനിലയിൽ കഴിച്ചുകൂട്ടുവാൻ സാധിച്ചാൽ അതുകൊണ്ടു സംതൃപ്തരായി, ആത്മീയാഹ്വാനമനുസരിച്ചു കലാശുശ്രൂഷയിൽതന്നെ അവരും അവരെപ്പോലെ പ്രശസ്തി നേടീട്ടുള്ള മററു മഹാകവികളും തങ്ങളുടെ ജീവിതസർവ്വസ്വത്തെ വിനിയോഗി

യ്യേയാണുണ്ടായിട്ടുള്ളത്. ചില സ്ത്രീകൾക്കുള്ളതുപോലെയുള്ള ഒരു ചപലസ്വഭാവം ചിലപ്പോൾ കമലയ്ക്കും ഉണ്ടോ എന്നു സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. അതെന്തെന്നല്ലേ? അങ്ങോട്ടുചെന്നു കെഞ്ചി, അടിപിടിച്ച്, രാപ്പകൽ ഐകാഗ്ര്യത്തോടേ സേവിക്കുന്നവരോട് ഒരു പുച്ഛഭാവം. അവരെ തിരിഞ്ഞുനോക്കുമോ എന്നുതന്നെ നല്ല നിശ്ചയമില്ല. അഥവാ, അവരിൽ താല്ക്കാലികമായി വലിയ പ്രീതി പ്രദർശിപ്പിച്ചാൽ തന്നെ, പിന്നീട്, എപ്പോഴെങ്കിലുമൊരിയ്ക്കൽ അവരെ വലിച്ചൊരേറുകൊടുക്കും. അതോടുകൂടി, അതുവരെ മാളികമുകളേറി ഞെളിഞ്ഞിരുന്നഅവക്ക്, അന്നുമുതൽ തോളിൽ മാറാപ്പു ഭേസേണ്ടതായും വന്നേയ്ക്കാം. വേറുതേയാണോ കമലയെ കേവലം അസ്ഥിരയായി വിദ്വാന്മാർ വിഭാവനം ചെയ്തിട്ടുള്ളത്?

എന്നാൽ കലയുടെ കാര്യം അങ്ങനെയല്ല. തന്നെ അചഞ്ചലമായ താല്പര്യത്തോടുകൂടി ഉപാസിയ്ക്കുന്ന ഭക്തന്മാരിൽ കലയുടെ പ്രസാദം മേല്ക്കുമേൽ തെളിഞ്ഞുവരികയല്ലാതെ, ഒട്ടും കുറഞ്ഞുപോകയില്ല. തന്നോടുള്ള പ്രതിപത്തി കേവലം ഉപരിപ്ലവമോ, അല്ലാ, ഗാഢമോ—ക്ഷണികമോ, അല്ലാ, സ്ഥിരമോ—എന്നും മററും പരീക്ഷിയ്ക്കുവാനായി തൻെറ ഉപാസകരെ കല വല്ലാതെ വിഷമിപ്പിച്ചേയ്ക്കാം. പക്ഷേ, ആ പരീക്ഷകളിൽ വിജയം നേടുന്നവക്ക് നിത്യശ്രേയോനിദാനമായ തൻെറ അനുഗ്രഹത്തേയും കല ഔദാര്യപൂർവ്വം നൽകുന്നതായിരിയ്ക്കും.

ആശ്രിതന്മാരെ ചതിയ്ക്കുന്ന പ്രകൃതി കലയ്ക്കില്ല; എന്നാൽ ഉദാസീനതയോ അലസഭാവമോ അനവധാനതയോ കലാസമക്ഷം ചെലവാകയുമില്ല. കമലയെസ്സംബന്ധിച്ചിടത്തോളം കലയുടെ നയം, "ലക്ഷ്മീസ്സമാവിശതു ഗച്ഛതു വാ യഥേഷ്ടം" എന്നുമാത്രമാണു്. കലയുടെ ഭക്തന്മാരിൽ പലക്കും കമലാപ്രസാദം പലപ്പോഴും സിദ്ധിച്ചിട്ടുണ്ടായിരിയ്ക്കാമെങ്കിലും, കമലയുടെ കഠിനമായ പ്രാതികൂല്യം നിമിത്തം അവരിൽ ദരനേകംപേക്കും മരണപര്യന്തം നരകദുഃഖം അനുഭവിയ്ക്കേണ്ടതായും വന്നിട്ടുണ്ടു്. അക്കൂട്ടത്തിൽ ചിലർ ആത്മഹത്യതന്നെ ചെയ്തു (ഊനവിംശതിവഷനായ ചാററട്ടൺ ചെയ്തതുപോലെ) അകാലമൃത്യുവിനു് ഇരയായി തീൎന്നിട്ടുമുണ്ടു്. എന്നാൽ അതിൻെറ ഫലമെന്താണു്? ലോകചരിത്രത്തിൽ അവക്കു ശാശ്വതമായ ഉൽകൃഷ്ടസ്ഥാനങ്ങൾ ലഭിയ്ക്കുകതന്നെ ചെയ്തു. കമലാനുനയത്തിൽ ഉദാസീനന്മാരോ അപടുക്കളോ വിമുഖന്മാരോ ആയിരുന്നവർ, തങ്ങളുടെ ജീവിതം മുഴുവൻ കലാപരിചര്യയ്ക്കായി വിനിയോഗിച്ചു് ഇഹലോകവാസം വെടിഞ്ഞതിനുശേഷം, അനന്തരകാലീനന്മാരുടെ ഭാവനാക്ഷേത്രത്തിൽ പ്രതിഷ്ഠനേടി എന്നെന്നേയ്ക്കും ആരാധനാമൂത്തികളായി പരിലസിയ്ക്കുന്നു. പ്രത്യുത, കമലാപരിചരണത്തിനു മാത്രമായി ജീവിതം ഉഴിഞ്ഞിട്ടു മൺമറഞ്ഞുപോകുന്നവരോ, ജലാശയങ്ങളിലെ ബുൽബുദങ്ങളെപ്പോലെ വിസ്മരിയ്ക്കപ്പെട്ടുകയും ചെയ്യുന്നു. ഇപ്രകാരമുള്ള രണ്ടു സരണികളിൽ ഏതാണു അധികം ആശാസ്യമായിട്ടുള്ളതു് എന്നാണെ

ങ്കിൽ അതു് ഓരോരുത്തരുടെ അവലോകനകോടിയെ ആശ്രയിച്ചിരിയ്ക്കുമെന്നുമാത്രമേ പറയുവാൻ നിവൃത്തിയുള്ളൂ. കലയുടേയും കമലയുടേയും പ്രീതിയ്ക്കു് ഒരേസമയംതന്നെ പാത്രമാകുന്നവർ തീർച്ചയായും മഹാഭാഗ്യവാന്മാർതന്നെ. പക്ഷേ അവരുടെ സംഖ്യ വളരെ കുറവാണെന്നു് ഇതുവരെയുള്ള ലോകചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണു്.

കലയ്ക്കു കമലയോടു് അത്രതന്നെ വിരോധമുണ്ടെന്നു തോന്നുന്നില്ല; എന്നുവരികിലും ഒരു സംഗതിയിൽമാത്രം കുറെ നിർബ്ബന്ധമുള്ളതുപോലെ തോന്നുന്നുണ്ടു്. അതെന്തെന്നാൽ കേവലം കമലയുടെ പ്രീതി നേടുന്നതിനുവേണ്ടിമാത്രമായി ചിലർ കലയെക്കൊണ്ടു കമലയുടെ ദാസീകൃത്യമെടുപ്പിയ്ക്കാറുണ്ടു്; അതു കലയ്ക്കു സഹിയ്ക്കവയ്യാത്ത ഒരവമതിയാണു്; അതിനെ കല പ്രതികാരബുദ്ധിയോടെ വീക്ഷിയ്ക്കുകയും ചെയ്യും. ഈ വിധത്തിൽ കലയെക്കൊണ്ടു ചേടീവൃത്തി ചെയ്യിയ്ക്കുന്നവരാണു്, വരിയൊന്നുക്കു മുന്നണവീതം നേടുവാൻവേണ്ടി മാത്രം "ഉത്തരവിൻപടി" പദ്യം ചമയ്ക്കുന്ന "കവി"കൾ; ശ്ലോകമൊന്നുക്കു് നാലണവീതം കിട്ടുവാൻവേണ്ടി മാത്രം മേഘസന്ദേശമോ രഘുവംശമോ പഠിപ്പിയ്ക്കുന്ന "പണ്ഡിത"ന്മാർ; കീർത്തനമൊന്നുക്കു രണ്ടുരൂപാവീതം സമ്പാദിയ്ക്കുവാൻവേണ്ടിമാത്രം പാട്ടുപാടുകയോ പഠിപ്പിയ്ക്കുകയോ ചെയ്യുന്ന "ഭാഗവത"ന്മാർ. കലാവിഷയകമായ പ്രവൃത്തിചെയ്തു കമലാപ്രസാദരൂപത്തിൽ പ്രതിഫലം സ്വീകരിയ്ക്കുന്നതിനല്ലാ വിരോധം. ലോകയാത്രയിൽ ദേഹിയേയും ദേഹത്തേയും പോററിക്കൊണ്ടു

പോകുന്നതാവശ്യമാകയാൽ, കലയുടെ ശുശ്രൂഷയ്ക്കുതന്നെ കമലയുടെ സഹായം അത്യന്താപേക്ഷിതമായിരിയ്ക്കാം. പക്ഷേ "കണ്ണിങ്ങും മനമങ്ങും" എന്ന പറഞ്ഞതുപോലെ, കലാകാരന്റെ ബാഹ്യേന്ദ്രിയങ്ങൾമാത്രം കലയിലും, അന്തരിന്ദ്രിയം മുഴുവനും കമലയിലുമായാൽ, അതു കലയോടു ചെയ്യുന്ന വലിയൊരപരാധമായിരിയ്ക്കും. റസ്കിൻ എന്ന പ്രസിദ്ധ കലാവിമർശകൻ ഒരിടത്ത് ഇങ്ങനെ പ്രസ്താവിച്ചിരിയ്ക്കുന്നു:— "ആലയനിർമ്മാണത്തിലേർപ്പെട്ടിരിയ്ക്കുന്ന ഒരു ശില്പിയ്ക്ക് ഒരു കല്ലെടുത്തു മററൊന്നിന്റെ മുകളിൽ വെയ്ക്കുമ്പോൾ അതിന്ന കിട്ടുന്ന കൂലി ഇത്ര എന്ന ആലോചനയിൽ കവിഞ്ഞു വേറെ എന്തെങ്കിലും വികാരം (താൻ ചെയ്യുന്ന പ്രവൃത്തിയുടെ സൌന്ദര്യത്തെക്കുറിച്ച് ആവേശത്തിന്റെ ഒരു കണികയെങ്കിലും) തോന്നുന്നില്ലെങ്കിൽ അവനിൽ കല ഒരിയ്ക്കലും പ്രസാദിയ്ക്കുന്നതല്ല; അവനൊരു കലാകാരനുമല്ല." ഈ തത്വം എല്ലാ സുകുമാരകലകൾക്കും ബാധകമാകുന്നു. കലാപരമായ ഓരോ വ്യവസായശകലത്തിനും അപ്പപ്പോൾ കിട്ടുന്ന കൂലി എന്താണെന്നു മാത്രം നോക്കി അതിൽ വ്യാപരിയ്ക്കുന്ന ദുർഭഗനു കലയുടെ വിലാസസുഖം അനുഭവിയ്ക്കുവാൻ കഴിയുകയില്ല; കമലയും അവനിൽ പരാങ്മുഖിയായിരിപ്പാനാണെളുപ്പം. കലയിലാകട്ടെ, അവനു ശുഷ്കാന്തി കുറയുന്തോറും പ്രാഗത്ഭ്യവും കുറയും; അതോടുകൂടി വിദഗ്ദ്ധലഭ്യമായ പ്രതിഫലവും കുറഞ്ഞുതുടങ്ങും; അപ്പോൾ മനസ്സിടിഞ്ഞു കലാപ്രയോഗത്തിൽ വേണ്ടുവോളം ശ്രദ്ധിയ്ക്കാതാകും; അങ്ങനെ ആ "കേമദ്രുമമയോഗ"ക്കാരനെ കലയും കമലയും ഒരുപോലെ കൈവെടിയുകയും ചെയ്യും.

കലാസേവകൊണ്ടുമാത്രം ഒരുവനു ലോകത്തിൽ വിജയപൂർവ്വം ജീവിതം നയിയ്ക്കാമെന്നല്ല ഇത്രയും പറഞ്ഞതിൻെറ അൎത്ഥം. കാളിദാസമഹാകവിയ്ക്കുതന്നെ ഒരിയ്ക്കൽ, തൻെറ ഭാൎയ്യ അത്താഴത്തിനു വകയില്ലെന്നറിയിച്ചപ്പോഠം ആ ദിവസത്തേയ്ക്കു കലാവേശം പാടേപൊയ്പ്പോയി, രാജസദസ്സിൽ പരാജയം പിണഞ്ഞതായി ഒരൈതിഹ്യം കേട്ടിട്ടുണ്ടു്. ചെന്നായ്പടിയ്ക്കൽവന്നു ഭീഷണിപ്പെടുത്തുമ്പോളുണ്ടോ പാട്ടുപാടിക്കൊണ്ടു സുഖിച്ചിരിയ്ക്കുവാൻ തോന്നുന്നു! ചെന്നായെ ഓടിച്ചുകളഞ്ഞു്, മനസ്സിനു വേണ്ട ശാന്തിയെ നൽകുവാൻ പണ്ടു് ഉദാരമതികളായ രാജാക്കന്മാരും പ്രഭുക്കന്മാരുമുണ്ടായിരുന്നു. പിന്നീടു് അവരുടെ സ്ഥാനത്തു് രാഷ്ട്രീയകക്ഷികളുടെ നേതാക്കന്മാരും പ്രസാധകന്മാരും പുസ്തകക്കച്ചവടക്കാരും ക്രമേണകേറി, കലാകാരന്മാരെ സംരക്ഷിയ്ക്കുന്ന ധൎമ്മം കൈയേറ്റു. അടുത്തകാലത്തു സരസ്വതീക്ഷേത്രപ്രവേശം പൊതുജനങ്ങഠംക്കു ലഭിയ്ക്കുവാൻ തുടങ്ങിയതോടുകൂടി കലാപാലകന്മാർ പൊതുജനങ്ങളായിത്തീൎന്നു. ഈ നില പാശ്ചാത്യരാജ്യങ്ങളിൽ വന്നുകഴിഞ്ഞിട്ടുണ്ടെങ്കിലും നമ്മുടെ നാട്ടിൽ ഇനിയും പുഷ്ടിയെ പ്രാപിയ്ക്കുവാനിരിയ്ക്കുന്നതേയുള്ളു. ഒരു സമ്പ്രദായം തിരോഭവിച്ചുകഴിഞ്ഞു, അടുത്തതു് അവതരിച്ചിട്ടുമില്ല, എന്ന ഒരന്തരാളഘട്ടത്തിലാണു് നമ്മുടെ രാജ്യത്തു കലാപാലനധൎമ്മത്തിൻെറ ഇന്നത്തെ നില. അതുകൊണ്ടു തന്നെയായിരിയ്ക്കാം കലാകാരന്മാരിൽ കമല ഇന്നു് ഇത്ര കലശലായ "കമല"യുണ്ടാക്കിത്തീൎക്കുന്നതു്. അതിനുള്ള പ്രതിവിധിയായി ഒന്നുമാത്രമേ തല്ക്കാലം തോന്നുന്നുള്ളു:— ലോകത്തിൽ ഇതുവരെയുള്ള കാലച

രിത്രം കൂലങ്കഷമായി പരിശോധിച്ച് അതിൻെറ ആന്ത രതത്വം ഗ്രഹിച്ചു പ്രവത്തിയ്ക്കുക. കമലാസ്ഥിതചന്ദ്രിക യിൽ സമുല്ലസിയ്ക്കുന്ന തല്ക്കാല ഭാഗ്യവാന്മാർ, കല ക്ഷേത്രത്തിൽ സ്ഥിരപ്രയത്നം ചെയ്തുകൊണ്ടിരിയ്ക്കുന്ന സാത്വികന്മാരെ യഥാകാലം പരിരക്ഷിയ്ക്കുന്നാപക്ഷം, ലോകത്തിൻെറ ശാശ്വതമായ കൃതജ്ഞതയ്ക്ക് അഹരാ യിത്തീരും. അതുപോലെതന്നെ, ചപലയായ കമലയുടെ പ്രലോഭനങ്ങൾക്ക വംശവദരാകാതെ ഉള്ളഴിഞ്ഞു ഭക്തി യോടുകൂടെ കലാസേവനം നിശ്ചഞ്ചലം നിവ്വഹിയ്ക്കുന്ന വരിൽ കലാപ്രസാദം നിശ്ചയമായും തെളിയും. എന്നുമാ ത്രമല്ല, അവരിൽ കമലയും കേവലം പരാങ്മുഖിയാകാ തിരിപ്പാനാണെളുപ്പം.

# 6. ജീവചരിത്രകല

പ്രാചീനലോകത്തിലെ മഹാത്ഭുതങ്ങളായിരുന്ന ഈജിപ്ത്, ബാബിലോൺ, അസ്സിറിയ, ഗ്രീസ് മുതലായ സാമ്രാജ്യശക്തികേന്ദ്രങ്ങൾ ഏതുപ്രകാരം കാലത്താൽ ഗ്രസിയ്ക്കപ്പെട്ടുവോ അതുപ്രകാരംതന്നെയാണ് അസാമാന്യമായ വൈഭവമോ പ്രതിഭാചൈതന്യമോ തികഞ്ഞ വിശിഷ്ടവ്യക്തികൾ കാലന് ഇരയായിത്തീരുന്നതു്. ചിന്താശക്തിയുള്ള സർവ്വ ജനങ്ങളുടേയും ആശ്ചര്യസമ്മിളിതമായ ആദരത്തെ അർഹിയ്ക്കത്തക്കവിധം കുറേനാൾ ലോകസമക്ഷം പ്രശോഭിച്ചതിന്നു ശേഷം, രാഷ്ട്രീയശക്തികളും മഹനീയവ്യക്തികളും ഒരുപോലെ ഭൂമുഖത്തുനിന്നു തിരോഭവിയ്ക്കുന്നു എന്നുള്ളതു് കരുണമയമായ ഒരു നിയതിഗതിയാണ്. എന്നാൽ കേവലം ഭൌതികങ്ങളായ അംശങ്ങളെ മാത്രമേ കാലാക്രമണം ബാധിയ്ക്കുകയുള്ളൂ എന്നും, അവയിൽ കവിഞ്ഞുള്ള ചില അംശങ്ങൾ ഏതുകാലത്തും അനശ്വരങ്ങളായിത്തന്നെ പരിലസിയ്ക്കുമെന്നുള്ള പരമാർത്ഥം മർത്ത്യജാതിയ്ക്കു പൊതുവേ സ്വല്പം ആശ്വാസം നൽകുന്നതുമുണ്ടു്. ഇങ്ങനെ രണ്ടു തരത്തിലുള്ള അംശങ്ങളെ വേർതിരിച്ചറിഞ്ഞു്, ആദ്യം പറഞ്ഞവയെ വിസ്തരിച്ചു വർണ്ണിയ്ക്കുന്നതിന്നിടയ്ക്കു രണ്ടാമതു പറഞ്ഞ ആശാശ്വതാംശങ്ങൾക്കു് അവ അർഹിയ്ക്കുന്ന പ്രാധാന്യംനല്കി വിശദീകരിച്ചു രേഖപ്പെടുത്തുകയാണു് ഉത്തമ രാജ്യചരിത്രകാരന്റേയും ഉത്തമ ജീവചരിത്രകാരന്റേയും മുഖ

ധർമ്മം. മഹത്വം കളിയാടുന്ന രാഷ്ട്രങ്ങളും വ്യക്തികളും കലാപഗ്രഥനത്തിനു വിഷയീഭവിയ്ക്കുമെങ്കിലും, അവയിലെ അനശ്വരാംശങ്ങളെ ഉദ്ഗ്രഥനംചെയ്തു കാണിച്ചുകൊണ്ടു ചരിത്രകാരന്മാർ ലോകത്തിനു് ഉത്തേജനം നൽകുന്നു.

ആദ്യഘട്ടങ്ങളിലാകട്ടെ വ്യക്തിചരിത്രം രാജ്യചരിത്രത്തിൽ ലയിച്ചുകിടന്നിരുന്നതിനാൽ "ജീവചരിത്രം" എന്നൊരു പ്രത്യേക സാഹിത്യശാഖയ്ക്കു പ്രസക്തിയുണ്ടായിരുന്നില്ല. അഥവാ ഏതാനും ചില വ്യക്തികളുടെ ജീവചരിത്രം വേറെ എഴുതപ്പെട്ടു എന്നുവച്ചാൽതന്നെ, അവയുടെ ഉദ്ദേശ്യം മിക്കവാറും തത്വോപദേശമായിരുന്നു എന്നും പറയാം. അവ ചില പ്രത്യേക പാഠങ്ങൾ പഠിപ്പിയ്ക്കുകയോ സാരോപദേശങ്ങൾ നൽകുകയോ ചെയ്യുവാനുള്ള ഉപകരണങ്ങൾ മാത്രമായിരുന്നു എന്നർത്ഥം. തന്മൂലം അവയിൽ ഗ്രന്ഥകാരന്മാരുടെ ധർമ്മോപദേശവ്യഗ്രത മുഴച്ചുകാണുകയും ചെയ്യാമായിരുന്നു. മററു ചില ജീവചരിത്രങ്ങളിൽ നായകന്മാരായ വ്യക്തികൾ ഏതെങ്കിലും ചില തരക്കാരുടേയൊ വർഗ്ഗങ്ങളുടേയൊ പ്രതിനിധികളായി പ്രതിപാദിയ്ക്കപ്പെട്ടിരുന്നതിനാൽ, പ്രായേണ ഒരുവിധം "മാതൃക"കളായി കലാശിയ്ക്കുകയും ചെയ്തിരുന്നു. ഇവയിലെല്ലാം ഗ്രന്ഥകാരന്മാരുടെ താല്പര്യം ശാശ്വതാംശങ്ങളെ ശേഖരിച്ചു രേഖപ്പെടുത്തി വെയ്ക്കുകയായിരുന്നുഎന്നും സ്പഷ്ടമാണല്ലോ.

അതുപോലെതന്നെ, നായകനിലുണ്ടായിരുന്നതായി കല്പിയ്ക്കപ്പെട്ട നാനാഗുണവിശേഷങ്ങളെ പ്രകീർത്തി

യ്യുക മാത്രം ചെയ്യിരുന്ന ഒരു തരം ജീവചരിത്രങ്ങളും പണ്ടു പ്രചാരത്തിലിരുന്നിരുന്നു. "ചരമപ്രശംസകളുടെ" (Funeral Orations) ഛായയിൽ വെറും സ്തുതിപാഠങ്ങൾ മാത്രമായിരുന്ന അവയുടേയും ആന്തരമായ പ്രയോജനം, അനന്തരകാലീനന്മാക്ക് അനുകരണീയങ്ങളായ ആദശ്ങ്ങളേയും ആശയങ്ങളേയും ഉദാഹരിച്ചു കാണിച്ചുകൊടുക്കുകതന്നേയായിരുന്നിരിയ്ക്കാം. പക്ഷേ അവയുടെ ആവിർഭാവം ഇപ്പറഞ്ഞ പ്രത്യേക രൂപത്തിലാകുന്നതിന് ഒരു ഉപപത്തികൂടി പറയാറുണ്ട്. മരിച്ചവരെപ്പററിയുള്ള ദോഷപ്രഖ്യാപനം ഒരു വക മഹാപാതകമായിട്ടാണല്ലോ മനുഷ്യർ കരുതിപ്പോരുന്നത്. പരേതൻെറ ശരീരത്തോടൊപ്പം ദോഷാംശങ്ങളെ കുഴിച്ചുമൂടണമെന്നത്രെ സമുദായസങ്കേതം വിധിച്ചിട്ടുള്ളതു്. മൺമറഞ്ഞവരെ ഭക്തിസ്നേഹാദരങ്ങളോടുകൂടി മാത്രമേ സ്മരിയ്ക്കാവൂ, അവരുടെ കുററങ്ങളേയും കുറവുകളേയും കുത്തിപ്പൊക്കിക്കാണിയ്ക്കരുതു്, എന്നൊക്കേയാണ് മനുഷ്യർ എല്ലാ കാലത്തും എല്ലാ ദേശത്തും നിശ്ചയം ചെയ്യിട്ടുള്ളതു്.. ജീവചരിത്രങ്ങൾ സ്തുതിപാഠങ്ങളായും തല്ക്കത്താക്കൾ ഗുണൈകദൃക്കുകളായും പരിണമിയ്ക്കുന്നതിന് അതും ഒരു കാരണമായിരുന്നിരിയ്ക്കാം.

ഏതായാലും മരിച്ചവരെപ്പററിയുള്ള ദാക്ഷിണ്യമസൃണമായ ഈ പക്ഷപാതമനഃസ്ഥിതി സത്യം സമഗ്രമായി പ്രകാശിപ്പിയ്ക്കുന്ന കാൎയ്യത്തിൽ ജീവചരിത്രകാരന്റെ വഴിയിൽ വിലങ്ങടിച്ചു കിടക്കുന്ന ഒരു വലിയ പ്രതിബന്ധം തന്നെയാണെന്നു സമ്മതിയ്ക്കാതെ നിവൃത്തി

യില്ല. കൂടാതെ, പരേതൻെറ ബന്ധുമിത്രങ്ങൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവക്കുണ്ടാകാവുന്ന വികാരങ്ങളെ വ്രണപ്പെടുത്താതെ നോക്കേണ്ടതായും വരുന്നു. അത്തരത്തിലുള്ള ബന്ധുമിത്രങ്ങൾ അനേകം തലമുറയായി നായകനെ അതിജീവിയ്ക്കുന്നുണ്ടായിരിയ്ക്കും. സത്യപ്രഖ്യാപനം അവക്കു ചിലപ്പോൾ നീരസജനകമായേക്കാം. അവരുടെ മുഷിച്ചൽ ഏല്ക്കാതിരിയ്ക്കേണമെന്നു നിർബ്ബന്ധമുള്ള ജീവചരിത്രകാരനു്, വിഷയത്തിൻെറ ഒരു വശം മിക്കവാറും മൂടിവെയ്ക്കേണ്ടതായിത്തന്നെ വരും. അങ്ങനെ ചെയ്താൽ അതു സത്യത്തോടുചെയ്യുന്ന ഒരപരാധവുമായിത്തീരും.

എന്നുവെച്ചു നായകൻെറ ജീവിതത്തിലെയും സ്വഭാവത്തിലെയും വൈകല്യങ്ങളെ മുഴുവൻ തേടിപ്പിടിച്ചു വിസ്തരിച്ചു പ്രതിപാദിയ്ക്കുന്നതു് അത്യന്താപേക്ഷിതമാണെന്നും ശഠിയ്ക്കേണ്ടതില്ല. വിശേഷിച്ചു്, പൊതുജനദൃഷ്ടിയിൽ പ്രാധാന്യമില്ലാത്തവയാണു് അവ എന്നുവരികിൽ കുത്തിപ്പൊക്കേണ്ടുന്ന ആവശ്യം ഒട്ടുമില്ലതന്നെ. വാസ്തവത്തിൽ ജീവചരിത്രംകൊണ്ടു സാധിയ്ക്കേണ്ടതു്, അതിനു വിഷയീഭവിയ്ക്കുന്ന വ്യക്തിയെ യഥാർത്ഥജീവിതത്തിലെന്നപോലെ നമ്മുടെ മുമ്പിൽ കാണുമാറാവുകയാണു്. മനുഷ്യനെ ദേവനായി അവതരിപ്പിച്ചു് ആരേക്കൊണ്ടും ആരാധിപ്പിയ്ക്കേണമെന്നുവെച്ചു പുറപ്പെട്ടാൽ തൽഫലമായി നമ്മുടെ മുമ്പിൽ കാണുമാറാവുന്നതു സജീവമായ ഒരു വ്യക്തിയെയല്ലാ, ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചുവെയ്ക്കുവാനുള്ള ഒരു പ്രതിമയെയാണു്. നായകൻെറ ജീവിതത്തെയും

സ്വഭാവത്തെയും സ്പർശിയ്ക്കുന്നസംഗതികൾ അസംഖ്യങ്ങളും വിവിധങ്ങളുമായിരിയ്ക്കും. അവയിൽനിന്നു ഗ്രഹിയ്ക്കേണ്ടവയെ ഗ്രഹിയ്ക്കുകയും ത്യജിയ്ക്കേണ്ടവയെ ത്യജിയ്ക്കുകയും ചെയ്തുകൊണ്ട്, നായകൻ അസാമാന്യനാണെങ്കിലും നമ്മുടെ കൂട്ടത്തിൽപെട്ട ഒരു മനുഷ്യൻതന്നെയാണെന്നുള്ള പ്രതീതിയ്ക്കു കോട്ടം തട്ടാത്ത വിധത്തിൽ വർണ്ണിയ്ക്കുന്നതിലാണു് ജീവചരിത്രകാരൻെറ കലാപാടവം കാണേണ്ടതു്. ഇപ്രകാരം ജീവചരിത്രസാമഗ്രികളെ ശേഖരിച്ചു വിശകലനംചെയ്തു്, കുറടക്കം തെററാത്ത മട്ടിൽ, അവയെ കൂട്ടിയിണക്കുന്നതു് ഒരു നല്ല കലതന്നെയാണു്. അഭിനന്ദനാർഹങ്ങളായ അംശങ്ങളെ മാത്രമെടുത്തു്, കുറെ അതിശയോക്തിയും ചേർത്തുവർണ്ണിച്ചാൽ അതുകൊണ്ടു നമ്മുടെ മുമ്പിൽ പ്രത്യക്ഷമാകുന്നതു് ഒരു സജീവവ്യക്തിയല്ലാ, ഒരാശയമോ ആദർശമോ അഭിപ്രായമോ ആയിരിയ്ക്കും. ഒരാളുടെ ചിത്രം വരയ്ക്കുമ്പോൾ അതിൽ രൂപം വിശദമാക്കുന്നതിനു പകരം ധാരാളം ചായം കോരിയൊഴിച്ചു് അങ്ങുമിങ്ങും നിറം പിടിപ്പിയ്ക്കുകമാത്രം ചെയ്താൽ അതെങ്ങനെ ഉത്തമകലാമാതൃകയാകും? അതുപോലെതന്നെയാണു്, സ്ഥാനത്തുമസ്ഥാനത്തും വിശേഷണങ്ങളെ കോരിവാരി വിളമ്പിക്കൊണ്ടുള്ള ജീവചരിത്രനിർമ്മാണം. നായകനെക്കുറിച്ചുള്ള മതിപ്പിനു കുറവു വന്നേക്കാമെന്നു ഭയപ്പെട്ടു് അദ്ദേഹത്തിൻെറ ന്യൂനതകളെ സർവ്വത്ര മറച്ചുവെച്ചും, ഉള്ളതിനെ ഇല്ലാതാക്കിയും, ഇല്ലാത്തതിനെ ഉണ്ടാക്കിയും രചിയ്ക്കുന്ന ജീവചരിത്രം വിശ്വാസയോഗ്യമല്ലെന്നു വായനക്കാർ ധരിച്ചാലതിലത്ഭുതമില്ലല്ലൊ. അപ്പോൾ അവർ അതിനെ അത്രമാത്രമേ വിലവെയ്ക്കുകയും

ചെയ്യുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ, വലിയവരെ ചെറുതാക്കുകയോ ചെറിയവരെ വലുതാക്കുകയോ അല്ലാ ജീവചരിത്രത്തിൻെറ ഉദ്ദേശ്യം. നായകൻെറ വ്യക്തിവൈശിഷ്ട്യം മുഴുവനും തെളിയിച്ചു കാണിയ്ക്കുന്നതിലാണു് ജീവചരിത്രകാരൻെറ കലാനൈപുണ്യം തെളിയേണ്ടതു്. നായകൻ്റെ ജീവിതപ്രയാണത്തിലെ അനുഭവങ്ങളെ വാസ്തവരൂപത്തിൽ പ്രകാശിപ്പിയ്ക്കുകയാണു് ജീവചരിത്രനിർമ്മാതാവിൻെറ കർത്തവ്യം.

ഇത്തരത്തിലുള്ള ശരിയായ ജീവചരിത്ര മാതൃകകൾ യൂറോപ്പിൽ ആവിർഭവിച്ചതു്, താരതമ്യേന അടുത്ത ഒരു കാലത്തു മാത്രമാണു്. പഴയ സമ്പ്രദായത്തിൽ, മഹത്വപ്രകീർത്തനം, ആദർശപ്രചരണം, വർഗ്ഗപ്രതിനിധാനം മുതലായ ഉദ്ദേശ്യങ്ങളോടുകൂടി എഴുതപ്പെട്ടിരുന്ന ജീവചരിത്രങ്ങൾ പതിനെട്ടാം ശതവർഷമായപ്പോഴേയ്ക്കു് ഇംഗ്ലണ്ടിൽ വ്യക്തിചിത്രണരൂപത്തിലുള്ള പുതിയ രീതിയ്ക്കു വഴികൊടുത്തു പിൻമാറി. വിമർശകാഗ്രണ്യനും പണ്ഡിതവരേണ്യനുമായ ഡോക്ടർ ജോൺസൺ ജീവചരിത്രകലയുടെ മർമ്മമെന്തെന്നു സ്വകൃതികളാലുദാഹരിച്ചു കാണിച്ചു. സംഗതിവശാൽ അദ്ദേഹം തന്നെയായി, ജീവചരിത്രപ്രസ്ഥാനത്തിൽ ഇന്നും ലോകോത്തരമാതൃകയായി കണക്കാക്കപ്പെടുന്ന ബോസ്വൽക്കൃതിയുടെ വിഷയം! അതിനു ശേഷം ഇംഗ്ലണ്ടിലുണ്ടായിട്ടുള്ള നാനാതരം ജീവചരിത്രങ്ങൾക്കു കൈയും കണക്കുമില്ല. സ്കോട്ടിനെപ്പററി അദ്ദേഹത്തിൻെറ ജാമാതാവായ ലോക്കാർട്ട് എഴുതീട്ടുള്ള ബൃഹൽഗ്രന്ഥം അതിനോടടുത്തു നില്ക്കുന്നു; എന്നാൽ ബോസ്വലെഴുതിയ ജോ

ൺസൻെറ ജീവചരിത്രം തന്നെയാണു് അനുപമമായി പ്രശോഭിയ്ക്കുന്നതു്. പത്തൊമ്പതാം ശതവൎഷം മുതൽ ആവിൎഭവിച്ചിട്ടുള്ള സംഖ്യാതീതങ്ങളായ ജീവചരിത്രങ്ങളിൽ ചിലതു ബോസ്വലിൻെറയും ലോക്കാട്ടിൻെറയും കൃതികളെപ്പോലെ പൂൎണ്ണജീവിതവിവരണങ്ങളാണു്; മറ്റു ചിലതു് ആഖ്യായികാരൂപത്തിലുള്ളതാണു്. മൂന്നാമതൊരു വിഭാഗമുള്ളതിൽ, നായകൻെറ ജീവിതത്തിലെ ഏതെങ്കിലുമൊരു ഘട്ടം, ഒരദ്ധ്യായം, ഒരു വശം, മാത്രമെടുത്തു സ്ഫുടികസ്ഫുടമായ രീതിയിൽ പ്രകാശിപ്പിയ്ക്കുകയാണു് ചെയ്യുകാണുന്നതു്. ഈ ഉപന്യാസങ്ങളെ പരിപൂൎണ്ണ ജീവചരിതങ്ങളെന്നു പറഞ്ഞുകൂടാ. എങ്കിലും അവയിൽ നിന്നു നായകൻെറ സ്വഭാവത്തെക്കുറിച്ചു വിശദമായ ഒരു സ്വരൂപജ്ഞാനം നമുക്കു സിദ്ധിയ്ക്കുന്നു.

അടുത്ത കാലത്തുണ്ടായിട്ടുള്ള ജീവചരിത്രനിൎമ്മാതാക്കളിൽവെച്ചു നമ്മുടെ സവിശേഷശ്രദ്ധയെ അൎഹിയ്ക്കുന്ന ഒരു സരസസാഹിത്യകാരനാണു് ലിട്ടൺ സ്റ്റ്റാച്ചി. അദ്ദേഹം മനുഷ്യനെ മനുഷ്യനായിത്തന്നെ കാണിയ്ക്കേണമെന്ന നിൎബ്ബന്ധക്കാരനാകയാൽ, നായകൻേറയോ നായികയുടേയോ ഗുണങ്ങളേയും ദോഷങ്ങളേയും ഏകദേശം തുല്യപ്രാധാന്യത്തോടുകൂടി വിശദീകരിയ്ക്കുവാൻ ശ്രമിച്ചിരിയ്ക്കുന്നു! ചിലപ്പോൾ അദ്ദേഹം തൻെറ നായകനേയോ നായികയേയോ, കളിച്ചുകൂട്ടി അപഹസിയ്ക്കുകയാണെന്നുപോലും വായനക്കാൎക്കു സംശയം തോന്നിപ്പോകും! ഏതുൽകൃഷ്ടവ്യക്തിയായിരുന്നാലും, എത്ര മഹാനായാലും, ഒരുമനുഷ്യനു സ്വഭാവത്തിൽ നാനാവശങ്ങളു

ണ്ടായിരിയ്ക്കുമെന്നും, ജീവിതത്തിൽ ഏററങ്ങളും ഇറക്കങ്ങളും കാണുമെന്നും, മനുഷ്യന്റെ കഴിവുകൾക്കു പരിമിതികളുണ്ടാകാതെ തരമില്ലെന്നും, അസാധാരണശക്തികളോടു ചേർന്നു ചില സാധാരണ ദൌർബ്ബല്യങ്ങളും പ്രത്യക്ഷമായേക്കാമെന്നുമുള്ള തത്വമത്രെ സ്റ്റ്റാച്ചി തന്റെ ജീവചരിത്രങ്ങൾക്കു് അടിസ്ഥാനമായി സ്വീകരിച്ചതു്. അദ്ദേഹത്തിന്റെ രീതിയെ അപലപിയ്ക്കുന്ന വിമർശകന്മാരും ഇല്ലെന്നില്ല. എന്നാൽ വാസ്തവത്തെ പാടേ മൂടിവെച്ചു്, മനുഷ്യനെ അമാനുഷനാക്കിക്കൊണ്ടെഴുതുന്ന ജീവചരിത്രം ചരിത്രദൃഷ്ട്യാ നോക്കിയാലും സാഹിത്യദൃഷ്ട്യാ നോക്കിയാലും, രണ്ടാംതരമാകാനേ നിവൃത്തിയുള്ളു എന്നും നിസ്സംശയം പറയാം.

സ്മരിയ്ക്കപ്പെടുവാൻ അർഹതയുള്ള ഒരു വ്യക്തിയായിരിയ്ക്കണം ഉത്തമ ജീവചരിത്രത്തിന്റെ വിഷയം എന്നിരിയ്ക്കേ, വലിയ അതിശയോക്തിപ്രയോഗമൊന്നും അതിൽ ആവശ്യമുണ്ടായിരിയ്ക്കയില്ല. പ്രകീർത്തിയ്ക്കത്തക്ക മാഹാത്മ്യമൊന്നുമില്ലാത്ത ഒരാളെ നായകനാക്കി എഴുതേണ്ടിവരുമ്പോളാണു് ജീവചരിത്രകാരനു വൈഷമ്യം നേരിടുന്നതു്. അപ്പോൾ ചരിത്രജീവനായ വാസ്തവപ്രസ്താവത്തേക്കാൾ കവിതാമർമ്മമായ അത്യുക്ത്യാദിയ്ക്കു പ്രാധാന്യാധിക്യം കല്പിയ്ക്കുവാൻ അയാൾ പ്രകൃത്യാ പ്രലോഭിതനാകുന്നു! ശരിയായി ആലോചിച്ചാൽ ഇതൊന്നും വേണമെന്നില്ല. നായകനോടു ചേർന്നു് അമാനുഷവൈഭവമോ അസാധാരണ വിക്രമമോ, അനുവാചകന്മാരിൽ അത്ഭുതരസം ജനിപ്പിയ്ക്കത്തക്കവിധം പ്രകാശിപ്പിച്ചാൽ മാത്രമേ ജീവച

രിത്രത്തിനു മെച്ചം കിട്ടുകയുള്ളൂ എന്നതു വെറുമൊരു ഭ്രാന്താണു്. നേരേമറിച്ചു്, നായകനു നമ്മേക്കാളെത്രയോ അധികം മഹത്വം, ദിവ്യമായ വൈശിഷ്ട്യം, ഉണ്ടെന്നു വരികിലും, നമ്മേപ്പോലെ തന്നെ ഒരു മനുഷ്യനാണു് അദ്ദേഹം എന്ന പ്രതീതികൂടി ജീവചരിത്രപഠനസമയത്തു നമുക്കുണ്ടാവുകയാണു് വേണ്ടതു്. എന്നാലാണു് നമ്മുടെ ഹൃദയം അദ്ദേഹത്തിന്റെ അനുഭവങ്ങളോടൊത്തു ചലിച്ചുകൊണ്ടിരിയ്ക്കുക. നായകൻ അമാനുഷനായാൽ നമുക്കു് അത്ഭുതം, അഥവാ ആദരം, തോന്നും; മാനുഷനായാൽ "അനുകമ്പ"യും തോന്നും; ജീവചരിത്രത്തിൽ തന്മയീഭാവത്തിനു് ഇതായിരിയ്ക്കും അധികം ആവശ്യമെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ ഏതെങ്കിലും പ്രകാരത്തിൽ സ്മർത്തവ്യമായ മഹത്വമുള്ള വ്യക്തിയെ വിഷയമായി സ്വീകരിച്ചു്, അദ്ദേഹത്തിന്റെ ജീവിതത്തിലെ വസ്തുതകളെ, പ്രകൃതിയിൽ നിഴലും വെളിച്ചവുമുള്ളതുപോലെ ഗുണദോഷസമ്മിശ്രമായി യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടു് അദ്ദേഹത്തിന്റെ മഹത്വത്തിനു ശാശ്വതമായ സാഹിത്യപ്രതിഷ്ഠ നൽകുമാറു് സാമഗ്രികളെ വിവേചനപൂർവ്വം തിരഞ്ഞെടുത്തു്, തൂക്കം ശരിയാക്കി കൂട്ടിയിണക്കി, ആശയഗതിയ്ക്കനുരൂപമായ ഭാഷയിൽ എഴുതപ്പെടുന്ന ജീവചരിത്രത്തിനാണു് ചരിത്രപരമായും കാവ്യപരമായും കൂടുതൽ മെച്ചം കിട്ടുക എന്നും, അത്തരത്തിലുള്ള ജീവചരിത്രം ഏതു കാലത്തും വിജ്ഞാനപ്രദവും രസകരവുമായിരിയ്ക്കുമെന്നും നാം ധരിച്ചിരിയ്ക്കേണ്ടതാകുന്നു.

# 7. പരിഷ്കാരവും സംസ്കാരവും

പൗരസ്ത്യരാജ്യങ്ങളെ അപേക്ഷിച്ചു പാശ്ചാത്യരാജ്യങ്ങൾ പരിഷ്കാരാഭിവൃദ്ധിയിൽ വളരെപടി മേലെയാണു് നില്ക്കുന്നതെന്നുള്ള സിദ്ധാന്തം മിക്കവാറും വാദം കൂടാതെ ലോകമെങ്ങും സ്വീകരിച്ചു കഴിഞ്ഞിട്ടുള്ളതാണല്ലോ. എന്നാൽ ഇക്കഴിഞ്ഞ കാൽന്നൂററാണ്ടിനിടയ്ക്കുണ്ടായിട്ടുള്ള രണ്ടു ഭയങ്കര മഹായുദ്ധങ്ങൾ ആ വിശ്വാസത്തിനു കുറച്ചൊരിളക്കം വരുത്തീട്ടുണ്ടെന്നു സമ്മതിയ്ക്കാതെ നിവൃത്തിയില്ല. തൽഫലമായി, രാജ്യാഭിവൃദ്ധിയുടെ ശരിയായ മാനദണ്ഡമെന്തന്നു ജനങ്ങൾ ഇന്നു സർവ്വത്ര ചോദ്യം ചെയ്യുവാൻ തുടങ്ങിയിരിയ്ക്കുന്നു. കൈത്തൊഴിലുകളും കച്ചവടവും ധാരാളം പുഷ്ടിപ്പെട്ടു ധനം പെരുകുന്നതാണോ രാജ്യാഭിവൃദ്ധിയുടെ ലക്ഷണം? വിക്രമാദിത്യൻേറയും ഭോജൻേറയും കാളിദാസൻേറയും കാലത്തു് ഇന്ത്യയിൽ ഇന്നത്തെപ്പോലെ വ്യവസായവ്യാപാരങ്ങൾ വളച്ചയെ പ്രാപിച്ചിട്ടുണ്ടായിരുന്നില്ല; ഷേക്‌സ്പിയർ മഹാകവിയുടെ ഇംഗ്ലണ്ടിൽ, ഇന്നുള്ളതിൻെറ ശതാംശം യന്ത്രസാമഗ്രികളുണ്ടായിരുന്നില്ല. എന്നുവെച്ചു കാളിദാസൻേറയും ഷേക്‌സ്പിയരുടേയും കാലങ്ങൾ അപരിഷ്കൃതങ്ങളായിരുന്നു എന്നു് എങ്ങനെ പറയാം? വാസ്തവമാലോചിച്ചാൽ, അഭിവൃദ്ധി, സംസ്കാരം, ഉൽക്കർഷം, മഹത്വം എന്നൊക്കെ പറയുന്നതു പണത്തേയോ, ആഡംബരങ്ങളേയോ, യന്ത്രസാമഗ്രികളേയോ ആശ്രയിച്ചല്ല ഇരിയ്ക്കുന്നതു്. പ്രേമം,

താല്പര്യം, ബഹുമാനം എന്നിവയെ ഉല്ലാദിപ്പിയ്ക്കുവാൻ തക്ക ശക്തിയുള്ള ആത്മീയാവസ്ഥയാണു് യഥാൎത്ഥ മഹത്വം. ഇതെവിടേയുണ്ടോ അവിടെ മേൽപറഞ്ഞ ഉൽകൃഷ്ട മനോഭാവങ്ങൾ തനിയേ ഉദ്ഗമിയ്ക്കുന്നതായിരിയ്ക്കും. രാജ്യം പാടേ വെള്ളത്തിനടിയിൽ താഴ്ന്നുപോയാൽക്കൂടി, കാളിദാസൻേറയും ഷേക്സ്പിയരുടേയും കാലത്തിൻെറ മഹിമ അനശ്വരമായി പരിലസിയ്ക്കുന്നതാണല്ലോ.

അതിപ്രധാനമായ ഈ തത്വത്തെ വിസ്മരിച്ചുകൊണ്ടാണു് കേവലം ഭൌതികമായ പരിഷ്കാരത്തെക്കുറിച്ചു ലോകം അഭിമാനംകൊള്ളുന്നതു്. ഒരു രാജ്യത്തിൻെറ ധനസമ്പത്തു കണക്കില്ലാതെ വൎദ്ധിച്ചു എന്നുതന്നെ വെയ്ക്കുക; അതു മുഴുവൻ ഏതാനും ചില കൂട്ടരുടെ കൈയിൽ മാത്രമായി ഈട്ടംകൂടുകയും, പൊതുജനങ്ങളുടെ ദാരിദ്ര്യത്തിനും കഷ്ടപ്പാടുകൾക്കും യാതൊരു ഉപശാന്തിയുമില്ലാതിരിയ്ക്കുകയും ചെയ്താൽ അതെങ്ങനെ രാജ്യത്തിൻെറ അഭിവൃദ്ധിയുടെ ലക്ഷണമായി കരുതപ്പെടും? വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചും ഏറെക്കുറെ ഇതുതന്നെ പറയേണ്ടിയിരിയ്ക്കുന്നു. ഒരു രാജ്യത്തിലെ വ്യക്തികൾക്കെല്ലാം, തോന്നിയതു പറയുവാനും തോന്നിയതുപോലെ ചെയ്യുവാനും സ്വാതന്ത്ര്യമുണ്ടായതുകൊണ്ടുമാത്രം പരിഷ്കാരമായോ? ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായാൽ മാത്രമായില്ല; അവർ അതു് ഏതുപ്രകാരത്തിൽ വിനിയോഗിയ്ക്കുന്നു എന്നതാണു് അതിലും പ്രധാനമായ സംഗതി. ഇഷ്ടംപോലെ വേഷഭൂഷണാദികളണിയുവാനുള്ള സ്വാതന്ത്ര്യമുണ്ടെന്നുള്ള കാരണംകൊണ്ടു് അവയെ തോന്നിയ

വിധം വെച്ചുകെട്ടി വികൃതരൂപത്തിൽ നടന്നാൽ എങ്ങ നെയാണു് അതു പരിഷ്കാരചിഹ്നമാകുന്നതു്? ധനം, സ്വാതന്ത്ര്യം, കരകൗശലങ്ങളിലും കച്ചവടത്തിലുമുള്ള അഭിവൃദ്ധി, എന്നുവേണ്ടാ സകലവിധ ലൗകിക ശ്രേയസ്സും, ശരിയായ പ്രാപ്യസ്ഥാനത്തേയ്ക്കുള്ള നമ്മുടെ പ്രയാണ ത്തിനു സഹായകമാകുന്നു, ആദർശസിദ്ധിയ്ക്കുള്ള ഉപകര ണമാകുന്നു; സംശയമില്ല. എന്നാൽ ഇതുതന്നെയാണു് പ്രാപ്യസ്ഥാനം എന്നു ഭ്രമിയ്ക്കുന്നതു വലിയ ആപത്തിനു കാരണവുമായേക്കാം. മൂല്യവും മാർഗ്ഗവും വേർതിരിച്ചറി യുന്നതു് അത്യാവശ്യമല്ലേ?

ഇങ്ങനെയുള്ള വകതിരിവുണ്ടാകണമെങ്കിൽ നിഷ്പ ക്ഷബുദ്ധിയോടുകൂടിയ ആലോചനാശീലം അത്യന്താപേ ക്ഷിതമാകുന്നു. ഓരോ സംഗതിയുടെ നാനാവശങ്ങളിലും ചിന്താശക്തിയെ വ്യാപരിപ്പിയ്ക്കുവാൻ വേണ്ടതുപോലെ പരിശീലിയ്ക്കണം; അല്ലാതെ, കാര്യത്തിൻെറ ഏതാനും ചില വശങ്ങൾ മാത്രം അറിഞ്ഞു തൃപ്തിപൂണ്ടുകൊണ്ടു് എന്തെങ്കിലും പ്രവർത്തിയ്ക്കുവാൻ തിടുക്കപ്പെടരുതു്. കാര്യങ്ങളുടെ എല്ലാ അംശങ്ങളേയും കുറിച്ചു കൂലംകഷ മായി അറിയുവാനാണു് വിമർശനബുദ്ധി ഉപയോഗിച്ചു് ആദ്യംതന്നെ യത്നിയ്ക്കേണ്ടതു്. അറിവു മുഴുവനാകുന്ന തിനുമുമ്പുതന്നെ, ഒരാശയത്തിൻെറ ഒരു ശകലം കിട്ടുമ്പോ ഴേയ്ക്കു്, അതുംകൊണ്ടു് തെരുവുകളിലേയ്ക്കു പാഞ്ഞെത്തി അതിനെ അവിടെ പരത്തുവാൻ വെമ്പുന്നതു് ആശാസ്യ മല്ല. ഇന്നത്തെ ഭൂരിപക്ഷ ജനങ്ങളുടെ സാരംഭം കാണു മ്പോൾ, പ്രവൃത്തിയേക്കാളധികം ആവശ്യമായി വന്നിട്ടു

ള്ളതു തുറന്ന ഹൃദയത്തോടുകൂടിയുള്ള പര്യാലോചന, ഗുണദോഷവിവേചനം, ആണെന്നുതന്നെ പറയേണ്ടിയിരിയ്ക്കുന്നു.

ഇതുതന്നെയാണ് ശരിയായ സംസ്കാരത്തിന്റെ ഉദ്ദേശ്യം. ഏതു കാര്യത്തെപ്പററിയും പരിപൂർണ്ണമായ ജ്ഞാനം സമ്പാദിയ്ക്കുവാൻ സംസ്കാരേച്ഛ നമ്മെ പ്രേരിപ്പിയ്ക്കുന്നു. അതു മാത്രമല്ല, അങ്ങനെ സമ്പാദിയ്ക്കുന്ന ജ്ഞാനത്തെ പ്രവൃത്തിപഥത്തിൽ യഥോചിതം നയിയ്ക്കുന്നതും സംസ്കാരസമ്പന്നനായ ഒരുവൻെറ കർത്തവ്യമാകുന്നു. "അധീതിബോധാചരണ പ്രചാരണ"ങ്ങൾ സംസ്കാരത്തിൻെറ ഉപാധികളാണെന്നു സാരം. അറിവുനേടിയാൽ മാത്രംപോരാ, അതു ലോകത്തിന് ഉപകാരപ്രദമായ തരത്തിൽ പ്രചരിപ്പിയ്ക്കുകയും വേണം. സംസ്കാരത്തിൻെറ ഫലങ്ങളായ മാധുര്യവും പ്രകാശവും ജനസാമാന്യത്തിൻെറ ജീവിതത്തെ ഉൽകൃഷ്ടമാക്കിത്തീർത്താൽ മാത്രമേ രാജ്യത്തിന്നു യഥാർത്ഥമായ അഭിവൃദ്ധിയുണ്ടാവുകയുള്ളു.

സംസ്കാരത്തിൻെറ ലക്ഷ്യം ആത്മീയപോഷണമാകയാൽ, ആത്മാവിനെ തീരെ അവഗണിച്ചുകൊണ്ടു ലൗകികസുഖങ്ങളിൽ മാത്രം ഭ്രമിച്ചു മുഴുകുന്ന പാശ്ചാത്യജീവിതരീതി സംസ്കാരപരമാണെന്ന് ഒരിയ്ക്കലും പറയാവുന്നതല്ല. ഉദാഹരണാർത്ഥം അതിൻെറ ഒരു വശം നോക്കുക. രാജ്യത്തെ അഭിമുഖീകരിയ്ക്കുന്ന സകല പ്രശ്നങ്ങളേയും വർഗ്ഗീയദൃഷ്ട്യാമാത്രം കാണുന്ന കക്ഷികളുടെ സങ്കുചിതമനഃസ്ഥിതി, ശരിയായ സംസ്കാരത്തിൻെറ പ്രചാരത്തിന്നു

പ്രതിബന്ധമായിട്ടല്ലയൊ നില്ക്കുന്നതു്? യുക്തിയ്ക്കും ജഗന്നിയന്താവിൻെറ ഇച്ഛയ്ക്കുമല്ലാതെ കേവലം വ്യക്തിഗതങ്ങളോ, കക്ഷിപരങ്ങളോ ആയ താൽപ്പര്യങ്ങൾക്ക സംസ്കാരം ഒരിയ്ക്കലും വഴങ്ങിക്കൊടുക്കുന്നതല്ല. അതിരുകടന്ന യാതൊരു വികാരത്തിനും അതിൽ സ്ഥാനമില്ല. ഒരുതരം ഭ്രാന്തും ആയതു് അനുവദിയ്ക്കുന്നതല്ലാ. കൂടാതെ സമുദായത്തിൻെറ ഒട്ടാകെയുള്ള മോക്ഷമാണു് സംസ്കാരംകൊണ്ടു സാധിയ്ക്കേണ്ടതു്, ഏതാനും ചിലരുടെ മാത്രം മോക്ഷമല്ല. അതിനാൽ യഥാൎത്ഥസംസ്കാരം സ്വാൎത്ഥത്തിൻെറ ശത്രുവാകുന്നു. സ്വാൎത്ഥത്തിൽ അടിയുറച്ചുനില്ക്കുന്ന കക്ഷിമത്സരത്തോടും അതു പൊരുത്തുന്നു. ക്രമമനുസരിച്ചുള്ള പരിണാമത്തെ സാസ്കാരം അനുകൂലിയ്ക്കുന്നു. അക്രമത്തെ അതൊരിയ്ക്കലും പിൻതാങ്ങുകയില്ല. അക്രമപരങ്ങളായ വിപ്ലവങ്ങളുള്ളേടത്തെല്ലാം സംസ്കാരസമ്പന്നന്മാർ ഭരണാധികാരികളുടെ ഭാഗത്തായിരിയ്ക്കും അണിനിരക്കുന്നതു്. ഏതുതരത്തിലുള്ള അരാജകത്വത്തിൻേറയും പരമവിരോധിയാണു് സംസ്കാരം. ക്രമവും അച്ചടക്കവുമില്ലാത്ത സമുദായത്തിനു് അഭിവൃദ്ധിയുണ്ടാകുവാൻ വളരെ ഞെരുക്കമാകയാൽ ശരിയായ ഉൽക്കൎഷത്തെ ലാക്കാക്കിക്കൊണ്ടുള്ള സംസ്കാരം ജനമദ്ധ്യത്തിൽനിന്നു അക്രമത്തേയും അച്ചടക്കലംഘനത്തേയും ദൂരീകരിയ്ക്കുന്നതിൽ സദാ ജാഗരൂകമാകുന്നു. അതുപോലെതന്നെ വെറും പാമരജനക്കൂട്ടങ്ങളുടെ മനസ്സിനെ ഇളക്കുവാൻ മാത്രമുദ്ദേശിച്ചു നടത്തപ്പെടുന്ന പ്രകടനങ്ങളേയും സംസ്കാരംതടയുന്നു.

ആത്മീയമായ, അഥവാ ദൈവികമായ, പരിപക്വത പ്രാപിയ്ക്കുവാനാണു് സംസ്കാരേച്ഛുക്കൾ അവി

രതം യത്നിച്ചുകൊണ്ടിരിയ്ക്കേണ്ടതു്. അങ്ങനെ ചെയ്യുന്നവരുടെ രണ്ടു ലക്ഷണങ്ങളാണു് മാധുര്യവും പ്രകാശവും. നടവടികളിലെല്ലാം, മററുള്ളവരോടുള്ള പെരുമാററത്തിൽ പ്രത്യേകിച്ചും, ഒരു "മധുരഭാവം" സംസ്കൃതാശയനുണ്ടാകാതിരിയ്ക്കയില്ല. ഇതു് ഇന്നും നല്ല "തറവാടിത്ത"മുള്ള വ്യക്തികളിൽ കാണാവുന്നതാണു്. പക്ഷേ, പ്രകാശമെന്ന ഗുണം അവരിൽ അത്രതന്നെ കാണുന്നില്ല. ഇത്തരക്കാരും പ്രകാശത്തെ വേണ്ടതുപോലെ മാനിയ്ക്കുന്നില്ല. മനസ്സിന്നു പുറമേനിന്നു വെളിച്ചംനേടുന്ന കാര്യത്തിൽ അവർ വേണ്ടിടത്തോളം ഉത്സാഹം പ്രദർശിപ്പിയ്ക്കുന്നില്ല. അവർ ഭൗതികസുഖങ്ങളിൽ മാത്രം മനസ്സിനെ വ്യാപരിപ്പിച്ചു തൃപ്തിയടയുന്നു. മേൽപ്പറഞ്ഞ, രണ്ടു കൂട്ടർക്കു പുറമെ അടുത്തകാലത്തു തലപൊക്കിത്തുടങ്ങീട്ടുള്ള ഒരു വമ്പിച്ച ജനസമുദായമുണ്ടല്ലോ. അവക്കും സംസ്കാരത്തിന്റെ ലക്ഷണങ്ങളായ മാധുര്യവും പ്രകാശവും ധാരാളം ഉണ്ടാകേണ്ടതായിട്ടാണിരിയ്ക്കുന്നതു്. ഈ മൂന്നുതരക്കാരുടെ ഇടയിലും വർഗ്ഗീയപരിമിതികളിൽനിന്നു വിട്ടുയർന്നുനില്ക്കുന്ന ഏതാനുംകുറെ വ്യക്തികളെ കാണുവാൻ കഴിയും. അവക്കു സംസ്കാരമുണ്ടായിരിയ്ക്കുമെന്നർത്ഥം. അവർതമ്മിൽ കൂടിച്ചേർന്നു് ഒരു സംഘമാകാമെങ്കിൽ രാജ്യഭരണത്തിനു് എല്ലാംകൊണ്ടുംപററിയ ശക്തി അതുതന്നെയായിരിയ്ക്കും. വർഗ്ഗീയശൃംഖലകളെ പൊട്ടിച്ചുകളഞ്ഞു സംസ്കാരത്തിന്റെ ധർമ്മത്തിനുമാത്രം വിധേയരായിനില്ക്കുന്ന വ്യക്തികളുടെ ഒരു സമുദായമുണ്ടാകാമെന്നുവരികിൽ, ആ സമുദായമാണു് രാജ്യഭരണം നടത്തുന്നതിനു് ഏററവും പര്യാപ്തമായിട്ടുള്ളതു്; എന്നുവെച്ചാൽ, ചുരുക്കത്തിൽ, സംസ്കാരമാണു് ലോകത്തെ ഭരിയ്ക്കേണ്ടതു് എന്നു താൽപ്പര്യം.

# 8. കവിതാചരിത്രത്തിലെ നാലു യുഗങ്ങൾ

ലോകത്തിന്റെ ചരിത്രത്തിലെന്നപോലെ കവിതയുടെ ചരിത്രത്തിലും നാലു ഭിന്നയുഗങ്ങൾ കാണാവുന്നതാണു; പക്ഷേ രണ്ടിലെയും ക്രമങ്ങൾക്കു തമ്മിൽ കുറച്ചു വ്യത്യാസമുണ്ടെന്നേയുള്ളു. കവിതാചരിത്രത്തിലെ യുഗങ്ങളുടെ ക്രമം ഇരുമ്പു്, സ്വർണ്ണം, വെള്ളി, പിത്തള, എന്നിങ്ങനെയാണു്. ഇവയിലോരോന്നിന്റെയും സ്വഭാവവിശേഷങ്ങളറിഞ്ഞതിനുശേഷം ഓരോ ഭാഷയിൽ പ്രസ്തുത ഘട്ടങ്ങൾ എത്രത്തോളം തെളിഞ്ഞുകാണുന്നുണ്ടെന്നു ചർച്ചചെയ്യുന്നതു രസാവഹവും പ്രയോജനകരവുമായിരിയ്ക്കും.

## I

അയോയുഗം എന്ന പ്രഥമദശയിൽ അപരിഷ്കൃതരായ കവികൾ അതിലധികം അപരിഷ്കൃതരായ പടയാളിത്തലവന്മാരുടെ വീരകൃത്യങ്ങളെ പരുക്കൻ പദ്യങ്ങളിൽ കൊണ്ടാടുക പതിവായിരുന്നു. ഓരോ വ്യക്തിയും ഓരോ പടയാളിയായിരുന്ന അക്കാലത്തു് സമുദായത്തിന്റെ സാമാന്യനയംതന്നെ, “കൈയിൽ കിട്ടിയതു വിട്ടുപോകാതെ നോക്കുക, കൂടുതൽ കൈക്കലാക്കുവാൻ ശ്രമിയ്ക്കുക,” എന്നായിരുന്നു. ആ നയത്തെ നീതി, ന്യായം മുതലായ പേരുകൾ ആവരണം ചെയ്യുവാൻ അന്നു തുടങ്ങീട്ടുണ്ടായിരുന്നില്ല. എന്റേതെന്നും നിന്റേതെന്നുമുള്ള വ്യവഹാരങ്ങളിൽ വിധി കല്പിയ്ക്കുവാൻ അന്നത്തെ ഏകാധികാരിയായ നഗ്നഖഡ്ഗത്തിന്റെ നഗ്നനയമായിരുന്നു അതെന്നു

സാരം. അന്ന് വിജയപൂർവ്വം നടന്നുവന്നിരുന്ന മൂന്നു തൊഴിലുകളത്രെ (ഏതുകാലത്തും സർവ്വോൽക്കർഷേണ വർത്തിയ്ക്കുന്ന പൌരോഹിത്യത്തിനു പുറമെ) രാജവൃത്തി, തസ്കരവൃത്തി, യാചകവൃത്തി എന്നിവ അതിൽ മിക്കവാറും, യാചകൻ രാജപദഭഗ്നാശനും, തസ്കരൻ രാജപദപ്രത്യാശിയുമായിരുന്നു എന്നു പറയാം. അപരിചിതനായ ഒരാളെ കണ്ടുമുട്ടിയാൽ ചോദിയ്ക്കുന്ന ആദ്യത്തെ ചോദ്യം, താൻ യാചകനോ തസ്കരനോ എന്നായിരിയ്ക്കും. അതിനു മറുവടിയായി, അയാൾ യാചകനാണെന്നു പ്രഖ്യാപിയ്ക്കും, തസ്കരനാമത്തിനുള്ള അവകാശം സ്ഥാപിയ്ക്കുവാൻ തക്കം പാർത്തുകൊണ്ടിരിയ്ക്കുകയും ചെയ്യും.

കൈയ്യൂക്കുകൊണ്ടു സാധൂകരിയ്ക്കുവാൻ കഴിയുന്ന വഴിയ്ക്കെല്ലാം വേണ്ടേടത്തോളം സമ്പത്തും സ്വാധീനശക്തിയും നേടുന്നതിനു ഓരോരുത്തനുമുള്ള ആഗ്രഹത്തെപ്പോലെതന്നെ, സാർവ്വജനീനമായ ആ സംരംഭത്തിൽ തനിയ്ക്കെത്രത്തോളം മെച്ചമുണ്ടായിട്ടുണ്ടെന്ന് ആവുന്നേടത്തോളം ആളുകളെ അറിയിയ്ക്കുവാനുള്ള വെമ്പലും അന്നു കേവലം സ്വാഭാവികമായിരുന്നു. ജയശാലിയായ പോരാളി പ്രഭുവായിപ്പരിണമിയ്ക്കുമ്പോഴും, ജയശാലിയായ പ്രഭു രാജാവായി ഉയരുമ്പോഴും തൻെറ നേട്ടങ്ങളുടെ ഉൽക്കർഷത്തേയും സ്വത്തുക്കളുടെ വൈപുല്യത്തേയും പ്രകീർത്തിയ്ക്കുവാൻ തക്കതായ ഒരു ഉപകരണം കണ്ടുപിടിയ്ക്കുവാൻ താൽപ്പര്യം പ്രദർശിപ്പിക്കുന്നു; ആ ഉപകരണമാണ് കവി. കവിയാകട്ടേ, വാഗ്ദേവീപരമായ ആവേശത്തിനുള്ള പൂർവ്വപീഠികയായി വാരുണീപരമായ ആവേശം സിദ്ധി

ച്ചുകഴിഞ്ഞാൽപിന്നെ, തൻെറ പാലകൻെറ വീരപരാക്രമങ്ങളെ പാടിപ്പുകഴ്ത്തുവാൻ സന്നദ്ധനായിരിയ്ക്കുകയും ചെയ്യും. ഇങ്ങനെയാണു കവിതയുടെ ആദ്യത്തെ പുറപ്പാട്. ഇങ്ങനെ, ഇതരവ്യവസായങ്ങളെപ്പോലെ, കവിതയും ആവശ്യത്തിൽനിന്നുത്ഭവിച്ച് ആവശ്യത്തിൻെറ തോതനുസരിച്ച് അഭിവൃദ്ധി പ്രാപിച്ചുവരുന്നു. ഏതാനും ചില പ്രമാണികളായ വ്യക്തികളുടെ വിക്രമങ്ങളേയും വിജയങ്ങളേയും പ്രകീർത്തിയ്ക്കുന്ന ആ ആദ്യകാലകൃതികളിൽ, നായകൻ എത്രയുദ്ധത്തിൽ പങ്കെടുത്തു എന്നും, എത്ര തലകൾ വെട്ടിവീശി എന്നും, എത്ര മാറിടങ്ങൾ കുത്തിപ്പിളർന്നു എന്നും, എത്ര സ്ത്രീകളെ വിധവകളാക്കിത്തീർത്തു എന്നും, എത്ര ഭൂമി പിടിച്ചടക്കി എന്നും, എത്ര ഗൃഹങ്ങൾ നശിപ്പിച്ചുകളഞ്ഞു എന്നും തൻെറ ഏകഗൃഹം എത്ര ഗംഭീരമായി പണിചെയ്യിച്ചു എന്നും, എത്ര സ്വർണ്ണം അതിൽ നിക്ഷേപിച്ചു എന്നും വിശദമായി വിസ്തരിച്ചിട്ടുള്ളതു കാണാം. അതോടുകൂടിത്തന്നെ, ആ വീരപുരുഷന്മാരുടെ നാമധേയങ്ങൾ വിസ്മൃതങ്ങളായിപ്പോകാതെ നിലനിർത്തുന്നതിനുള്ള ഏകമാർഗ്ഗമായ കവിതയുടെ കർത്താക്കളും, സാക്ഷാൽ പ്രജാപതിയുടെ സന്താനങ്ങളുമായി ദിവ്യകവികളെ അവർ എത്ര ഉദാരമായി പ്രോത്സാഹിപ്പിച്ചു എന്നും അതിൽ പ്രസ്തരിച്ചുകാണാം. സാഹിത്യം കേവലം വാമൊഴി മാത്രമായി പ്രചരിച്ചിരുന്ന പ്രാരംഭദശയിലെ കവിതയുടെ സ്വഭാവമാണു മേൽസൂചിപ്പിച്ചതു്. അതെല്ലാം പദ്യരൂപത്തിലായിരുന്നു എന്നു് എടുത്തു പറയേണ്ടതില്ല. പദ്യത്തിലെ താളമേളങ്ങൾ സ്മരണയ്ക്കു

സഹായകമാകുന്നതിനു പുറമേ, ശബ്ദത്തിൽ രസിയ്ക്കുന്ന സാധാരണന്മാൎക്കു ശ്രുവണസുഖപ്രദവുമാണല്ലോ. അങ്ങനെയുള്ള പദ്യനിബന്ധനം, ആദ്യകാലഭാഷയുടെ ശൈഥില്യാധിക്യത്താൽ, ആശയപ്രകാശനവിഷയത്തിൽ കവികൾക്ക് ഒട്ടുംതന്നെ സ്വാതന്ത്ര്യബാധകമായിത്തോന്നിയതുമില്ല. അങ്ങനെ, പ്രാകൃതമനുഷ്യൻ പദ്യകവിതയിൽത്തന്നെ തൻെറ സ്തോഭങ്ങളെ ആവിഷ്കരിച്ചു എന്നു ചുരുക്കം.

തൻെറ ചുററും കാണുന്ന പ്രകൃതിവിലാസങ്ങളും സമകാലീനന്മാരുടെ വിശ്വാസവിശേഷങ്ങളുമാണു് കവിയുടെ മനസ്സിനെ രൂപപ്പെടുത്തിയതു്. ശിലയും മലയും കാടും മേടും പുഴയും അജ്ഞാതശക്തികളാൽ അധ്യുഷിതങ്ങളായി തോന്നി, അവർ അവയ്ക്കു ഓരോ ദേവനാമങ്ങൾ കല്പിച്ചു്, അസംഖ്യം കെട്ടുകഥകൾ നിൎമ്മിച്ചു. യക്ഷകിന്നരഗന്ധൎവ്വന്മാർ, നാഗകന്യകമാർ, അപ്സരസ്ത്രീകൾ, വനദേവതമാർ മുതലായവരുടെ പ്രതിരൂപങ്ങൾ ലോകത്തിലെ മിക്ക സാഹിത്യങ്ങളിലും കാണാവുന്നതാണു്. പ്രശംസയ്ക്കു വിഷയീഭവിയ്ക്കുന്ന നായകനെ പ്രീതിപ്പെടുത്തുവാൻ വേണ്ടി, അദ്ദേഹത്തെ അവരിലാരുടെയെങ്കിലും വംശജനായോ അവരോട്ടു് ഏതെങ്കിലുംവിധത്തിൽ ബന്ധപ്പെട്ടവനായോ വൎണ്ണിയ്ക്കുക എന്നതു കവിതയുടെ ഒരു ചടങ്ങായിത്തീൎന്നു. ഇക്കാലത്തു കവി തന്നെയായിരുന്നു ചരിത്രകാരനും, ബ്രഹ്മജ്ഞാനിയും, നീതിജ്ഞനും, ന്യായപ്രവൎത്തകനുമെല്ലാം. കവികളിൽ അന്നു പലപ്പോഴും അമാനുഷശക്തികൾ ആരോപിയ്ക്കപ്പെട്ടിരുന്നു. അവർ തങ്ങളുടെ ഗാനവൈഭവത്താൽ, തിൎയ്യക്കുകളേയും സ്ഥാവര

പദാൎത്ഥങ്ങളെയും വശീകരിച്ചതായി വിവരിയ്ക്കുന്ന കഥകൾ മിക്ക രാജ്യക്കാരുടേയും ആദ്യചരിത്രത്തിൽ നാം കണ്ടുവരുന്നുണ്ടല്ലോ.

ഇതാണ് കവിതാചരിത്രത്തിലെ പ്രഥമഘട്ടമായ ഗാനയുഗം.

## II

അടുത്തതായ സുവൎണ്ണയുഗത്തിൽ കവിതയുടെ വിഷയം മിക്കവാറും അതീതമായ അയോയുഗത്തിൽനിന്നു ഗ്രഹിയ്ക്കപ്പെട്ടതായിരിയ്ക്കും. ഇക്കാലമാകുമ്പോഴേയ്ക്കും രാജ്യഭരണവും സമുദായഘടനയും പൂൎവ്വാധികം വ്യവസ്ഥാപിതമായിത്തീരുന്നതിനാൽ, കേവലം "കൈയൂക്കുള്ളവൻ കാൎയ്യക്കാരൻ" എന്ന പഴയ നയം ഭേദപ്പെട്ട്, ചില നിയമസംഹിതകളും മൎയ്യാദകളും നടപ്പിൽവരുന്നു. വെറും തടിമിടുക്കു മാത്രമല്ല, പാരമ്പൎയ്യവും സംഘടനയുംകൂടി ഒരുവൻെറ ഉയൎച്ചയ്ക്കു നിയാമകമായിത്തീരുന്നു എന്നൎത്ഥം. മനുഷ്യർ വാസ്തവസ്ഥിതിഗതികളിൽ പണ്ടത്തെക്കാളധികം ശ്രദ്ധാലുക്കളായതിൻെറ ഫലമായി, അവരുടെ ഇടയിൽ ദേവന്മാരുടേയും മററു സങ്കല്പമൂൎത്തികളുടേയും വിളയാട്ടത്തിന്ന് അയോയുഗത്തിലുണ്ടായിരുന്നതുപോലെ പ്രചാരം സിദ്ധിയ്ക്കാതാകുന്നു. അതോടുകൂടി, മനുഷ്യജാതി തന്നെ പണ്ടത്തെ വീരാവസ്ഥയിൽനിന്നും ദേവപ്രീതിയിൽനിന്നും അധഃപതിച്ചു എന്നൊരു ധാരണയും പരക്കെ ഉണ്ടായിത്തുടങ്ങുന്നു. ഒരൊററ പടയാളിത്തലവൻെറ കീഴിലിരുന്നിരുന്ന രാജ്യം തുണ്ടുതുണ്ടായി മുറിഞ്ഞു പല സാമ

ന്മാരുടേയും ഭരണത്തിനു വിധേയീഭവിച്ചപ്പോൾ, ഇ വക്ക് തങ്ങളുടെ പൂർവ്വികമാഹാത്മ്യത്തെ വാഴ്ത്തിക്കേൾക്കുന്നതു് അഭിമാനകരമായിത്തോന്നിയതിൽ ആശ്ചര്യമില്ലല്ലോ. എന്നു മാത്രമല്ല, ചരിത്രപരമായ തെളിവൊന്നുമില്ലാതെ, വിദൂരമായ ഭൂതകാലത്തിൽ, അജ്ഞതയിൽ മറഞ്ഞുകിടന്നിരുന്ന ആ രാജവംശസ്ഥാപകരെ എത്രയെങ്കിലും അതിശയോക്തിചേർത്തു് അമാനുഷരാക്കി വർണ്ണിച്ചാലും വിപരീതഭാഷണത്തിന്നു് ആരും ഒരുമ്പെടുകയില്ലെന്നൊരു സൌകര്യവുമുണ്ടു്. ഹിമഗിരിയുടെ മൂർദ്ധാവിൽ നിന്നു് ഊൎന്നുവീഴുന്ന ചെറിയ ഹിമഗോളംപോലെയാണു് അത്ഭുതചരിതം; അതു് കീഴ്പോട്ടിറങ്ങിവരുന്നതോടുകൂടി ക്രമേണ വലുതാകയും, അതിൽ അന്തർഹിതമായ സത്യബിന്ദു അതിശയോക്തിയുടെ വിജൃംഭണത്താൽ കേവലം അഗോചരമാകത്തക്കവണ്ണം ആവൃതമായിത്തീരുകയും ചെയ്യുന്നു. അപ്പോൾ സമകാലികരായ പ്രഭുക്കന്മാരെ അവരുടെ വംശപ്രശസ്തിമാർഗ്ഗേണ വാഴ്ത്തി, പൂർവ്വികരായ മഹാപുരുഷന്മാൎക്കൊത്ത അനന്തരഗാമികളാണു് അവരെന്നു സ്ഥാപിയ്ക്കുന്നതിലാണു് കവികൾ തങ്ങളുടെ സാമർത്ഥ്യം പ്രകടിപ്പിയ്ക്കുവാൻ നോക്കിയതു്. ഇങ്ങനെ പാരമ്പര്യോത്ഥാപിതവും സ്വരാജ്യമാഹാത്മ്യപ്രകാശകവുമായ കവനസമുച്ചയം പരിഷ്കൃതരൂപങ്ങളിൽ അഭിവൃദ്ധി പ്രാപിയ്ക്കുന്നു. ഇക്കാലത്തു സർവ്വവൈഭവത്തോടുംകൂടി വൎത്തിയ്ക്കുന്ന ഏകകലയായ കവിത പരിപൂർണ്ണതയിലേയ്ക്കു കാലെടുത്തുവെയ്ക്കുന്നു. താത്വികമായും ധാർമ്മികമായും മററുമുള്ള ഗഹനവിഷയങ്ങളും ഇക്കാലത്തു പ്രപഞ്ചചിന്തകന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിയ്ക്കുന്നു. ഇതാണു് ആദിമഹാകാവ്യകാലം.

# III

രജതയുഗം എന്ന തൃതീയദശയിൽ നാം കാണുന്നതു പരിഷ്കൃതജീവിതത്തിലെകവിതയാണു്. ഇതിൽ സ്വതന്ത്രങ്ങളെന്നും അനുകരണങ്ങളെന്നും രണ്ടു വകഭേദങ്ങളുണ്ടു്. സുവർണ്ണയുഗത്തിലെ കവിതയെ രൂപഭേദങ്ങളോടുകൂടി മോടിപിടിപ്പിച്ചു പകർത്തുന്നതാണു് അനുകരണം. ഇത്തരം കവിതയെഴുതുന്നവർ അധികം താൽപ്പര്യം പ്രദർശിപ്പിയ്ക്കുന്നതു ശബ്ദഭംഗിയിലും രചനാസൌഷ്ഠവത്തിലും ആകൃതിയുടെ ആഹാര്യശോഭയിലുമാണെന്നു പറയാം. ആശയത്തെസ്സംബന്ധിച്ചേടത്തോളം മനോധർമ്മം കുറഞ്ഞുപോകുന്നു; വികാരത്തെക്കാളധികം വിചാരത്തിനും, ഭാവനയെക്കാളധികം താർക്കികബുദ്ധിക്കും പ്രതിപാദനത്തിൽ പ്രാധാന്യം സിദ്ധിക്കുന്നു.

അയോയുഗത്തിലെ നായകന്മാരെ സുവർണ്ണയുഗത്തിലെ കവികൾ പ്രകീർത്തിച്ചു; സുവർണ്ണയുഗത്തിലെ കാവ്യങ്ങളെ രജതയുഗത്തിലെ കവികൾ രൂപാന്തരപ്പെടുത്തി മിനുക്കിത്തെളിയിച്ചു. എന്നാൽ യഥാർത്ഥ്യം വെളിപ്പെടുത്തുന്ന ചരിത്രത്തിൻെറ തീവ്രപ്രഭയിൽ സാങ്കല്പികങ്ങളും അതിശയോക്തിമയങ്ങളുമായ പഴയ കെട്ടുകഥകൾക്കു് അലിഞ്ഞുപോകാതെ ഗതിയുണ്ടോ? അതുകൊണ്ടു പണ്ടത്തെ സമ്പ്രദായങ്ങളുടെ കേവലാവർത്തനം ഇക്കാലത്തു ഹാസ്യാസ്പദമായിപ്പരിണമിക്കുന്നു. പൂർവ്വസങ്കേതങ്ങളുടെ തൊണ്ടുകളാണു് ഇക്കാലത്തു സർവ്വത്ര കാണപ്പെടുന്നതു്. അതു പ്രായേണ നീരസജനകമായിത്തോന്നാവുന്നതുമാകുന്നു. പഴയ രീതിയിലുള്ള കവിതയുടെ ഓജസ്സു ചുരുങ്ങി

പ്പോയതുകൊണ്ടു പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കുന്നതു കവിതയുടെ നിലനില്പിന്നു് അത്യാവശ്യമാണെന്നു പൊതുവേ ഒരഭിപ്രായം ഉദിച്ചുയരുകയും ചെയ്യുന്നു.

## IV

ഇതോടുകൂടി നാലാമത്തെ ദശയായ പിത്തളയുഗത്തിൻെറ പുറപ്പാടുമായി. നേരേപിറകിലുള്ള രജതയുഗത്തെ അലങ്കരിച്ചിരുന്ന വൈദഗ്ദ്ധ്യവും കൃത്രിമപ്പകിട്ടും ദുരനാശാസ്യങ്ങളെന്നുവെച്ചു തള്ളിക്കളഞ്ഞു്, പ്രഥമയുഗത്തിലെ അശിക്ഷിതപടുത്വവും സ്വാഭാവികതയും വീണ്ടെടുക്കുവാൻ പിത്തളയുഗത്തിലെ കവികൾ ഉററു ശ്രമിക്കുന്നു. അങ്ങനെ ഇതു കവിതാചരിത്രത്തിലെ ഒരു വക രണ്ടാംശൈശവമായിക്കലാശിക്കുന്നു! "പ്രകൃതിയിലേയ്ക്കു മടങ്ങുക" എന്നും മററുമുള്ള ഉദ്ഘോഷണങ്ങൾ കവിതാനഭോമണ്ഡലത്തിൽ മാറെറാലിക്കൊള്ളുന്നതു് ഇക്കാലത്താണു്. എന്നാൽ കവിതയുടെ പരിധികൾ ഇപ്പോൾ പലവഴിക്കും വിസ്തൃതങ്ങളായിത്തീരുന്നു; അഥവാ മററു പല വ്യവസായങ്ങൾ കവിതാസാമ്രാജ്യം കൈകേറുന്നു. ആദ്യകാലങ്ങളിൽ കവിതകൊണ്ടു നിർവ്വഹിയ്ക്കപ്പെട്ടിരുന്ന ആവശ്യങ്ങളിൽ നിന്നു സ്വല്പം വ്യത്യാസമുള്ളവയാണല്ലോ ഇന്നത്തെ ആവശ്യങ്ങൾ. അവ മററു പല മാർഗ്ഗങ്ങളിൽക്കൂടെ നിർവ്വഹിയ്ക്കപ്പെടുകയും ചെയ്യുന്നു. തൽഫലമായി, പഴയ തോതനുസരിച്ചു നോക്കുമ്പോൾ ഇക്കാലത്തു കവിതയ്ക്കു ആഴം കുറഞ്ഞും പരപ്പു കൂടിയും വരുന്നു എന്നു തോന്നിപ്പോകും. വിജ്ഞാനവും വിനോദവും വിതരണം ചെയ്യുന്നതിനുള്ള അനേകോപകരണങ്ങളിൽ

ഒന്നുമാത്രമാണ് കവിത എന്നു താല്പൎയ്യം. കവിതയ്ക്കു പണ്ടുണ്ടായിരുന്ന മാററു ക്രമേണ കുറഞ്ഞുപോയി. ഒടുവിൽ ആന്തരമായ മേന്മയുമില്ല, കൃത്രിമമായ പകിട്ടുമില്ല എന്നായിത്തീൎന്നു. ഇതാണ് പിത്തളയുഗത്തിലെ കവിതയുടെ സ്വഭാവം. *

---

* [കവിധൎമ്മത്തിന്റെ ഔൽകൃഷ്ട്യത്തെക്കുറിച്ചും, കവിതയ്ക്കു മനുഷ്യജീവിതത്തിലുള്ള സ്ഥാനത്തിന്റെ നിത്യമഹത്വത്തെക്കുറിച്ചും സിഡ്നി, ഷെല്ലി, കോളറിജ്, ആർനോൾഡ് മുതലായ ആംഗ്ലേയസാഹിത്യകാരന്മാർ മുക്തകണ്ഠം പ്രശംസിച്ചിരിയ്ക്കെ, അതിൽ നിന്നെല്ലാം തീരെ വിഭിന്നമായ ഒരു സ്വരം ടി. എൽ. പീക്കോക്ക് എന്ന വിമൎശകന്റെ പൌരോഭാഗ്യാങ്കിതമായ ഉപന്യാസത്തിൽ നാം കേൾക്കുന്നു! കവിതയുടെ ഉൽപത്തി, ഉദ്ദേശ്യം, ഭാവി എന്നിവയെപററി അദ്ദേഹത്തിനു വലിയ മതിപ്പൊന്നുമില്ലെന്നു മാത്രമല്ല, ഒരുവിധം അവജ്ഞകൂടി ഉണ്ടോ എന്നു സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളാണ് ഈ ലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഇത്തരത്തിലുള്ള ആശയങ്ങളെ ഉള്ളിൽ വെച്ചുകൊണ്ടിരിയ്ക്കുന്നവർ ഏറെക്കുറെ ഏതു രാജ്യത്തും ഇന്നും, എന്നും ഉണ്ടായിരിയ്ക്കാവുന്നതാകയാൽ ഈ ലേഖനം നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിയ്ക്കേണ്ടതാകുന്നു. ഏതേതു ഭാവങ്ങളിലാണ് അവൎക്കു പ്രമാദം പററിപ്പോകുന്നതെന്നു വിശദമായി നാം അറിഞ്ഞിരിയ്ക്കേണ്ടതുമാകുന്നു. പ്രകൃതിയുടെ സ്തോഭജനകങ്ങളായ ഭാഗഭേദങ്ങളെ അഭിമുഖീകരിച്ചു പ്രാകൃതമനുഷ്യനിൽ സ്വയം തിരതള്ളി ഉയൎന്നുവന്ന വികാരങ്ങൾ കവിതാരൂപത്തിൽ സ്വാഭാവികമായി ബഹിൎഗ്ഗളിച്ചതാണ് പ്രഥമകവിത എന്ന ആ സിദ്ധാന്തമെവിടെ? കേവലം പ്രതിഫലേച്ഛയോടുകൂടി സ്വാൎത്ഥപ്രേരിതരായ മദിരാമത്തന്മാർ തങ്ങളുടെ പോഷകന്മാരെ പുകഴ്ത്തിപ്പാടിയതാണ് ആദ്യകവിത എന്ന ഈ അഭിപ്രായമെവിടെ? കവിതയ്ക്കു ഭാവി ഇല്ലാതാകണമെങ്കിൽ മനുഷ്യർ ആകപ്പാടെ വികാരരഹിതരായിപ്പരിണമിയ്ക്കുകതന്നെ വേണ്ടേ? അങ്ങനെ ഒരു നില ലോകത്തിൽ എന്നെങ്കിലും വരുമെന്നു വിചാരിയ്ക്കുവാൻ എന്തു ന്യായമാണുള്ളതു്? ഈവക പ്രശ്നങ്ങളിലേയ്ക്കു ചിന്തയെ വീണ്ടും തിരിച്ചുവിടുവാൻ പ്രസ്തുതലേഖനം ഒരുപക്ഷേ പ്രയോജനപ്പെട്ടേയ്ക്കാം. കവിതയ്ക്കു മനുഷ്യജീവിതവുമായുള്ള ബന്ധത്തെപ്പററി ഈദൃശ പൂൎവ്വപക്ഷസമാധാനങ്ങൾ ഇടയ്ക്കു് ആവശ്യംതന്നെയാണ്.]

# 9. പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസാദർശങ്ങൾ

"ജീവിതം" എന്ന പദത്തിൽ ഐഹികവും പാരത്രികവും ഉൾപ്പെട്ടുമെങ്കിൽ, "ജീവിതത്തിനു തയാറാവുകയാണു് വിദ്യാഭ്യാസം" എന്ന നിർവ്വചനത്തെ പ്രാചീനഭാരതീയ വിദ്യാഭ്യാസപ്രവത്തകന്മാർ നിസ്സംശയം സ്വീകരിയ്ക്കുമായിരുന്നു. ഐഹികജീവിതത്തിലെ കത്തവ്യങ്ങളെ നിർവ്വഹിയ്ക്കുന്നതിനുവേണ്ടുന്ന പഠിപ്പും പരിശീലനവും സമ്പാദിയ്ക്കുന്നതോടുകൂടിത്തന്നെ പാരത്രിക സദ്ഗതിയ്ക്കാവശ്യമായ വൈദിക പഠനാചരണങ്ങളിൽ മനസ്സിരുത്തുന്നതും വിദ്യാത്ഥികളുടെ മുഖ്യ ധമ്മമായിട്ടാണു് അവർ കണക്കാക്കിയിരുന്നതു്. എന്നാൽ ഐഹികപാരത്രികാദശ്ങ്ങളെ കൂട്ടിയിണക്കുന്നതിൽ വന്നുകൂടുന്ന പാകപ്പിഴ കൊണ്ടു വിദ്യാഭ്യാസത്തിനു്, യൂറോപ്പിലെന്നപോലെ ഇന്ത്യയിലും, ഇടക്കാലത്തുവെച്ചു കുറെ കോട്ടം തട്ടുകയുണ്ടായിട്ടുണ്ടു്. ഇഹലോകജീവിതം ക്ഷണികമായ ഒരു മായാമോഹം മാത്രമാണെന്നും, ശാശ്വതവും യഥാത്ഥവുമായിട്ടുള്ളതു പരലോകജീവിതമാണെന്നും ധരിച്ചു്, മദ്ധ്യകാലങ്ങളിലെ പാശ്ചാത്യർ ചെയ്തതുപോലെ, പണ്ടൊരുകാലത്തു ഭാരതീയരും അസാരമായ സംസാരത്തിൽനിന്നു് ആവുന്നേടത്തോളം വേഗത്തിൽ മോക്ഷം നേടുവാൻ ഉററു ശ്രമിയ്ക്കുകയുണ്ടായി. ആശ്രമചതുഷ്ടയവ്യവസ്ഥ ഭരതിനൊരു തടവായിട്ടാണു് നിർദ്ദേശിയ്ക്കപ്പെട്ടിരുന്നതെങ്കിലും;

അനേകം ബ്രഹ്മചാരികൾ ഗാർഹസ്ഥ്യത്തേയും വാനപ്രസ്ഥത്തേയും കവച്ചുവെച്ചു സന്ന്യാസത്തിലേയ്ക്കു നേരിട്ടു് എടുത്തുചാടിക്കൊണ്ടിരുന്നു. പോരെങ്കിൽ ബുദ്ധ ജൈന മതങ്ങളിൽ സന്ന്യാസത്തിനു കല്പിച്ചിരുന്ന പ്രാധാന്യാധിക്യം അവരുടെ സംഖ്യയെവർദ്ധിപ്പിയ്ക്കുവാൻ സഹായിച്ചു. തൽഫലമായി, ഉപനിഷത്തുകളുടെ ശുക്രദശാകാലത്തു ജീവിതത്തെക്കുറിച്ചു ജനങ്ങൾക്കുണ്ടായിരുന്ന ഉന്മേഷവും പ്രസന്നതയും ക്രമേണ വാടിക്കരിഞ്ഞുപോയി.

ഇതിനെല്ലാം അടിസ്ഥാനമായി നിന്നിരുന്നതു കർമ്മത്തേയും പുനർജ്ജന്മത്തേയും സംബന്ധിച്ചു ജനസമുദായത്തിൽ വേരുറച്ചുകഴിഞ്ഞിരുന്ന സിദ്ധാന്തങ്ങളായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കർമ്മങ്ങൾ ചെയ്തുകൊണ്ടിരിയ്ക്കുന്നേടത്തോളം കാലം, അവയുടെ അനിവാര്യഫലങ്ങളെ അനുഭവിയ്ക്കുന്നതിനായി പല രൂപങ്ങളിൽ ജന്മമെടുക്കേണ്ടിവരുന്നതാകയാൽ കർമ്മജന്മബന്ധത്തിൽനിന്നു മോചനം കിട്ടുവാൻ, പ്രവൃത്തിമാർഗ്ഗം വിട്ടു നിവൃത്തിമാർഗ്ഗം തന്നെ തേടേണമെന്നു് അഭ്യസ്തവിദ്യന്മാർ തീരുമാനിച്ചു. "ഭഗവദ്ഗീത"യിലെ കർമ്മയോഗസിദ്ധാന്തങ്ങൾ അവരുടെ കണ്ണുകളെ ജീവിതത്തിന്റെ മറുവശത്തേയ്ക്കു തുറപ്പിയ്ക്കുവാൻ ഉദ്ദേശിയ്ക്കപ്പെട്ടവയായിരുന്നിരിയ്ക്കണം; നിഷ്കാമമായി കർമ്മം ചെയ്യുന്നതും മോക്ഷപ്രാപ്തിയ്ക്കു് ഒരു മാർഗ്ഗമാണെന്നുള്ള ഭഗവദ്വചനം, ഐഹികകാര്യങ്ങളെ പാടേ അവഗണിക്കുവാൻ അശക്തരായവർക്കു് ഏറക്കുറേ സമാധാനപ്രദവുമായിരുന്നിരിയ്ക്കണം. എന്നിട്ടും, വൈദികബൗദ്ധ ജൈനമതാനുയായികളായ അസംഖ്യം പ്രതിഭാ

ശാലികൾ, വിദ്യാഭ്യാസത്തെ കേവലം പരലോകജീവിതത്തിലേയ്ക്കുള്ള സാധനസമ്പാദനപദ്ധതി മാത്രമായി കണക്കാക്കിയിരുന്നു.

ഇതുകൂടാതെ, ചാതുർവ്വർണ്ണ്യമുറയ്ക്കുള്ള സമുദായവിഭജനം മൂലമായും പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസാദർശത്തിനു സങ്കോചം സംഭവിക്കുകയുണ്ടായിട്ടുണ്ടു്. സമുദായഘടനയുടെ ദാർഢ്യത്തിനു ചാതുർവ്വർണ്ണ്യം പ്രയോജനപ്പെട്ടിട്ടുണ്ടെങ്കിലും, ഒരുവൻ ജന്മാന്തരകർമ്മഫലമനുസരിച്ചു് ഏതു ജാതിയിൽ പിറക്കുന്നുവോ, ആ ജാതിയിൽത്തന്നെ ആജീവനാന്തം ഇരുന്നുകൊണ്ടു്, അതിനു വിധിച്ചിട്ടുള്ള തൊഴിലിൽമാത്രം ഏർപ്പെട്ടുകൊള്ളേണമെന്നു നിർബന്ധമുണ്ടായിരുന്നതിനാൽ, വ്യക്തികളുടെ നൈസർഗ്ഗികശക്തികൾക്കു പൂർണ്ണമായി വളരുവാനും വികസിക്കുവാനും സൗകര്യമോ സ്വാതന്ത്ര്യമോ സിദ്ധിച്ചില്ല. അവരുടെ വിദ്യാഭ്യാസമെന്നതു പ്രായേണ അതതുജാതിക്കു വിധിച്ചിട്ടുള്ള പ്രത്യേക തൊഴിലിനുവേണ്ടുന്ന പരിപ്പും പരിചയവും സമ്പാദിയ്ക്കുകമാത്രമായി കലാശിക്കുകയും ചെയ്തു. എന്നുവെച്ചു് ആദ്ധ്യാത്മികമായ യാതൊരു ചിന്തയും അവർക്കുണ്ടായിരുന്നില്ലെന്നു വരുന്നില്ല. ഇന്ത്യയിലെ ജനസാമാന്യംഎപ്പോഴുംകാലത്തും സ്വഭാവേന പാരത്രിക ചിന്തയ്ക്കധീനമായിട്ടുതന്നേയാണു് വർത്തിച്ചിട്ടുള്ളതു്. എന്നാൽ ഉൽകൃഷ്ടമായ മതവിദ്യാഭ്യാസം വേദാധികാരമുള്ള ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർക്കുമാത്രം വിധിച്ചിട്ടുള്ളതാകയാൽ പക്ഷം വരുന്ന ശൂദ്രാദികൾ മതത്തിന്റെ സ്ഥാനത്തു മതാഭാസങ്ങളായ അന്ധവിശ്വാസങ്ങളെ പുലർത്തിക്കൊണ്ടു സംതൃപ്തി നേടുവാൻ നിർബ്ബദ്ധരായിത്തീർന്നു.

ഇന്ത്യയിലെ പഴയ വിദ്യാഭ്യാസസമ്പ്രദായത്തിൽ കാണുന്ന മറെറാരു ന്യൂനത അതു പ്രാചീനപാരമ്പര്യപ്രാമാണ്യത്തിന്നു കുറേ അധികം അടിമപ്പെട്ടുപോയി എന്നുള്ളതാണു്. അതിന്റെ ദൃഷ്ടി എപ്പോഴും പിന്നോക്കമായിരുന്നു, മുന്നോട്ടല്ലാ എന്നു താൽപ്പര്യം. വേദങ്ങളുടെ അപ്രമാദിതചം, വൈദികരുടെ പരമാധികാരം എന്നിവയെക്കുറിച്ചു ചോദ്യം ചെയ്യുവാൻ ആരും ധൈര്യപ്പെട്ടില്ല. വിദ്യാഭ്യാസമെന്നതു പരമ്പരാഗതമായ പഴയ അറിവിനെ അദ്ധ്യാപകൻ, തനിയ്ക്കു സിദ്ധിച്ചവിധത്തിൽത്തന്നേ മാമൂൽ തെറെറിയ്ക്കാതെ, അദ്ധ്യേതാക്കൾക്കു പകൎന്നുകൊടുക്കുക മാത്രമായിരുന്നതിനാൽ, മനോധൎമ്മത്തിന്നും സചതന്ത്രപ്രതിഭാവിലാസത്തിന്നും അതിൽ അവകാശം കുറവായിരുന്നു. ഇങ്ങനേ അനേകശതവൎഷകാലം യാതൊരു മാററവും കൂടാതെ ഒരേരീതിതന്നെ പ്രാചീനവിദ്യാഭ്യാസത്തിൽ നിലനിന്നുപോരികയും ചെയ്തു.

മേൽ സൂചിപ്പിച്ചതരത്തിലുള്ള ന്യൂനതകളെല്ലാം യൂറോപ്പിൽ പതിനഞ്ചാം ശതവൎഷത്തിന്റെ ഉത്തരാൎദ്ധം വരെ പ്രചരിച്ചിരുന്ന വിദ്യാഭ്യാസരീതികളിലും കാണാവുന്നതാണു്. എന്നാൽ അവിടെ അക്കാലമായപ്പോഴേയ്ക്കു് ഒരു പരിവൎത്തനം ഉണ്ടാവുകയും, തന്മൂലം ഒരു നൂതനചൈതന്യം സർവ്വത്ര പ്രസരിച്ചു തുടങ്ങുകയും ചെയ്തു. ഏകദേശം അതുപോലെതന്നേ ഇന്ത്യയിലും അടുത്തകാലത്തു പാശ്ചാത്യസംസ്കാരസമ്പൎക്കംകൊണ്ടു ഒരുണൎച്ചയുണ്ടായിട്ടുണ്ടു്. എന്നുവെച്ചു നമ്മുടെ പണ്ടത്തേ വിദ്യാഭ്യാസസമ്പ്രദായം പാടേ ഉന്മൂലനം ചെയ്തു തൽസ്ഥാനത്തു

നൂതനമായ പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായം പ്രതിഷ്ഠിയ്ക്കേണ്ടതാണെന്നത്ഥമാകുന്നില്ല. നേരേമറിച്ചു്, നമ്മുടെ രാജ്യത്തു പണ്ടേയ്ക്കുപണ്ടേ നടപ്പിലിരുന്നിരുന്നതും അനേകശതവഷകാലം യാതൊരു വാട്ടവുംകോട്ടവും തട്ടാതെ അഭിവൃദ്ധി പ്രാപിച്ചുവന്നതും, ശാശ്വതയശസ്വികളായ അസംഖ്യം ചിന്തകന്മാരേയും ശാസ്ത്രജ്ഞന്മാരേയും കലാകാരന്മാരേയും ലോകത്തിനു നല്കീട്ടുള്ളതുമായ ആ വിശിഷ്ട വിദ്യാഭ്യാസസമ്പ്രദായത്തിൽ നിന്നു് അത്യുൽകൃഷ്ടങ്ങളായ ആശയങ്ങളേയും ആദശങ്ങളേയും പുനരുജ്ജീവിപ്പിച്ചെടുത്തു്, പാശ്ചാത്യാദശങ്ങളോടു യഥോചിതം കൂട്ടിയിണക്കി നൂതനരൂപത്തിൽ പ്രചരിപ്പിയ്ക്കുവാനാണു് ഉത്തരവാദിത്വമുള്ളവർ ഉത്സാഹിയ്ക്കേണ്ടതു്.

ഉദാഹരണമായി, നമ്മുടെ പ്രാചീന "ഗുരുകുല" പ്രസ്ഥാനത്തിലെ ചില ഭാഗങ്ങൾ ഇന്നും ലോകത്തിനു മാതൃകകളായി പ്രശോഭിയ്ക്കുന്നുണ്ടു്. ഗുരുശിഷ്യബന്ധം ഏതുപ്രകാരമിരിയ്ക്കേണമെന്നുള്ളതിന്നു് ഇന്നും മാഗ്ഗദശി "ഗുരുകുല" വിദ്യാഭ്യാസസമ്പ്രദായം തന്നെയാണു്. ആ സമ്പ്രദായപ്രകാരം ശിഷ്യൻ വിദ്യ അഭ്യസിച്ചിരുന്നതു് ഗുരുവിൻെറകൂടെ അദ്ദേഹത്തിൻെറ ഒരു ഗൃഹാംഗമെന്ന പോലെ താമസിച്ചും, അദ്ദേഹത്തെ ശുശ്രൂഷിച്ചും കൊണ്ടായിരുന്നു. പഠിപ്പിയ്ക്കുന്നതിനു വേതനം (ഫീസ്സ്) കൊടുക്കുക എന്ന ഏപ്പാടു് അന്നുണ്ടായിരുന്നില്ല. പഠിപ്പിയ്ക്കുന്നതു കേവലം സ്വധമ്മം മാത്രമായിട്ടാണു് അദ്ധ്യാപകൻ കരുതിയിരുന്നതു്. ശിഷ്യനാകട്ടെ ഗുരുവിനെ പ്രത്യക്ഷദൈവമെന്നപോലെ ആരാധിയ്ക്കുകയോ, പിതൃ

നിർവ്വിശേഷം വിശ്വാസാദരങ്ങളോടുകൂടി സ്നേഹിയ്ക്കുകയോ ചെയ്തുപോന്നു. ഗുരുവിൻെറ ഗൃഹകൃത്യങ്ങളിൽ സഹായിയ്ക്കുക എന്നതും ശിഷ്യൻ തൻെറ കത്തവ്യമായി കണക്കാക്കിയിരുന്നു. ഒരു ഗുരുവിനു് ഒരു ശിഷ്യൻവീതം എന്നതത്രേ ഉത്തമാദശം. പക്ഷേ വാസ്തവത്തിൽ ഓരോ ഗുരുവിനും ഒന്നിലധികം ശിഷ്യന്മാരെ പ്രായേണ സ്വീകരിയ്ക്കേണ്ടിവന്നു. എന്നിരുന്നാലും ഗുരുവിനു വ്യക്തികളിൽ പൂർണ്ണശ്രദ്ധ പതിപ്പിയ്ക്കുവാൻ സൗകര്യപ്പെടത്തക്കവണ്ണം അത്ര പരിമിതമായിരുന്നു അവരുടെ സംഖ്യ. ഇങ്ങനെ അവരവരുടെ ചെറിയ ശിഷ്യമണ്ഡലങ്ങളോടുകൂടിയ പല അദ്ധ്യാപകന്മാർ ചേന്നതായിരുന്നു പ്രാചീന ഭാരതത്തിലെ സർവ്വകലാശാലകൾ. അപ്പോൾ ശിഷ്യഗണങ്ങളുടെ മമതയ്ക്കു പാത്രീഭവിച്ചിരുന്നതു് യൂറോപ്പിലെപ്പോലെ പൊതുസ്ഥാപനങ്ങളല്ലാ, അദ്ധ്യാപകവ്യക്തികളായിരുന്നു എന്നതിൽ ആശ്ചര്യമില്ലല്ലോ. ഇന്നത്തെപ്പോലെ അനേകം വിദ്യാത്ഥികളടങ്ങിയ വമ്പിച്ച കക്ഷ്യകളെ ഒരൊററ അദ്ധ്യാപകൻ പഠിപ്പിയ്ക്കുക എന്നതു ഭാരതീയാദശത്തിനു തീരെ വിരുദ്ധമായിട്ടുള്ളതാണു്. വിദ്യാത്ഥികളെസ്സംബന്ധിച്ചേടത്തോളം അദ്ധ്യാപകന്മാക്കുള്ള ചുമതല ഇന്ത്യയിൽ മററെല്ലാരാജ്യങ്ങളിലേക്കാളും ഗൌരവമേറിയതായിരുന്നു എന്നുള്ളതും മേല്പറഞ്ഞ സംഗതികളിൽ നിന്നു വിശദമാകുന്നുണ്ടല്ലോ.

അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തമ്മിലുള്ള ആഗാർഹികബന്ധത്തിൻെറ ഒരനുബന്ധമോ എന്നു തോന്നുമാറു്, മേലെക്കക്ഷ്യകളിലെ വിദ്യാത്ഥികൾ താഴെക്കക്ഷ്യ

കളിലേ വിദ്യാൎത്ഥികളെ സഹോദരനിർവ്വിശേഷമായ വാത്സല്യത്തോടുക്രൂടി പഠിപ്പിയ്ക്കുകയും, അങ്ങനെ അദ്ധ്യാപനവിഷയത്തിൽ ഗുരുനാഥന്മാരുടെ വലംകൈകളായി വൎത്തിയ്ക്കുകയും ചെയ്തിരുന്ന ഒരേൎപ്പാടു പഴയ ഗുരുകുലവിദ്യാലയങ്ങളിൽ നടപ്പുണ്ടായിരുന്നു. പാശ്ചാത്യവിദ്യാലയങ്ങളിൽ അതിൻെറ ഒരു വികൃതരൂപം ഇന്നും കാണാം. പക്ഷേ പാശ്ചാത്യസമ്പ്രദായത്തിലെ ദുഷ്ടാംശങ്ങളൊന്നും തന്നേ ഭാരതീയസമ്പ്രദായത്തിലുണ്ടായിരുന്നില്ലെന്നതു് അതിൻെറ ഒരു പ്രത്യേകതയാണു്. നമ്മുടെ പണ്ടത്തെ ഗുരുകുലങ്ങളിൽ, അദ്ധ്യേതാക്കളും "അദ്ധ്യാപകവിദ്യാൎത്ഥികളും" തമ്മിൽ കേവലം സ്നേഹാദരങ്ങളാൽ ദൃഢബദ്ധരായിരുന്നു. അധികാരാഭിനയത്തിനും ഭീഷണിയ്ക്കും മററും അവിടെ അവകാശമുണ്ടായിരുന്നില്ല.

ജാതിഭേദത്തെ ആസ്പദമാക്കിക്കൊണ്ടുള്ള ഭാരതീയ വിദ്യാഭ്യാസപരിപാടികൊണ്ടു് ഏതാനും ചില ദോഷങ്ങളുണ്ടായിട്ടുണ്ടെങ്കിലും ചിലഗുണങ്ങളുണ്ടായിട്ടുണ്ടെന്ന വാസ്തവം സ്മരണീയമാകുന്നു. ഓരോരുത്തക്കും അവരവരുടെ ജാതിയ്ക്കനുസരിച്ചുള്ള തൊഴിൽ നടത്തിക്കൊണ്ടുപോകുവാൻ വേണ്ടുന്ന വിദ്യാഭ്യാസം സിദ്ധിച്ചതുകൊണ്ടു് ഇന്നു നാം മുറവിളിക്രൂട്ടിക്കൊണ്ടിരിയ്ക്കുന്ന "തൊഴിൽപ്പരിശീലനം", "സാങ്കേതികവിദ്യാഭ്യാസം" മുതലായതൊക്കെ അന്നു സുരക്ഷിതമായിത്തന്നെ പരിലസിച്ചു. തൊഴിലറിയാഞ്ഞിട്ടു വ്യക്തികരം വിഷമിയ്ക്കുകയൊ, വിദഗ്ദ്ധന്മാരുടെ കുറവുകൊണ്ടു തൊഴിലുകരം ക്ഷയിയ്ക്കുകയോ അന്നുണ്ടായില്ല. ആ ഭാഗവും ഇന്നത്തേ വിദ്യാഭ്യാസപരിഷ്കൎത്താക്കളുടെ ശ്രദ്ധയ്ക്കു വിഷയീഭവിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ഇതിനുംപുറമേ ധാർമ്മികവും ആത്മീയവുമായ അസ്തിവാരത്തിന്മേൽ ഉറപ്പിൽ പടുത്തുകെട്ടിട്ടുള്ളതായിരുന്നു പ്രാചീനഭാരതീയവിദ്യാഭ്യാസസൗധം എന്ന അതിപ്രധാനമായ സംഗതി നാം ഒരിയ്ക്കലും വിസ്മരിച്ചുപോകരുതു്. അങ്ങനെയുള്ള അസ്തിവാരത്തിന്മേൽ ഉറപ്പിയ്ക്കാത്ത ഏതു വിദ്യാഭ്യാസരീതിയും അപൂർണ്ണമായിരിയ്ക്കുവാനേ തരമുള്ളു. പഴയ ഭാരതീയ വിദ്യാഭ്യാസത്തിൽ പാരത്രിക ജീവിതത്തിനു വേണ്ടതിലധികം പ്രാധാന്യം കല്പിച്ചിരുന്നു എങ്കിൽ, പുതിയ പാശ്ചാത്യവിദ്യാഭ്യാസത്തിൽ ഐഹികഭോഗങ്ങൾക്കല്ലാതെ മറെറാരാദർശത്തിനും ഇടകൊടുത്തിട്ടില്ലെന്നും ഒരാക്ഷേപത്തിന്നവകാശമുണ്ടു്.

ഉൽകൃഷ്ടവികാരവിചാരങ്ങളെ ഉന്മേഷലിയ്ക്കുന്ന പരിതഃസ്ഥിതികളിലാണു് പണ്ടത്തെ ഭാരതീയവിദ്യാലയങ്ങൾ മിക്കവാറും സ്ഥിതിചെയ്തിരുന്നതെന്നതും അവരുടെ ഒരുപ്രത്യേകത തന്നേയായിരുന്നു. അരണ്യപ്രദേശങ്ങളോടുത്തുസമുല്ലസിച്ചിരുന്ന വിദ്യാമന്ദിരങ്ങളിൽ, നാഗരികജീവതത്തിൻെറ കൃത്രിമങ്ങളായ ദൂഷ്യാംശങ്ങൾ ബാധിയ്ക്കാതെ പ്രകൃതിമാതാവിൻെറ ഉത്സംഗത്തിൽ കളിയാടിക്കൊണ്ടു പരിശുദ്ധജീവിതം നയിച്ചിരുന്ന ഗുരുകുലവിദ്യാർത്ഥികൾക്കു മനോവികാസം ഇന്നത്തേക്കാൾക്കൂടുതൽ സിദ്ധിയ്ക്കുവാൻ ഇടയായതു കേവലം സ്വാഭാവികമാണല്ലോ. ഭാരതീയസാഹിത്യത്തിൽ പ്രകൃതിയുടെ വിലാസങ്ങൾക്ക—വിശിഷ്യ അരണ്യലക്ഷ്മീലീലാഭേദങ്ങൾക്കു്—ഇത്രയധികം പ്രാധാന്യം സിദ്ധിയ്ക്കുന്നതിന്നു മേല്പറഞ്ഞ തരത്തിലുള്ള വിദ്യാലയങ്ങളിലെ വിദ്യാഭ്യാസം നിദാനമായിട്ടുണ്ടെന്നും

സ്പഷ്ടമാകുന്നു. ആശ്രമപ്രദേശങ്ങളുടെ മനോഹാരിതയെയും ആശ്രമവാസികളുടെ പ്രകൃതിസുഭഗമായ ജീവിതത്തിന്റെ സരളതയെയും വൎണ്ണിയ്ക്കുന്നതിൽ പ്രാചീനഭാരതീയ കവികൾക്കുള്ള പ്രതിപത്തിയും ചാതുൎയ്യവും വേറെതന്നെയാണു്. വൃക്ഷലതാദികളും പക്ഷിമൃഗാദികളും ഉൾപ്പെടുന്ന "പ്രകൃതി"യ്ക്കും മനുഷ്യസമുദായത്തോടൊപ്പം പ്രപഞ്ചത്തിൽ ഒരു സ്ഥാനമുണ്ടെന്നു ഗ്രഹിയ്ക്കേണ്ടതു് ഇന്നത്തെ അവസ്ഥയ്ക്കു് അത്യാവശ്യമാകുന്നു. അതിനുവേണ്ടുന്ന ആദൎശവും പ്രാചീനഭാരതീയ വിദ്യാഭ്യാസസമ്പ്രദായത്തിൽനിന്നു നാം ഇക്കാലത്തു വീണ്ടെടുത്താൽ നന്നായിരിയ്ക്കും.

മനുഷ്യസമുദായബഹളം നിമിത്തം സദാമുഖരമായിക്കൊണ്ടിരിയ്ക്കുന്ന പട്ടണങ്ങളിൽനിന്നു ദൂരേ അകന്നു്, തിൎയ്യക്കുകളുടേയും വൃക്ഷലതാതികളുടേയും സ്വഭാവവിശേഷങ്ങളെ നേരിട്ടു കണ്ടറിയുവാൻ ധാരാളം സൌകൎയ്യവും, വേണ്ടുന്ന പ്രേരണകളും ചുററുപാടുകളിൽനിന്നു ലഭിച്ചു്, വികസിതഹൃദയരായി പ്രശോഭിച്ചിരുന്ന പണ്ടത്തേ വിദ്യാൎത്ഥികൾക്കു പ്രപഞ്ചത്തിൽ മനുഷ്യനുള്ള ശരിയായ സ്ഥാനത്തേക്കുറിച്ചു പൂൎണ്ണബോധമുണ്ടായതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. അതിന്റെ ഒരു ഫലമായിട്ടാണു്, "ശാകുന്തളാ"ദി സംസ്കൃത ഗ്രന്ഥങ്ങളിൽ വിവരിച്ചുകാണുന്നപോലെ, മനുഷ്യൎക്കു തിൎയ്യക്കുകളുടേയും സസ്യങ്ങളുടേയും പേരിൽ മൈത്രീബന്ധം സുസ്ഥാപിതമായതു്. പ്രിയംവദ, അനസൂയ എന്നിവരോടൊപ്പം ശകുന്തളയുടെ ഹൃദയത്തെ ആവൎജ്ജിയ്ക്കുന്നവയാണു് വനജ്യോത്സ്നിയും മാൻപേടയും. ഇപ്രകാരം മനുഷ്യനു മൃഗവൎഗ്ഗത്തോടുമുള്ള ഇണക്കം

പ്രാചീനഭാരതത്തിലുണ്ടായിരുന്നതുപോലെ മറെറങ്ങും ഉണ്ടായതായി കണ്ടിട്ടില്ല. നമ്മുടെ സന്മാർഗ്ഗസംഹിതയ്ക്കുള്ള ആണിക്കല്ലെന്നു പറയാവുന്ന അഹിംസാതത്വത്തിൻെറ പരിധിയിൽ വള്ളികളും മരങ്ങളും മൃഗങ്ങളുമെല്ലാം ഉൾപ്പെട്ടിരിയ്ക്കുന്നു. അതിൻെറ ചില അംശങ്ങൾ, മററു രാജ്യക്കാരുടെ ദൃഷ്ടിയിൽ, ഹാസ്യാസ്പദങ്ങളായിരിയ്ക്കാം എന്നാൽ സ്വാത്ഥ്യവും ക്രൂരതയും നഗ്നമായി നടമാടുന്ന ഇന്നത്തെ ലോകവിഭാഗങ്ങളിലേയ്ക്കു വൃദ്ധയായ പ്രാചീനഭാരതാംബയുടെ വകയായി എത്തിച്ചുകൊടുക്കേണ്ടുന്ന അതിപ്രധാനമായ ഒരു അടിയന്തര സന്ദേശമാണ് നമ്മുടെ അഹിംസാതത്വത്തിൽ അന്തർഭവിച്ചു കിടക്കുന്നത്. അതിൻെറ "അധീതിബോധാചരണപ്രചാരണങ്ങ"ൾക്ക് അനുക്രൂലമായി വർത്തിച്ചിരുന്ന വിദ്യാഭ്യാസാദർശങ്ങളെ പ്രാചീനഭാരത ചരിത്രത്തിൽനിന്നും സമുദ്ധരിച്ചു പ്രവൃത്തിപഥത്തിൽ നയിയ്ക്കേണ്ടതും ഇന്നത്തേ കാലസ്ഥിതിക്ക് അത്യാവശ്യമാകുന്നു.

M PUBLIC LIBRARY

No. 2

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. Mo7 Acc. No. 2588

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M07 2588

SAN-M

ശങ്കരൻ നമ്പ്യാർ

ഉകരസദണ്ഗരി

KOTTAYAM PUBLIC LIBRARY

Call No M07 Acc. No 2588

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org